# ജീവമൊഴികൾ

മൗലികസത്യങ്ങൾ. മൂല്യമുള്ള ജീവിതത്തിന്

വാല്യം 7 – ലക്കം 9 സെപ്റ്റംബർ 2009 Rs. 7.00



## പാറസ്ഥലത്തു വീണ വിത്ത്
വാച്ച്മാൻ നീ

## ക്രിസ്തുവിന്റെ കഷ്ടങ്ങൾ
സാക് പുന്നൻ

## കുരിശും കഠാരയും
ഡേവിഡ് വിൽക്കേഴ്സൺ

## മാതാപിതാക്കളും മക്കളും
ജോസ് മാത്യു

# ജീവമൊഴികൾ

സഹോ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ 6: 68)

വാല്യം 7 സെപ്റ്റംബർ 2009 ലക്കം 9

## എഡിറ്റോറിയൽ ബോർഡ്

**ജോജി ടി. സാമുവൽ** (കോട്ടയം)
**ജോസ് മാത്യു** (തിരുവനന്തപുരം)
**മാത്യു ജോർജ്** (തിരുവല്ല)
**ബോബി ചെറിയാൻ** (റാന്നി)
**സാജു ജോസഫ്** (ആലപ്പുഴ)

**മാനേജർ**

**ജേക്കബ് മാത്യു** (കായംകുളം)
ഫോൺ: 0479-2472643 (Res.)

'മാസിക കിട്ടിയില്ല' തുടങ്ങിയ സർക്കുലേഷൻ സംബന്ധമായ പരാതികൾക്കു താഴെ ചേർക്കുന്ന നമ്പറുകളിൽ ഏതുസമയത്തും ബന്ധപ്പെടാവുന്നതാണ്.
9495234087/9249516234

## വാർഷികവരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :

**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള-686 016, ഫോൺ: 0481-2392753,
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

മൂന്നുവർഷം വരെയുള്ള വരിസംഖ്യ ഒന്നിച്ചടയ്ക്കാവുന്നതാണ്.

## വിദേശപ്രതിനിധികൾ

**U.S.A**
**Binoy James**
Ph. 512990-2808(R)
512826-5028(O)
Email: benoyjames@hotmail.com

**DUBAI**
**Shabu Kuruvilla**
Ph. 050-7970839
E-mail: skuruvi@gmail.com

## മൊഴി മുത്ത്



### സ്വയജീവൻ

നമ്മുടെ മുഴു സ്വഭാവത്തെയും [നമ്മുടെ എല്ലാ ആഗ്രഹങ്ങളെയും മുൻകരുതലുകളെയും] ക്രിസ്തുവിനായി നൽകുകയാണ് ഏറ്റവും പ്രയാസമുള്ള കാര്യം. പകരം നാം ചെയ്യുന്നത് ഇതാണ്: നാം നാമായിത്തന്നെ ഇരിക്കുന്നു. അങ്ങനെ ഇരുന്നുകൊണ്ട് നല്ലവരാകാൻ കഴിയുന്നതു ചെയ്യുന്നു. നമ്മുടെ ഹൃദയവും മനസ്സും അതിന്റേതായ വഴിക്ക് –പണം, സുഖം, അഭിലാഷം എന്നിവയുടെ ചുറ്റും– വിട്ടശേഷം സത്യസന്ധമായും എളിമയായും കരുണയായും പ്രവർത്തിച്ചാൽ മതി എന്നു നാം കരുതുന്നു. എന്നാൽ ഇതു തന്നെയാണ് നമുക്കു കഴിയുകയില്ലെന്നു ക്രിസ്തു മുന്നറിയിപ്പു നൽകിയത്. ഞാൻ പുൽവിത്തുകൾ നിറഞ്ഞ വയലാണെങ്കിൽ എനിക്കെങ്ങനെ ഗോതമ്പു വിളയിക്കാൻ കഴിയും? വെട്ടിയാൽ പുല്ലിന്റെ നീളം കുറക്കാൻ കഴിയും. പക്ഷെ എനിക്കപ്പോഴും ഗോതമ്പല്ല പുല്ലുമാത്രമേ വിളയിക്കാൻ കഴിയൂ. എനിക്കു ഗോതമ്പ് ഉൽപാദിപ്പിക്കാൻ ആഗ്രഹമുണ്ടെങ്കിൽ മാറ്റം ഉപരിതലത്തിനും അടിത്തട്ടിലേക്കു വരേണ്ടതുണ്ട്. എന്നെ ഉഴുതുമറിച്ച് പുതിയ വിത്തുകൾ വിതയ്ക്കേണ്ടതുണ്ട്.

–സി എസ് ലൂയിസ്

**എഡിറ്റോറിയൽ**

# ആരാധന – പഴയതും പുതിയതും



'**മ**നസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.' ഒരു ചെറിയ വചനം. പക്ഷേ എന്തൊരു ശക്തിയാണതിന്!

രൂപാന്തരത്തിൽ എപ്പോഴും അത്ഭുതത്തിന്റെ ഒരു ഘടകം ഉണ്ട്. ഒരു പുഴു പ്യൂപ്പയുടെ ധ്യാനാവസ്ഥയിലൂടെ കടന്ന് ഒരു സുപ്രഭാതത്തിൽ ചിത്രശലഭമായി ചിറകു വിടർത്തി പറന്നു പോകുന്നതിൽ അത്ഭുതമല്ലെങ്കിൽ മറ്റെന്താണുള്ളത്? പാപിയായിരുന്ന ഒരുവൻ പുതുജനനത്തെ തുടർന്നു വിശുദ്ധനായിത്തീരുന്നതും ഇതുപോലെതന്നെ ഒരത്ഭുതമാണ്.

രൂപാന്തരമാണ് സുവിശേഷത്തിന്റെ ഹൃദയം. മനുഷ്യനു മാറാൻ കഴിയും; മനുഷ്യനു രൂപാന്തരം ഉണ്ടാകും എന്നതിന്റെ അടിസ്ഥാനത്തിലാണ് നാം പാപികളോടു സുവിശേഷം പ്രഘോഷിക്കുന്നത്. ഒരു പാപി രക്ഷകനെ കണ്ടുമുട്ടിയതിനു ശേഷമോ? തുടർന്നും അവൻ രൂപാന്തരപ്പെട്ടുകൊണ്ടേ യിരിക്കണം. അതുകൊണ്ടാണല്ലോ നിങ്ങൾ മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ എന്നു പൗലൊസ് 'സഹോദരന്മാരെ' പ്രബോധിപ്പിക്കുന്നത്.

എന്നാൽ രൂപാന്തരത്തെക്കുറിച്ചു പൗലൊസ് ഇവിടെ പറയുന്നത് ആരാധനയെക്കുറിച്ചു പറയുന്നതിന്റെ ഭാഗമായാണ് എന്നു നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ആരാധനയ്ക്ക് ഒരു നിർവചനം നൽകുമ്പോൾ പൗലൊസിനു രൂപാന്തരത്തെക്കുറിച്ചു പറയാതിരിക്കാനാവുന്നില്ല. 'സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ'(റോമ.12:1,2)

ഇതാണ് ആരാധനയെങ്കിൽ ഈ ആരാധന കേവലം ഉപരിപ്ലവമായ ഒന്നല്ല. അത് ആരാധകന്റെ ജീവിതത്തെ സ്പർശിക്കുകയും മനോഭാവങ്ങളെ നവീകരിക്കുകയും ഹൃദയത്തെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ഒന്നാണ്. ഇവിടെ ശരീരങ്ങളെ ദൈവത്തിനു യാഗമായി അർപ്പിക്കുക എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം എന്താണ്? റോമർ 6:13 ൽ അത് ഇങ്ങനെ വിശദീകരിക്കുന്നു:'നിങ്ങളുടെ അവയവങ്ങളെ മുൻപ് പാപത്തിനു സമർപ്പിച്ചിരുന്നതുപോലെ ഇപ്പോൾ നീതിക്കായി നിങ്ങളുടെ അവയവങ്ങളെ സമർപ്പിക്കുവിൻ.' നമ്മുടെ നാവ്, കണ്ണ് തുടങ്ങിയ അവയവങ്ങളെ നീതിക്കായി അർപ്പിക്കുക എന്നു പറഞ്ഞാൽ അതിന്റെ പ്രായോഗികതലം എങ്ങനെയാണ്? കണ്ണുകൾകൊണ്ട് മോഹിക്കുവാൻ പരീക്ഷിക്കപ്പെടുന്ന സന്ദർഭത്തിൽ ആ ആഗ്രഹത്തെ നിഷേധിക്കുമ്പോൾ കണ്ണിനെ ജീവനുള്ള യാഗമായി ദൈവത്തിന് അർപ്പിക്കുകയാണ്. പ്രത്യേകസാഹചര്യത്തിൽ ഭോഷ്ക്കു പറയുവാനോ ദേഷ്യത്തോടെ കഠിന വാക്കുകൾ ഉപയോഗിക്കുവാനോ പ്രലോഭിപ്പിക്കപ്പെടുന്ന സാഹചര്യത്തിലാണ് നമ്മുടെ നാവിനെ ദൈവത്തോടുള്ള അനുസരണത്തിൽ യാഗമായി അർപ്പി

ക്കേണ്ടത്. ഇത് ജീവനോടെയുള്ള ഒരു ബലി ആണെന്നു പൗലൊസ് ചൂണ്ടിക്കാട്ടുന്നു. ലോകത്തിന്റെ പ്രലോഭനങ്ങൾക്കു വഴിപ്പെടാതെ ദൈവത്തോടുള്ള സ്നേഹത്തിൽ നമ്മെ യാഗമായി അർപ്പിക്കുന്ന ഈ ആരാധനയിൽ രൂപാന്തരമുണ്ട്. മനസ്സിനു പുതുക്കമുണ്ട്. ഇതു പലപ്പോഴും നടക്കുന്നത് ഒരു മീറ്റിംഗിൽ അല്ല; മറിച്ച് പ്രായോഗികജീവിതസാഹചര്യങ്ങളിലാണ്.

എന്നാൽ ഇന്നു സുവിശേഷവിഹിതസഭകളിൽ ആരാധനയെന്നു പറയുമ്പോൾ ഈ നിലയിൽ ഒരു കാഴ്ചപ്പാടു കാണുന്നില്ല. ആളുകൾ ഒന്നിച്ചു കൂടിവന്ന് പ്രാർത്ഥിക്കുകയോ പാടുകയോ ദൈവത്തെ സ്തുതിക്കുകയോ ചെയ്യുന്നതിൽ ഒതുങ്ങിനിൽക്കുന്നു അവരുടെ ആരാധനാസങ്കൽപ്പം. അങ്ങനെ ഒരു മീറ്റിംഗിൽ സംബന്ധിക്കുന്നതോടെ തങ്ങൾ ദൈവത്തെ ആരാധിച്ചുവെന്നും അതു ദൈവത്തിനു പ്രസാദകരമായെന്നും ഉള്ള മിഥ്യാധാരണയിൽ ആളുകൾ മടങ്ങിപ്പോകുമ്പോൾ അവഗണിക്കപ്പെടുന്നത് യഥാർത്ഥ ആരാധനയിൽ അനിവാര്യമായി ഉണ്ടാകേണ്ട രൂപാന്തരമാണ്.

പഴയനിയമആരാധനയും ഈ നിലയിൽ ആയിരുന്നു. അവിടെ യാഗം കഴിക്കുന്നതായിരുന്നു ആരാധന. എന്നാൽ ആ ആരാധനയിലും ആരാധകനു മനസ്സിനു രൂപാന്തരം ഉണ്ടാകണമെന്നു നിർബന്ധമുണ്ടായിരുന്നില്ല. സമാഗമനകൂടാരത്തിൽ പാപപരിഹാരത്തിനായി യാഗം കഴിക്കാൻ പോകുന്ന ഒരുവനെ നോക്കുക. അവനു താൻ ചെയ്ത പാപത്തെക്കുറിച്ചു പശ്ചാത്താപവും ഹൃദയത്തകർച്ചയും വേണമെന്നില്ല. ചട്ടമനുസരിച്ചുള്ള യാഗമൃഗത്തെ കൊണ്ടുവന്നു നിയമാനുസരണം യാഗം നടത്തിയാൽ പാപപരിഹാരമായി.(എന്നാൽ പഴയ ഉടമ്പടിയുടെ കാലത്താണ് ജീവിച്ചിരുന്നതെങ്കിലും പുതിയ ഉടമ്പടിയുടെ ആത്മാവിൽ ജീവിച്ചിരുന്ന ദാവീദ് അന്നേ പുതിയനിയമ ആരാധനയുടെ മർമ്മം ഈ നിലയിൽ വെളിപ്പെടുത്തുന്നു: 'ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്, തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കുകയില്ല'-സങ്കീ.52:17)

ചുരുക്കത്തിൽ പുതിയനിയമകാലഘട്ടത്തിലാണെങ്കിലും രൂപാന്തരത്തിന്, പുതുക്കത്തിന്, ഊന്നൽ നൽകാതെ നടത്തുന്ന'ആരാധന' പഴയനിയമ ആരാധനയാണെന്നു പറയേണ്ടി വരും. അങ്ങനെയെങ്കിൽ ഇന്നു പല സുവിശേഷവിഹിതസഭകളിലും നടക്കുന്നത് പഴയനിയമആരാധനയല്ലേ? തിങ്കൾ മുതൽ ശനി വരെ പ്രലോഭനങ്ങളുടെ മുൻപിൽ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമാക്കി ബുദ്ധിയുള്ള ആരാധന നടത്താതെ ഞായറാഴ്ച രണ്ടു മണിക്കൂർ ആരാധന എന്ന പ്രകടനം(performance)നടത്തിയാൽ അവിടെ എവിടെയാണ് രൂപാന്തരം? എവിടെയാണ് ജീവബലി?

ജഡത്തിന്റെ ഇഷ്ടത്തെ നിഷേധിക്കുന്നത് അൽപം പ്രയാസമുള്ള കാര്യമാണല്ലോ. അതിനേക്കാൾ എളുപ്പമുള്ളത് ഞായറാഴ്ച വന്ന് ആരാധന എന്ന പേരിൽ ഒരഭ്യാസം നടത്തിയിട്ട് എന്തോ നേടി എന്ന സ്വയതൃപ്തിയോടെ പിരിഞ്ഞുപോകുന്നതല്ലേ? ഈ എളുപ്പമാർഗ്ഗത്തെ പ്രശ്നങ്ങളിൽനിന്നു വിടുതൽ കിട്ടാനുള്ള വഴിയായി ഇന്നു ചിത്രീകരിക്കുകയും ചെയ്യുന്നു! ഇതിനിടയിൽ ദൈവജനത്തിനു നഷ്ടമായിരിക്കുന്നതു പുതിയനിയമ ആരാധനയുടെ യാഥാർത്ഥ്യമാണ്. സത്യനമസ്ക്കാരികൾ പിതാവിനെ സത്യത്തിൽ (യാഥാർത്ഥ്യത്തിൽ-in reality) ആരാധിക്കണം എന്ന കർത്താവിന്റെ കൽപനയല്ലേ ഇവിടെ അവഗണിക്കപ്പെടുന്നത്?



സന്ദേശം

# അർത്ഥസമ്പൂർണ്ണമായ ആരാധന

ഏ. ഡബ്ല്യു ടോസർ



**ഒരു മനുഷ്യന്, കടൽത്തിരകൾ തീരത്തടിക്കുമ്പോഴോ, നക്ഷത്രങ്ങൾ രാത്രിയിൽ മനോഹരമായി പ്രകാശിക്കുമ്പോഴോ ഉദാത്തഭാവങ്ങൾ ഉണ്ടായെന്നു വരാം. ഇത്തരം ഭാവങ്ങൾ യഥാർത്ഥ ആരാധനയുടെ ഘടകങ്ങൾ ആകാമെങ്കിലും ഉദാത്തഭാവങ്ങൾ എല്ലാം ആരാധനയാണെന്നു നാം ചിന്തിച്ചുകൂടാ.**

**ആ**രാധന സാർവ്വലൗകികമാണ്. ആരാധിക്കാത്ത ഒരു ജനവിഭാഗത്തെ ഇതുവരെ ഭൂമിയിൽ കണ്ടെത്തിയിട്ടില്ല. എങ്കിലും മിക്കവാറും എല്ലായിടത്തും ആരാധന അപൂർണ്ണവും അശുദ്ധവും അവ്യക്തവുമായിരിക്കുന്നു. അതുകൊണ്ടുതന്നെ ദൈവത്തെ സ്വീകാര്യമാം വിധം ആരാധിക്കുവാൻ നമ്മെ സഹായിക്കുന്ന ചിന്തകൾക്ക് ഇന്ന് വലിയ പ്രസക്തിയുണ്ട്.

ആരാധനയുടെ ചില ഘടകങ്ങളെക്കുറിച്ചു ചിന്തിക്കാം. ആരാധനയുടെ ഒരുഘടകം അഭിനന്ദനമനോഭാവമാണ്. അഭിനന്ദിക്കുമ്പോൾതന്നെ ആരാധിക്കാതിരിക്കാൻ കഴിയും; പക്ഷേ അഭിനന്ദിക്കാതെ ആരാധിക്കാൻ കഴിയുകയില്ല. അഭിനന്ദനമനോഭാവം അത്യുച്ചകോടിയിലെത്തുന്നതാണ് യഥാർത്ഥആരാധന. ആരാധിക്കാതെതന്നെ നമുക്ക് ഒരുവനെ ബഹുമാനിക്കാൻ സാധിക്കും. എങ്കിലും ബഹുമാനിക്കാൻ കഴിയാത്ത ഒരുവനെ ആരാധിക്കുവാൻ കഴിയുകയില്ല. അഭിനന്ദനത്തോടെയുള്ള ബഹുമാനം ആരാധനയുടെ ഒരു പ്രധാനഘടകമാണ്.

അതുപോലെ അത്ഭുതപരതന്ത്രത ആരാധനയുടെ ഒരു അടിസ്ഥാനഘടകമാണ്. നമ്മെ അത്ഭുതപരതന്ത്രരാ

ക്കാത്ത ഒന്നിനെ ആരാധിക്കുക അസാധ്യമാണ്. “ഞങ്ങൾ അത്ഭുതാദരവുകളോടെ അവിടുത്തെ നിത്യസൗന്ദര്യത്തെ ആരാധിക്കുന്നു.” എന്നുള്ള പുരാതന കവിവചനം ഇവിടെ സ്മരിക്കേണ്ടതുണ്ട്. വിശദീകരിക്കാൻ കഴിയാത്ത ഒരു അത്ഭുതാനുഭൂതി ആരാധനയിലുണ്ട്. അഭിനന്ദനത്തിന്റേയും ബഹുമാനത്തിന്റേയും തലങ്ങൾക്കപ്പുറം ഹൃദയത്തെ യഥാർത്ഥആരാധനയിലേക്കടുപ്പിക്കുന്ന ഒരു നിഗൂഢമായ അത്ഭുതപരവശത ഉണ്ടെന്നു നാം കണ്ടെത്തുന്നു.

ഒരുപക്ഷേ ആദ്യംതന്നെ പറയേണ്ടിയിരുന്ന ആരാധനയുടെ മറ്റൊരു അടിസ്ഥാനഘടകം സ്നേഹമാണ്. ആരാധിക്കാതെ സ്നേഹിക്കാമെങ്കിലും സ്നേഹിക്കാതെ ആരാധിക്കാൻ കഴിയുകയില്ല. നിയന്ത്രണങ്ങളില്ലാതെ ഹൃദയം സ്നേഹം കൊണ്ടു നിറയുമ്പോൾ ഭക്തിപൂർവ്വമായ ആരാധന ഉടലെടുക്കുന്നു.(ബഹുമാനം, സ്നേഹം, ആരാധന തുടങ്ങിയ പദങ്ങൾ നാം പുനർനിർവചിക്കേണ്ടിയിരിക്കുന്നു. ഭാഷയിലെ ദിവ്യമായ ഇത്തരം പദങ്ങൾ നാം സാധാരണ അനുഭവങ്ങൾ വിവരിക്കുവാൻ ഉപയോഗിക്കുകവഴി അവയ്ക്ക് അർത്ഥശോഷണം സംഭവിച്ചിരിക്കുന്നു. എനിക്കു സാദ്ധ്യമായിരുന്നെങ്കിൽ മേൽപ്പറഞ്ഞ പദങ്ങൾ പ്രാർത്ഥന, ദൈവവചനപഠനം, പ്രഘോഷണം, ദൈവികാരാധന, ഗീതങ്ങൾ ഇവയ്ക്കുമാത്രം ഉപയോഗിക്കാനായി നിഷ്ക്കർഷിക്കുന്ന ഒരു നിയമം പാസ്സാക്കിയേനേ! (നാം അശ്രദ്ധമൂലം ദൈവികമായ ഈ പദങ്ങളെ സാധാരണ പദങ്ങളാക്കി അവയുടെ മഹത്വം നഷ്ടമാക്കിക്കളഞ്ഞിരിക്കുന്നു!)

ആരാധന ആരാധനാമൂർത്തിയോടുള്ള ഐക്യമാണ്. ആരാധകന്റെ ഹൃദയവും ആ ഹൃദയം ആരാധിക്കുന്ന ദൈവവുമായുള്ള വിടവു നികത്തുവാനുള്ള സജീവമായ ശ്രമമാണ് ഉദാത്തമായആരാധനയുടെ രഹസ്യം.

**ആരാധനയുടെ ലക്ഷ്യം**

ആരാധനയുടെ ലക്ഷ്യം ദൈവം തന്നെയാണല്ലോ. നിഖ്യാവിശ്വാസപ്രമാണപ്രകാരം ആകാശവും ഭൂമിയും ദൃശ്യവും അദൃശ്യവുമായ എല്ലാം സൃഷ്ടിച്ച സർവ്വശക്തനാം പിതാവായ ഏകദൈവത്തെയത്രേ നാം ആരാധിക്കുന്നത്. ദൈവത്തിന്റെ ദിവ്യസ്വഭാവത്തിന്റെ വിവിധവശങ്ങൾ നാം ദർശിക്കുമ്പോൾ നാം മുഴങ്കാലുകളിൽ നിന്ന് അത്ഭുതാദരവോടെ ആരാധിക്കും. ഈ ദൈവം അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും ആർക്കും കാണാൻ കഴിയാത്തവനുമാണെന്നു ബൈബിൾ പറയുന്നു. അവനെ കണ്ടിട്ട് ആർക്കും ജീവിച്ചിരിപ്പാൻ കഴിയുകയില്ല (1തിമോ.6:16; പുറ.33:20). ദൈവം അതിപരിശുദ്ധനും നിത്യനും സർവ്വജ്ഞാനിയും സർവ്വശക്തനും ധന്യനായ ഏകാധിപതിയുമത്രേ. തന്റെ മഹത്വത്തിന് അന്തമില്ല. ഈ വസ്തുത നമ്മെ വിനയാന്വിതരാക്കേണ്ടതല്ലേ? അൽപം മനഃസമാധാനം കിട്ടാൻ മാത്രം ദേവാലയത്തിലേക്കു പോകുന്നവരോട് എനിക്ക് അല്പംപോലും സഹതാപം ഇല്ല. ആരാധനയിൽ നമ്മുടെ ആത്മാക്കൾ സ്വസ്ഥത പ്രാപിക്കുമെങ്കിലും ദേവാലയത്തിലേക്കു പോകുന്നതിന്റെ പ്രാഥമിക ഉദ്ദേശ്യം ദൈവത്തിനു അർഹമായ ആരാധന അർപ്പിക്കുകയാണ്.

നാല്പത്തിയഞ്ചാം സങ്കീർത്തനത്തിൽ ദാവീദ് ഈ ദൈവത്തെ ജഡാവതാരം എടുത്ത നിലയിൽ ദർശിക്കുന്നു. തത്വത്തിൽ പിതാവിന്റെ മുദ്രയുള്ളവനും ഈ ലോകം ഉണ്ടാകും മുമ്പേ ഉള്ളവനും കാലസമ്പൂർണ്ണതയിൽ സ്ത്രീയിൽനിന്നു ജനിച്ചവനുമായ തേജസ്വിയായ പുത്രന്റെ ചിത്രമാണത്. സാക്ഷാൽ ദൈവമായ





ഈ മനുഷ്യനേയും (മനുഷ്യനായിത്തീർന്ന ദൈവത്തേയും) ദാവീദ് വിശേഷിപ്പിക്കുന്നത് അതിസുന്ദരൻ, രാജകിയപ്രൗഢിയുള്ളവൻ, സത്യവാൻ, സൗമ്യൻ, നീതിമാൻ, സ്നേഹംനിറഞ്ഞവൻ, സന്തോഷവാൻ, പരിമളം പരത്തുന്നവൻ ഇത്യാദി പദങ്ങൾ കൊണ്ടത്രേ.

ഗ്രീക്കുപുരാണങ്ങളിലെ ഗൗരവപ്രകൃതക്കാരനായ ജൂപ്പിറ്ററിനെപ്പോലെയുള്ള ഒരു ദൈവത്തെയല്ല ഇവിടെ നാം ദർശിക്കുന്നത്. നീതിമാനും സ്നേഹസമ്പൂർണനും സന്തുഷ്ടനും ഇണക്കമുള്ളവനും അതേ സമയം അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്ന രാജകീയപ്രൗഢിയോടുകൂടിയവനുമായ ഒരു ദൈവത്തെയാണ്. നാൽപത്തിയഞ്ചാം സങ്കീർത്തനം പതിനൊന്നാം വാക്യത്തിൽ “അവൻ നിന്റെ നാഥനാകുന്നു. അവനെ നമസ്കരിച്ചുകൊൾക” എന്ന ശബ്ദം നാം കേൾക്കുന്നു.

സ്വർഗ്ഗത്തിന്റെ അന്തരീക്ഷം തന്നെ ആരാധനാമയമാണ്. ലോകത്തിന്റെ ആരോഗ്യത്തിന്റെ രഹസ്യം ആരാധനയാണ്. ബുദ്ധിമാന്മാരും ധാർമ്മികതയുള്ളവരുമായ മനുഷ്യർ ഒരുമനപ്പെട്ട് ആരാധിക്കുമ്പോഴാണ് സൃഷ്ടിയുടെ സംഗീതമാധുരി നാം ശ്രവിക്കുന്നത്. ആരാധന ഇല്ലാത്തിടത്ത് മത്സരത്തിന്റെയും പിണക്കത്തിന്റെയും പൊട്ടിയ കമ്പികളിൽ നിന്നുള്ള തന്ത്രിനാദമാണു കേൾക്കുന്നത്. വീണ്ടെടുക്കപ്പെട്ട മനുഷ്യരാശി സന്തോഷത്തോടും പൂർണ്ണഹൃദയത്തോടും ദൈവത്തെ ആരാധിക്കുമ്പോൾനാം പുതിയ സൃഷ്ടിയുടെ വെളിപ്പാടും പുതിയ ആകാശവും പുതിയ ഭൂമിയും എല്ലാം കാണും. എന്നാൽ ഇതു സംഭവിക്കും മുമ്പേ മറ്റൊരു സൃഷ്ടിയിൽ ഉൾപ്പെട്ടിരിക്കുന്ന നിങ്ങളും ഞാനും നമ്മുടെ നാഥനായ കർത്താവിനെ ആരാധിക്കുവാൻ വേർതിരിക്കപ്പെട്ടവരാണെന്നു മറക്കരുത്.

> **ആരാധന സമ്പൂർണ്ണമായിരിക്കണം.നമ്മുടെ സമ്പൂർണ്ണ വ്യക്തിത്വവും ദൈവത്തെ ആരാധിച്ചില്ലെങ്കിൽ ആരാധന അപൂർണ്ണമായിരിക്കും. വിശ്വാസം, സ്നേഹം, അനുസരണം, വിശ്വസ്തത തുടങ്ങിയവ ദഹനയാഗമായി ദൈവത്തിന് അർപ്പിക്കേണ്ടതുണ്ട്. എന്നിൽ ദൈവത്തെ ആരാധിക്കാത്ത ഏതെങ്കിലും ഒരംശം ഉണ്ടായിരിക്കുന്നേടത്തോളം എന്റെ ആരാധന അപൂർണ്ണമായിരിക്കും.**

ആരാധന സമ്പൂർണ്ണമായിരിക്കണം.നമ്മുടെ സമ്പൂർണ്ണവ്യക്തിത്വത്തോടെ ദൈവത്തെ ആരാധിച്ചില്ലെങ്കിൽ ആരാധന അപൂർണ്ണമായിരിക്കും. വിശ്വാസം, സ്നേഹം, അനുസരണം, വിശ്വസ്തത തുടങ്ങിയവ ദഹനയാഗമായി ദൈവത്തിന് അർപ്പിക്കേണ്ടതുണ്ട്. എന്നിൽ ദൈവത്തെ ആരാധിക്കാത്ത ഏതെങ്കിലും ഒരംശം ഉണ്ടായിരിക്കുന്നേടത്തോളം എന്റെ ആരാധന അപൂർണ്ണമായിരിക്കും. എന്നാൽ പരിപൂർണ്ണമായ ആരാധന മാത്രമേ ദൈവം കൈക്കൊള്ളുകയുള്ളു എന്നു ഞാൻ ഒരിക്കലും പറയുകയില്ല. അങ്ങനെയെങ്കിൽ നാമും യിസ്രായേൽ മക്കളെപ്പോലെ ‘യഹോവയുടെ ഗീതം ഞങ്ങൾ അന്യദേശത്ത് പാടുന്നത് എങ്ങനെ?, എന്നുപറഞ്ഞ് കിന്നരങ്ങളെ അലരിവൃക്ഷങ്ങളിന്മേൽ തൂക്കിയിടേണ്ടി വരും. എന്നാൽ നമുക്കു സാധ്യമാകുന്ന നിലയിൽ പരിപൂർണ്ണ

തയിൽത്തന്നെ ദൈവത്തെ ആരാധിക്കണം എന്നതാണ് അവിടുത്തെ ഇഷ്ടം.

നമുക്കുണ്ടാകുന്ന ഉദാത്തഭാവങ്ങൾ ആരാധനയാണെന്നു തെറ്റിദ്ധരിച്ചു പോകാം. തെളിഞ്ഞ ആകാശത്തിൽ നക്ഷത്രങ്ങളുടെ കീഴിൽ നടക്കുമ്പോൾ കവിഭാവനയിലെ ഉദാത്തഭാവങ്ങൾ ആരാധനയാണെന്നു ചിന്തിച്ചുപോകുന്നതിനോടെനിക്കു യോജിപ്പില്ല. അധർമ്മത്തിന്റെ ചെളിക്കുണ്ടിൽ ഇഴഞ്ഞുനീങ്ങുന്ന ഒരു മനുഷ്യന് കൊടുങ്കാറ്റും പേമാരിയും പർവതത്തിൽ പതിക്കുമ്പോഴോ ശക്തമായി കടൽത്തിരകൾ തീരത്തടിക്കുമ്പോഴോ, നക്ഷത്രങ്ങൾ രാത്രിയിൽ മനോഹരമായി പ്രകാശിക്കുമ്പോഴോ ഉദാത്തഭാവങ്ങൾ ഉണ്ടായെന്നു വരാം. ഗാംഭീര്യമുള്ള ഒരു ദേവാലയം നിരനിരയായി കത്തിച്ചിരിക്കുന്ന മെഴുകുതിരികളാൽ പ്രകാശിക്കുന്നതു കാണുമ്പോൾ, ആ ദേവാലയത്തിന്റെ ചില നിഗൂഢഭാഗങ്ങൾ നിങ്ങൾക്ക് അപ്രാപ്യമെന്ന് ഓർക്കുമ്പോൾ അത്ഭുതാദരവുകളുടെ ഉദാത്തഭാവം ഹൃദയത്തെ ഭരിച്ചേക്കാം. ഇത്തരം ഭാവങ്ങൾ യഥാർത്ഥ ആരാധനയുടെ ഘടകങ്ങൾ ആകാമെങ്കിലും ഉദാത്തഭാവങ്ങൾ എല്ലാം ആരാധനയാണെന്നു നാം ചിന്തിച്ചുകൂടാ. നമ്മെക്കാൾ ഭാവനാസമ്പന്നരായ കവികൾ പലരും, ഉദാത്തമായ കാവ്യസൃഷ്ടി നടത്തിയവർതന്നെ, ദൈവം ഇല്ലെന്നു പറയുന്നവരാണ്. ദൈവത്തിൽ വിശ്വസിക്കാത്ത ഒരാൾക്ക് ആരാധിക്കാൻ കഴിയുകയില്ലല്ലോ. ദൈവത്തെ ആരാധിക്കുന്നു എന്നറിയാതെ ആരാധിക്കാൻ കഴിയുകയില്ലേ എന്നു ചിലർ ചോദിച്ചേക്കാം. ദൈവം ഉണ്ട് എന്നു വിശ്വസിക്കാത്ത, അറിയാത്ത, ഒരുവന് യഥാർത്ഥ ആരാധന അസാദ്ധ്യമാണെന്നാണ് തിരുവചനം പഠിപ്പിക്കുന്നത്.

മരണത്തിന്റെ കറുത്ത മുഖം കാണുമ്പോഴോ പ്രകൃതിയിലെ അത്ഭുതപ്രതിഭാസങ്ങൾ ദർശിക്കുമ്പോഴോ രാത്രിയുടെ നിശ്ശബ്ദതയിലോ ഒക്കെ നമ്മുടെ മനസ്സിൽ ഉണ്ടാവുന്ന ഭയാദരവുകൾ സ്വാഭാവികമാണെങ്കിലും ആവികാരങ്ങൾ ആത്മികമാണെന്നു എപ്പോഴും ധരിച്ചുകൂടാ. ദൈവത്തെ അറിയുന്ന ഹൃദയത്തിന് മേൽപ്പറഞ്ഞ സാഹചര്യത്തിലൊക്കെ അവിടുത്തെ കണ്ടെത്തി ആരാധിക്കാൻ കഴിയും. എന്നാൽ ദൈവികപരിജ്ഞാനമില്ലാത്ത ഹൃദയത്തിന് പ്രകൃതിയെ ആരാധിക്കുന്നതിലെ അനുഭൂതി മാത്രമേ ഈ സന്ദർഭങ്ങളിൽ ലഭിക്കൂ.

### സ്വീകാര്യമായ ആരാധന

ദൈവത്തിന് അനിഷ്ടമായ എന്തെങ്കിലും നമ്മിൽ ഉള്ളിടത്തോളം നമ്മുടെ ആരാധന അവിടുത്തേക്ക് പരിപൂർണ്ണപ്രസാദം വരുത്തുന്നില്ല. ഈ പ്രസ്താവന ചിലരെ നിരാശപ്പെടുത്തുന്നു എങ്കിൽ മാനസാന്തരപ്പെടാനുള്ള അവസരമായി അവർക്ക് ഇതു തീരട്ടെ. (മനുഷ്യവർഗ്ഗത്തിന്റെ ശൈശവാവസ്ഥയിൽ സൂര്യചന്ദ്രനക്ഷത്രങ്ങളെ അവൻ ആരാധിച്ചിരുന്നു. മുഴങ്കാലുകളിൽനിന്നു വൃക്ഷലതാദികളോടും പർവ്വതശിഖരങ്ങളോടും അവൻ പ്രാർത്ഥിച്ചിരുന്നു. എന്നാൽ നാം ഇന്നു ശൈശവാവസ്ഥയിലല്ല, മനുഷ്യരാശിയുടെ പൂർണ്ണവളർച്ചയെത്തിയ ഘട്ടത്തിലാണ്. യഹൂദമതവും ക്രിസ്തീയമാർഗ്ഗവും ഭൂമിയിൽ എത്തിയിട്ട് സഹസ്രാബ്ദങ്ങൾ പിന്നിട്ടിരിക്കുന്നു. നാം കുട്ടികളുടെ സാങ്കല്പികലോകത്തുനിന്നു മുന്നോട്ടുപോകാൻ സമയമായി എന്നു ക്രിസ്ത്യാനികൾ അല്ലാത്തവർക്കുപോലും വ്യക്തമാകത്തക്കവണ്ണം ശാസ്ത്രവും തത്വശാസ്ത്രവും വിദ്യാഭ്യാസവും ബഹുദൂരം മുന്നേറിയിരിക്കുന്നു. തങ്ങൾ ദൈവത്തെ ആരാധിക്കുന്നു എന്ന് തെറ്റിദ്ധരിച്ചിരിക്കുന്ന





മനുഷ്യരെ സാന്ത്വനപ്പെടുത്തുന്നതിനു പകരം അവർ സ്വീകാര്യമായ നിലയിൽ ദൈവത്തെ ആരാധിക്കുന്നില്ല എന്ന യാഥാർത്ഥ്യത്തിലേക്ക് അവരെ തട്ടിയുണർത്തേണ്ടിയിരിക്കുന്നു.)

വിശ്വാസത്തിൽ മാന്ത്രികപ്രതിഭാസങ്ങൾ ഒന്നും ഇല്ലെന്നു നാം ഓർക്കണം. യേശുവിന്റെ നാമം ആയിരം തവണ ഉരുവിട്ടാലും അവിടുത്തെ ദിവ്യസ്വഭാവത്തെ പിൻപറ്റുന്നില്ലെങ്കിൽ യാതൊരു പ്രയോജനവും ഉണ്ടാകയില്ല. ദൈവത്തെ യഥാർത്ഥമായി ആരാധിക്കുമ്പോൾ സ്വാഭാവികഇഷ്ടങ്ങൾ അനുസരിച്ച് നമുക്ക് ജീവിക്കുവാൻ കഴിയുകയില്ല. ദൈവികസ്വഭാവവും നമ്മുടെ പ്രകൃതവും സമന്വയിക്കുമ്പോഴാണ് ദൈവനാമത്തിന്റെ ശക്തി നമ്മിൽ പ്രാവൃത്തികമാകുന്നത്. ദാൻ പാളയത്തിൽ വച്ച് യഹോവയുടെ ആത്മാവ് ശിംശോനെ ഉദ്യമിപ്പിച്ചുതുടങ്ങി(ന്യായാ.13:25)യതുപോലെ യഥാർത്ഥ ആരാധനയിലേക്കു ദൈവജനം ഉണർത്തപ്പെടേണ്ടിയിരിക്കുന്നു. കിഴക്കോട്ടുതിരിഞ്ഞു പ്രാർത്ഥിക്കുമ്പോൾത്തന്നെ പടിഞ്ഞാറോട്ടു നടക്കുന്നവരാണെങ്കിൽ നാം നമ്മുടെ വ്യക്തിത്വത്തിൽ സന്തുലിതാവസ്ഥ പ്രതീക്ഷിക്കരുത്. പ്രാർത്ഥനയിൽ സ്നേഹം നിറഞ്ഞുനിൽക്കുകയും വിദ്വേഷത്തിൽ ജീവിതം നയിക്കുകയും ചെയ്യുമ്പോൾ നാം ദൈവത്തെയാണ് ആരാധിക്കുന്നത് എന്നു ചിന്തിക്കുന്നത് ഭോഷത്തമാണ്.

സുഗന്ധവർഗ്ഗവുമായി തിരശ്ശീലയ്ക്ക് പിന്നിലുള്ള അതിവിശുദ്ധസ്ഥലത്ത് ശുശ്രൂഷിച്ചിരുന്ന മഹാപുരോഹിതന്റെ നാളുകളിലാണ് നാം എന്നു സങ്കൽപിക്കുക. അന്നു റബർ ലഭ്യമായിരുന്നു എന്നു കരുതുക. ധൂപവർഗ്ഗത്തോടൊപ്പം റബർ കൂടി കത്തിച്ചാരാധിക്കുന്ന മഹാപുരോഹിതന്റെ ചിത്രം ഭാവനയിൽ കാണുക. നിർമ്മലമായ

**ദൈവത്തിന് അനിഷ്ടമായ എന്തെങ്കിലും നമ്മിൽ ഉള്ളിടത്തോളം നമ്മുടെ ആരാധന അവിടുത്തേക്ക് പരിപൂർണ്ണ പ്രസാദം വരുത്തുന്നില്ല. വിശ്വാസത്തിൽ മാന്ത്രികപ്രതിഭാസങ്ങൾ ഒന്നും ഇല്ലെന്നു നാം ഓർക്കണം. യേശുവിന്റെ നാമം ആയിരം തവണ ഉരുവിട്ടാലും അവിടുത്തെ ദിവ്യസ്വഭാവത്തെ പിൻപറ്റുന്നില്ലെങ്കിൽ യാതൊരു പ്രയോജനവും ഉണ്ടാകയില്ല.**

സുഗന്ധത്തിന്റെ സ്ഥാനത്ത് സമ്മിശ്രമായ ഈ ധൂപവർഗം ഉയർത്തുന്ന ഗന്ധം എത്ര ദുസ്സഹമായിരിക്കും! തീ കത്തുമ്പോൾ ദുർഗന്ധം വമിക്കുന്ന പലതും നമ്മുടെ സ്വഭാവത്തിൽ ഒളിഞ്ഞിരിക്കുമ്പോൾ ദൈവത്തിനു സ്വീകാര്യമായ ആരാധന കഴിക്കാൻ നമുക്കെങ്ങനെ കഴിയും? ശിക്ഷണം ലഭിക്കാത്ത, തിരുത്തപ്പെടാത്ത, ശുദ്ധീകരിക്കപ്പെടാത്ത പലതും നമ്മുടെ സ്വഭാവത്തിൽ ഉള്ളപ്പോൾതന്നെ ഹൃദയത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്ത് ദൈവത്തെ ആരാധിക്കുക സാധ്യമാണെന്നു സമ്മതിച്ചാൽതന്നെ ഈ തരത്തിലുള്ള ഒരു ജീവിതവും ആരാധനയുമാണോ നാം ലക്ഷ്യമാക്കേണ്ടത്? ആഴ്ചയിൽ ആറു ദിവസവും ദൈവത്തെ ആരാധിക്കാത്ത ഒരുവന് ഒരു ദിവസംമാത്രം എങ്ങനെ ആരാധിക്കാൻ കഴിയും? തിങ്കളാഴ്ചയും ചൊവ്വാഴ്ചയും ആരാധനയില്ലാതെ ഞായറാഴ്ച മാത്രമുള്ള ആരാധന സ്വർഗ്ഗത്തിൽ അപരിചിതമായതത്രേ!

ആരാധിക്കാൻ നിങ്ങൾ ദേവാലയത്തിൽ പോകണമെന്നു നിർബന്ധ

മില്ല. പഠനമുറിയിലോ യാത്രയ്ക്കിടയിലോ പാത്രങ്ങൾ കഴുകുമ്പോഴോ തുണികൾ ഇസ്തിരി ഇടുമ്പോഴോ കളിസ്ഥലത്തോ ഒക്കെ നിങ്ങൾക്കു ദൈവത്തെ ആരാധിക്കാം. എല്ലാ സമയത്തും ദേവാലയത്തിൽ ആയിരിക്കാൻ ആർക്കും കഴിയുകയില്ലല്ലോ. നമ്മുടെ കർത്താവുതന്നെ പതിവുപോലെ ദേവാലയത്തിൽ പോയിരുന്നു. എന്നാൽ മറ്റു ദിവസങ്ങളിൽ താൻ ജോസഫിനോടൊത്ത് പണിശ്ശാലയിൽ മരപ്പണി ചെയ്തുവന്നു. യഹൂദസമൂഹത്തിൽ ജനിച്ച യേശു ആഴ്ചയിൽ ഒരു ദിവസം പള്ളിയിൽപ്പോയി ആരാധിച്ചു. മറ്റു ദിവസങ്ങളിൽ വെളിയിൽ ആരാധിച്ചു. നമുക്ക് പള്ളിയിൽപ്പോയി ആരാധിക്കാം. ഒരു ഞായറാഴ്ച പള്ളിയിൽപ്പോയി ആരാധിച്ചശേഷം അടുത്ത ആറു ദിവസം യഥാർത്ഥ ആരാധകരായി ജീവിച്ചില്ലെങ്കിൽ ഞായറാഴ്ചത്തെ ആരാധന അർത്ഥശൂന്യമായിരിക്കും. നമ്മുടെ മുഴുജീവിതവും ദൈവത്തെ ആരാധിക്കുന്ന അവസ്ഥയിൽ നാം എത്തിച്ചേരുവോളം നാം വിശ്രമിച്ചുകൂടാ.

**ചിന്തകൾ ദൈവത്തിന്റെ ആലയം**

ആത്മീയമായി വളർച്ച മുരടിച്ച ഒരവസ്ഥയിൽ ഞാനെത്തിച്ചേരുമ്പോഴൊക്കെ ദൈവം ചില പ്രത്യേകമായ നിലയിൽ എന്നോടിടപെടുകയും എന്നെ പുതിയ ഒരു തലത്തിലേക്ക് നയിക്കയും ചെയ്യാറുണ്ട്. അത്തരം ഒരനുഭവം പറയാം. എന്റെ ചിന്തകൾ എത്രമാത്രം പ്രാധാന്യമുള്ളതെന്ന് എനിക്കു ഗ്രഹിക്കുവാൻ ഇടയായി. ദൈവത്തോടുള്ള കൂട്ടായ്മ നഷ്ടമാകുവാൻ ഞാൻ തെറ്റു ചെയ്യണമെന്നില്ല. തെറ്റായി ചിന്തിച്ചാൽ മാത്രം മതി. ഞാൻ കേട്ട ദൈവശബ്ദം ഏതാണ്ട് ഈവിധമായിരുന്നു:"ഞാൻ നിന്റെ ചിന്തകളിൽ വസിക്കുന്നവനാണ്. എനിക്കു വസിക്കാനുള്ള ആലയമായി നിന്റെ ചിന്തകൾ എപ്പോഴും ആയിരിപ്പാൻ സൂക്ഷിച്ചുകൊൾക." ഹൃദയത്തെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും ചെയ്യാൻ നിങ്ങൾ അശക്തരാണെങ്കിൽത്തന്നെ, നിങ്ങളുടെ ചിന്തകളെ നിയന്ത്രിക്കാൻ നിശ്ചയമായും കഴിയും. എന്റെ ചിന്തകളെ ശരിയായി സൂക്ഷിക്കുവാൻ ഞാൻ ശ്രദ്ധിച്ചുതുടങ്ങി. എന്നെ ഇഷ്ടപ്പെടാത്ത ആളുകളെപ്പറ്റി ചിന്തിക്കുമ്പോൾ,ദൈവത്തിനു വസിക്കാൻ കഴിയുന്ന ആലയമായി എന്റെ അവരെപ്പറ്റിയുള്ള ചിന്തകൾ സ്നേഹത്തിന്റെയും കരുണയുടെയും ചിന്തകളായിരിക്കാൻ ഞാൻ ഉത്സാഹിക്കാറുണ്ട്. സ്പർദ്ധയുടെയും അത്യാഗ്രഹത്തിന്റെയും മോഹത്തിന്റെയും ദുഷിച്ച ചിന്തകളിൽ ദൈവം വസിക്കയില്ല. നിർമ്മലമായ സ്നേഹത്തിന്റെയും സൗമ്യതയുടെയും ചിന്തകളാണ് ദൈവത്തിനു വസിക്കാൻ കഴിയുന്ന ആലയം.

ശരിയായയദൈവികബോധം എന്ന അടിത്തറയിൽ നിങ്ങളുടെ ആത്മിയഅനുഭവങ്ങളാകുന്ന സൗധം പണിയപ്പെടുമ്പോൾ ആ സൗധത്തിന്റെ ഗോപുരങ്ങളാണ് നിങ്ങളുടെ ചിന്തകൾ. നിങ്ങളുടെ ചിന്തകളെ നിർമ്മലമായി സൂക്ഷിക്കുമെങ്കിൽ "യഹോവയായ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" എന്നു മുഴങ്ങുന്ന മണിനാദം ആ ഗോപുരത്തിൽനിന്നു മുഴങ്ങിക്കൊണ്ടിരിക്കും. നിങ്ങളുടെ ചിന്തകൾ ദൈവത്തിന്റെ ആലയമായി സൂക്ഷിക്കുമ്പോൾത്തന്നെ ജീവിതത്തിന്റെ മറ്റെല്ലാ മേഖലയും ദൈവത്തെ മഹത്വപ്പെടുത്തുമാറ് വിശുദ്ധമായി സൂക്ഷിക്കണം. നിങ്ങളുടെ ജീവിതത്തിന്റെ എല്ലായിടവും ദൈവത്തിനു സദാസമയം അർപ്പിച്ചുകൊണ്ടിരുന്നാൽ നിങ്ങളുടെ ആരാധന അവിടുത്തേക്കു സ്വീകാര്യമായിരിക്കും.

(തുടരും)





മൂകസന്ദേശം-21

# വെള്ള ആടുകളും കരിങ്കാലികളും.

സന്ദീപ് പുന്നൻ

**ആ**ടുകളെപ്പറ്റി കൂടെക്കൂടെ ബൈബിളിൽ പ്രതിപാദിക്കുന്നുണ്ട്. മനുഷ്യരായ നമ്മെ സൂചിപ്പിക്കാൻ മിക്കപ്പോഴും ആടുകളുടെ ദൃഷ്ടാന്തം ദൈവവചനം ഉപയോഗിക്കുന്നു. ഇടയനായ ദാവീദ് ആണ് പ്രസിദ്ധമായ ഇരുപത്തിമൂന്നാം സങ്കീർത്തനം എഴുതിയത്. ഒരിടയനെപ്പോലെ തന്റെ ആടുകളെ ശ്രദ്ധിക്കുന്ന ദൈവത്തെപ്പറ്റിയാണ് ദാവീദിന് പറയാനുള്ളത്. പിന്നീട് മശിഹായായി വന്ന യേശു പറഞ്ഞു, ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്ന നല്ലിടയനാണ് താനെന്ന്.

നാം ദൈവത്തിന്റെ ആടുകൾ! നാമെല്ലാം ആടുകളെപ്പോലെ തെറ്റിപ്പോയിരിക്കുന്നു(യെശ.63:6). നല്ല ഇടയനായ യേശു നാം പാപത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിക്കേണ്ടതിനായി വന്നു നമ്മെ പാപത്തിൽ നിന്നു രക്ഷിച്ചു. ക്രിസ്ത്യാനികളായ നമുക്ക് ഒരു നല്ല ഇടയന്റെ ആടുകളായി നമ്മെപ്പറ്റി ചിന്തിക്കുവാൻ ബുദ്ധിമുട്ടുണ്ടാകയില്ല.

ആടുകൾ പൊതുവേ രണ്ടു നിറത്തിലുള്ളവയാണല്ലോ? വെളുത്ത ആടുകളും കറുത്ത ആടുകളും. കറുത്തവയുടെ കൂട്ടത്തിൽ രണ്ടു നിറങ്ങളും ഇടകലർന്നവയെയും നമുക്കുൾപ്പെടുത്താം. തൂവെള്ള ആടുകൾ കാഴ്ചയ്ക്ക് ആകർഷകമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്നാൽ കറുത്ത വരയും പുള്ളിയും ഉള്ളവ അത്രയ്ക്ക് സുന്ദരമല്ല. വെളുത്ത ആടുകൾക്കു ലഭിക്കുന്ന ശ്രദ്ധ കറുത്തവയ്ക്ക് ലഭിച്ചെന്നു വരികയില്ല. ഇതു കേവലം ബാഹ്യമായ കാഴ്ചയിലുള്ള വ്യത്യാസമാണെങ്കിലും ദൈവത്തിന്റെ ആടുകളുടെ കൂട്ടത്തിലേക്കു വരുമ്പോൾ വ്യത്യാസം ആന്തരികവും ഗൗരവമുള്ളതുമെന്നു നാം തിരിച്ചറിയുന്നു.

നമ്മുടെ അബോധമനസ്സിന്റെ പ്രത്യേകതയാണോ എന്നറിയില്ല., ദൈവത്തിന്റെ ആടുകളിൽ ബഹുഭൂരിപക്ഷവും തങ്ങളെക്കുറിച്ച് വെളുത്ത ആടുകൾ എന്ന നിലയിൽ ചിന്തിച്ചുപോകുന്നു. എന്നാൽ ഭാവനാചിത്രത്തിനു ഉടവു തട്ടുകയും, ലോകത്തിന്റെ കാഴ്ചപ്പാടോ നമ്മുടെ പ്രവൃത്തികളോ അടിസ്ഥാനമാക്കി, നാം നമ്മെ കറുത്ത ആടുകളുടെ(കരിങ്കാലികളുടെ) ഗണത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുമ്പോൾ എന്തു സംഭവിക്കുന്നു? ലോകത്തിൽ കാര്യങ്ങൾ ഇങ്ങനെയാണ്: വെളുത്ത ആടുകൾ ശ്രദ്ധാകേന്ദ്രങ്ങൾ ആകുന്നു. ശാരീരികമായി സൗന്ദര്യം ഉള്ളവരാണ് ശ്രദ്ധിക്കപ്പെടുന്നത്. ബുദ്ധിശക്തിയുള്ള മിടുക്കന്മാർ ശ്രദ്ധിക്കപ്പെടുന്നു. വ്യക്തിപ്രഭാവമുള്ളവരുടെ സാന്നിദ്ധ്യമാണ് പൊതുവേ എല്ലാവരും ഇഷ്ടപ്പെടുന്നത്. ശരീരസൗന്ദര്യമില്ലാത്ത, ബുദ്ധിവൈഭവമില്ലാത്ത, ലജ്ജാശീലരായ വ്യക്തികൾ അവഗണിക്കപ്പെടുന്നു.

കൂടുതൽ കുസൃതികാട്ടുന്ന, എപ്പോഴും എന്തെങ്കിലും വികൃതികാട്ടുന്ന കുട്ടികൾ മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും ശ്രദ്ധ പിടിച്ചുപറ്റാൻ ശ്രമിക്കുകയാണെന്ന് ധാരാളം പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അവർ സ്വാഭാവികമായി പെരുമാറുമ്പോഴൊക്കെ ശ്രദ്ധിക്കപ്പെടാതെ പോകുന്നതിനാൽ വികൃതികളിലൂടെ ശ്രദ്ധ പിടിച്ചുപറ്റാൻ പരിശ്രമിക്കുന്നു.

> ***യേശു വരച്ചുകാട്ടിയ സ്നേഹനിധിയായ ആ പിതാവിനെ എനിക്കു കാണാൻ കഴിഞ്ഞതിനാൽ ഞാൻ വീണ്ടും വീണ്ടും മടങ്ങിവരാൻ ധൈര്യപ്പെടുന്നു. ശത്രുവിന്റെ മധുരഭോജനങ്ങളെക്കാൾ പിതാവിന്റെ കാഠിന്യമേറിയ ശിക്ഷണം മെച്ചമാണെന്നു കാണാൻ ഇന്നെനിക്കു കഴിയുന്നു. ആ പിതാവിൽ നിന്നു അകന്ന് ജീവിതത്തിൽ താത്ക്കാലികസുഖഭോഗങ്ങൾ അനുഭവിക്കുന്നതിനേക്കാൾ പാപത്തിന്റെ ഫലം പിതാവിന്റെ സാന്നിദ്ധ്യത്തിൽ അനുഭവിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. എനിക്കു ജീവിക്കുവാൻ പിതാവിന്റെ സന്നിധിയേക്കാൾ മെച്ചപ്പെട്ട ഒരിടം ഇല്ല.***

തെറ്റായ നിലയിലാണെങ്കിൽത്തന്നെ അതാണ് സംഭവിക്കുന്നത്.

നമ്മിൽ ചിലർ നമ്മുടെ പെരുമാറ്റവും ശരീരഘടനയും ഒക്കെ കൊണ്ട് കറുത്ത ആടുകളായി നമ്മെ കാണാൻ സാദ്ധ്യതയുണ്ട്. സാമൂഹികമായ പെരുമാറ്റരീതിയിലും വെളുത്ത ആടുകളിൽ നിന്നു വ്യത്യസ്തരാണ് കരിങ്കാലികൾ. ആട്ടിൻകൂട്ടം കറുത്തവയെ ശത്രുവായ ചെന്നായെ കാണുന്ന കണ്ണുകളോടെ കാണാൻ സാദ്ധ്യതയുണ്ട്. കറുത്തവയെ ഒറ്റപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമം വെളുത്ത ഭൂരിപക്ഷം ആളുകൾക്ക് ഉണ്ടാവാം. സാമൂഹികശാസ്ത്രജ്ഞന്മാർ ഇത്തരം പെരുമാറ്റത്തിന് 'കരിങ്കാലി പ്രതിഭാസം' എന്നു പറയുന്നു. കൂട്ടത്തിലുള്ള ഒന്നിനെ തെറ്റായ പെരുമാറ്റത്തിന് വിധേയമാക്കുന്ന ചിന്താഗതിയാണ് ഇത്. വെളുത്ത ആടുകളുടെ കൂട്ടത്തിന് ചെന്നായ് ചെയ്യുന്ന തിന്മയെക്കാളും ബുദ്ധിമുട്ടുണ്ടാക്കുന്നത് അവരുടെ കൂട്ടത്തിലെ കരിങ്കാലികളുടെ പ്രവൃത്തിയാണ്!

നമ്മിൽ ചിലരെ സംബന്ധിച്ചിടത്തോളം നാം ഈ അവസ്ഥയിൽ ആയിരിക്കാം. നാം സഭയിൽ എങ്ങനെ ചേർന്നുപോകും എന്നതാണ് പ്രശ്നം. ദൈവത്തോടുള്ള ബന്ധത്തിൽ നാം 'കരിങ്കാലി'കളായി എണ്ണപ്പെടുന്നു. നാം സഭയിൽ ഇരിക്കുമ്പോൾ 'വിശുദ്ധന്മാരുടെ കൂട്ട'ത്തെ കാണുന്നു. സഭയെ നയിക്കുന്നവർ നിറകണ്ണുകളോടെ പാടുന്നതും, ഉച്ചത്തിൽ മറ്റു ചിലർ പ്രാർത്ഥിക്കുന്നതും കാണുന്നു. ദൈവവചനം അവർക്കെല്ലാം നന്നായി അറിയാം. അവർ 'വെളുത്ത' ആടുകളാണ്. താരതമ്യേന നാം 'കരിങ്കാലി'കളാണ്. ആത്മീയതയുടെ ഒരു പ്രകടനമാണ് മിക്കവരും സഭയിൽ കാണിക്കുന്നത് എന്നു നാം സംശയിക്കുന്നു. (മിക്കപ്പോഴും നമ്മുടെ ചിന്ത ശരിയായിരിക്കും താനും!) മറ്റുള്ളവരുടെ അംഗീകാരം ലഭിക്കുമെങ്കിൽത്തന്നെ അവർ ചെയ്യുന്നതുപോലെ നമുക്കു ചെയ്യാൻ കഴിയുന്നില്ല. ശ്രമിച്ചാൽത്തന്നെ അത് അധികനാൾ നിലനിൽക്കുകയില്ല. അധികനാൾ വെളുത്ത ആടുകളായിരിക്കാൻ നമുക്കു കഴിയുന്നില്ല. നമുക്കറിയാം നാം കരിങ്കാലികൾ ആണെന്ന്, പിന്നെ ആരെയാണ് നാം കബളിപ്പിക്കാൻ ശ്രമിക്കുന്നത്?

നമ്മൾ പാപത്തിനെതിരെ മല്ലടിക്കുന്നുണ്ട്. ആയിരിക്കേണ്ടുംവണ്ണം വിശ്വസ്തരായിരിക്കാൻ നമുക്കു കഴിയുന്നില്ല. ദൈവവചനം ക്രമമായി വായിക്കാനും പ്രാർത്ഥിക്കാനും എന്തു ബുദ്ധിമുട്ടാണ്! ദൈവത്തോടു ചേർന്നു നടക്കാൻ നാം വളരെ പരിശ്രമിക്കുന്നു. പക്ഷേ ചില ആഴ്ചകൾക്കുള്ളിൽ നാം അലസരാകുന്നു. ലോകത്തിലുള്ള എന്തെങ്കിലുമോ നമ്മുടെ സ്വന്തതാത്പര്യങ്ങളോ നമ്മെ ആ നടപ്പിൽ നിന്നും അകറ്റിക്കളയുന്നു. അത്തരം സന്ദർഭങ്ങളിൽ നമ്മെ ദൈവം വെളുത്ത ആടുകളെപ്പോലെ സ്നേഹിക്കുന്നില്ലെന്നു നാം കരുതുന്നു. ദൈവം നമ്മെ സ്നേഹിക്കുന്നുണ്ടാവും, പക്ഷേ ജീവിതത്തിൽ ജയിച്ചുമുന്നേറുന്ന സൽസ്വഭാവികളായ ശുചിത്വബോധമുള്ള നല്ല ആടുകളെപ്പോലെ ഒരിക്കലും സ്നേഹി





ക്കുന്നില്ല-ഇതാണ് നമ്മുടെ ചിന്ത. ദൈവത്തിനു സ്നേഹിക്കാൻ കൊള്ളാത്ത നാം ദൈവത്തിൽ നിന്നും അകന്നു മാറുന്നു. നമ്മുടെ അവിശ്വസ്തതയ്ക്ക് മറ്റാരെയും പഴി ചാരാനില്ല. നാം മെച്ചപ്പെടണം എന്നറിയുമ്പോഴും അത് കഠിനമായ കാര്യമായിത്തോന്നുന്നു. യേശുവിനെ അനുഗമിക്കാൻ ഇച്ഛിക്കുമ്പോഴും കൂടെക്കൂടെ പാപത്തിൽ വീണുപോകുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. വീഴ്ചകൾ അയവിറക്കുന്നത് ഭോഷത്തമാണെന്ന് അറിയാമെങ്കിലും ആ പരീക്ഷ അതിജീവിക്കുവാൻ നമുക്ക് കഴിയുന്നില്ല.

പിതാവിന്റെ ഭവനത്തിൽ നിന്ന് അകന്നു കഴിയുന്ന നാം ലൂക്കോസ് പതിനഞ്ചാമദ്ധ്യായത്തിൽ പന്നിക്കൂട്ടത്തിനടുത്ത് പാർക്കുന്ന ആ ധൂർത്തപുത്രന്റെ അവസ്ഥയിലാണ്. തന്റെ തെറ്റു മൂലം ഇന്നു പന്നിയുടെ ഭക്ഷണംപോലും ആവശ്യത്തിനു കിട്ടാത്ത അവൻ അപ്പന്റെ വീട്ടിലേക്കു ചെല്ലാൻ അശക്തനാണ്. തന്റെ പിതൃസ്വത്ത് ധൂർത്തടിച്ചു നശിപ്പിച്ച ഈ മകനെക്കൊണ്ട് ഇനി പിതാവിന് എന്തു പ്രയോജനം? പിതാവിന്റെ അടുത്തു പോയി കരുണയ്ക്കായി യാചിക്കുന്നത് ഒരിക്കലും നീതിയല്ല. താൻ അനുഭവിക്കുന്നതെല്ലാം ന്യായമായും താൻ അർഹിക്കുന്നതു തന്നെ. എന്നെപ്പോലെയുള്ള 'കരിങ്കാലി'കൾക്ക് ഈ അവസ്ഥ മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാകയില്ല. ഇന്നും ചിലപ്പോഴൊക്കെ യേശു പറഞ്ഞ ഉപമയിലെ നഷ്ടപ്പെട്ടുപോയ ആ ഇളയമകന്റെ മനോഭാവം ഞാൻ എന്നിൽ കാണാറുണ്ട്-പിതാവിന്റെ സമ്പത്ത് ധൂർത്തടിച്ച് നശിപ്പിച്ച 'കരിങ്കാലി'!!

പക്ഷേ യേശു വരച്ചുകാട്ടിയ സ്നേഹനിധിയായ ആ പിതാവിനെ എനിക്കു കാണാൻ കഴിഞ്ഞതിനാൽ ഞാൻ വീണ്ടും വീണ്ടും മടങ്ങിവരാൻ ധൈര്യപ്പെടുന്നു. ശത്രുവിന്റെ മധുരഭോജനങ്ങളെക്കാൾ പിതാവിന്റെ കാഠിന്യമേറിയ ശിക്ഷണം മെച്ചമാണെന്നു കാണാൻ ഇന്നെനിക്കു കഴിയുന്നു. ആ പിതാവിൽ നിന്നു അകന്ന് ജീവിതത്തിൽ താത്ക്കാലികസുഖഭോഗങ്ങൾ അനുഭവിക്കുന്നതിനേക്കാൾ പാപത്തിന്റെ ഫലം പിതാവിന്റെ സാന്നിദ്ധ്യത്തിൽ അനുഭവിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. എനിക്കു ജീവിക്കുവാൻ പിതാവിന്റെ സന്നിധിയേക്കാൾ മെച്ചപ്പെട്ട ഒരിടം ഇല്ല. അവിടുത്തെ അന്വേഷിക്കുന്നതിൽ എനിക്കു വീഴ്ച പറ്റിയാൽ ഞാൻ വേഗത്തിൽ മടങ്ങിവന്ന് പിതാവിന്റെ കാൽക്കൽ വീഴുകയും എനിക്കുള്ള അത്യധികമായ ദുഃഖം അനുതാപവാക്കുകളിലൂടെ അറിയിക്കുകയും ചെയ്യും-ഇതേ വാക്കുകൾ ഒരായിരം തവണ പറഞ്ഞിട്ടുണ്ടെങ്കിൽത്തന്നെ. ദൈവം അധികാരചിഹ്നമായ മോതിരം എന്റെ വിരലിൽ അണിയിക്കുന്നു-ഇതിനുമുമ്പ് ആയിരം തവണ ഞാനാ മോതിരം നഷ്ടപ്പെടുത്തിയവനാണെങ്കിൽ പോലും!! പിതാവ് തന്റെ പുത്രന്റെ നീതിയുടെ അങ്കി വീണ്ടും എന്നെ അണിയിക്കുന്നു-മുമ്പു തന്ന വസ്ത്രങ്ങൾ അനേകതവണ ഞാൻ മലിനമാക്കിയവൻ ആണെങ്കിലും! പിതാവ് എനിക്കു വേണ്ടി വീണ്ടും വിരുന്നൊരുക്കുന്നു. അവിടുത്തേക്കൊരിക്കലും മടുപ്പു തോന്നുന്നില്ല!! വിലാപങ്ങൾ 3:19-23ൽ നാം ഇപ്രകാരം വായിക്കുന്നു: "......നാം മുടിഞ്ഞുപോകാതിരിക്കുന്നത് യഹോവയുടെ ദയയാകുന്നു. അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ. അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്തത വലിയതും ആകുന്നു."

ഇതു ഞാനോർക്കും; അതുകൊണ്ട് ഞാൻ പ്രത്യാശയുള്ളവനായിരിക്കും.(വാക്യം.21)

ചെറുപ്പക്കാരായ സഹോദരങ്ങളേ, എന്നോടൊപ്പം യാത്രചെയ്യൂ. 'കരിങ്കാലികളെ' സ്നേഹിക്കുന്ന ഈ പിതാവിന്റെ സ്നേഹം അനുഭവിക്കൂ.

# ദൈവത്തിനായുള്ള ദാഹം: എലിസബെത്ത് റോ

**മ**രണത്തെ അഭിമുഖീകരിച്ചപ്പോൾ എലിസബെത്ത് റോ ഇപ്രകാരം എഴുതി:"നശ്വരമായ എല്ലാറ്റിനോടും വിട! അനന്തമായ നിത്യതയാണല്ലോ വരുന്നത്;നിത്യത! എത്ര മധുരമായ പദം!! ദൈവം ഉള്ളിടത്തോളം കാലം എന്റെ ഉൺമയും സന്തോഷവും ഭദ്രമാണ്. വിശാലമായ സൃഷ്ടിയുടെ ലോകത്തിനു പരിമിതപ്പെടുത്താൻ കഴിയാത്ത സ്വതന്ത്രമായ ഈ ആശകൾ എന്നെന്നേക്കുമായി തൃപ്തിപ്പെടാൻ പോകുന്നു."



അവർ കൂടെക്കൂടെ ചിന്തിച്ചിരുന്ന കാര്യം ആണിത്. നിത്യത ഒരു യാഥാർത്ഥ്യമല്ലെങ്കിൽ ലോകത്തിലുള്ള ഒന്നിനും തൃപ്തിപ്പെടുത്താൻ കഴിയാത്ത അദമ്യമായ ഈ ദാഹം എന്നിൽ എന്തിന് ഉളവായി? ഭക്തരായ ക്രിസ്ത്യാനികളുടെ എന്നെന്നത്തേയും ചോദ്യം.

എലിസബെത്ത് സിംഗർ ഇംഗ്ലണ്ടിലെ ഇൻചെസ്റ്റർ എന്ന സ്ഥലത്താണ് വിയോജിതപ്രസ്ഥാനത്തിലെ ഒരു പട്ടാളക്കാരന്റെ മകളായി പിറന്നത്. പന്ത്രണ്ടാമത്തെ വയസ്സിൽ അവൾ കവിതയെഴുത്താരംഭിച്ചു. ഒരു സ്നേഹിതയുടെ അഭിപ്രായത്തിൽ ബാല്യകാലം മുതലേ എലിസബെത്തിന്റെ ഭാവനയെ കാവ്യദേവത നിറം പിടിപ്പിച്ചിരുന്നു. അവളുടെ ആത്മാവിൽ ഭാവുകത്വവും സംഗീതവും നിറഞ്ഞുനിന്നിരുന്നു. സ്നേഹിതരുടെ നിർബന്ധത്തിനു വഴങ്ങി ഇരുപത്തിരണ്ടാമത്തെ വയസ്സിൽ സ്വന്തം കവിതകളുടെ ഒരു സമാഹാരം പ്രസിദ്ധീകരിക്കുകയുണ്ടായി.

1710ൽ തോമസ് റോ എന്ന യുവാവുമായുള്ള വിവാഹം നടന്നു. കേവലം അഞ്ചു വർഷം മാത്രമേ ആ ദാമ്പത്യം നിലനിന്നുള്ളു. ഭർത്താവിന്റെ അകാലനിര്യാണം എലിസബെത്തിനെ അഗാധമായ ദുഃഖത്തിലാഴ്ത്തുകയും 'മരണത്തിലെ സൗഹൃദം' എന്ന പ്രസിദ്ധമായ ഗ്രന്ഥം രചിക്കാൻ ഈ വേർപാട് പ്രേരകമാകുകയും ചെയ്തു. വൈധവ്യം ഹൃദയപൂർവ്വം സ്വീകരിച്ച അവർ ഒരുവിധം ഏകാന്തതയിൽ എഴുത്തു തുടരാനായി ലണ്ടൻപട്ടണം വിട്ട് ഫ്രോം എന്ന സ്ഥലത്തേക്ക് താമസം മാറ്റി. എങ്കിലും എല്ലാ സാമൂഹ്യചുറ്റുപാടിലും ദൈവസ്നേഹം പ്രസരിപ്പിക്കുന്ന ഒരു മഹിളാരത്നം ആയിരുന്നു എലിസബെത്ത്.

മരണത്തോട് താൻ അടുക്കുകയാണെന്ന് ഗ്രഹിച്ചപ്പോൾ ഉറ്റമിത്രമായിരുന്ന ഐസക് വാട്ട്സിനോട് തന്റെ കൃതികൾ പ്രസിദ്ധീകരണയോഗ്യമാക്കുവാൻ അവർ ആവശ്യപ്പെടുകയുണ്ടായി. പ്രസിദ്ധ ക്രൈസ്തവഗാനരച





യിതാവായിരുന്ന ഐസക് വാട്സ് അവരുടെ അഭ്യർത്ഥന മാനിക്കുകയും തൽഫലമായി എലിസബെത്ത് റോ രചിച്ച "ഹൃദയത്തിന്റെ ഭക്തിമാർഗം" എന്ന ലഘുഗ്രന്ഥം നമുക്ക് ലഭ്യമാകുകയും ചെയ്തു. ദൈവത്തോടുള്ള ഭക്തിയുടെ കെടാത്ത തീനാളങ്ങൾ നിറഞ്ഞുനിൽക്കുന്ന ഈ ഗ്രന്ഥം വിശുദ്ധമായ ഒരു ദാഹത്തിന്റെ ഭാഷയാണ് സംസാരിക്കുന്നത്. ദൈവത്തെ കൂടുതൽ സ്നേഹിക്കാനുള്ള അദമ്യമായ ദാഹം പ്രതിഫലിപ്പിക്കുന്ന പ്രസ്തുത ഗ്രന്ഥത്തിലെ ഒരു ഭാഗമാണ് വായനക്കാർക്കായി ചുവടേ ചേർത്തിരിക്കുന്നത്.

# സ്വർഗ്ഗീയതീനാളം

**എ**ന്റെ ദൈവമേ, എന്റെ ആത്മാവിനും അവിടുത്തേക്കും മദ്ധ്യേ ഈ അനശ്വരമായ നിർമ്മാണം ഇത്ര വലിയ അകലം സൃഷ്ടിച്ചിരിക്കുന്നത് എന്തുകൊണ്ട്? അവിടുത്തെ സത്ത എന്നെ ആവരണം ചെയ്യുന്നുണ്ടെങ്കിലും എനിക്ക് അങ്ങയെ സ്പർശിക്കുവാൻ കഴിയുന്നില്ല. അങ്ങയെ അനുഗമിക്കുന്ന ഞാൻ സ്വർഗ്ഗത്തിലും ഭൂമിയിലും അവിടുത്തെ കാൽചുവടുകൾ പിൻപറ്റുന്നെങ്കിലും അങ്ങയോടൊപ്പം എത്താൻ ഒരിക്കലും കഴിയുന്നില്ല. അങ്ങ് എപ്പോഴും എനിക്കു മുമ്പേ കടന്നുപോകുന്നു. അങ്ങയെ സ്പർശിക്കാൻ എനിക്കു കഴിയുന്നില്ലല്ലോ?

കാണാതെ ഞാൻ സ്നേഹിക്കുന്നവനേ! ഏതൊരു ശക്തമായ സ്വാധീനത്താലാണോ എന്റെ ആത്മാവിനെ അവിടുന്ന് ആകർഷിക്കുന്നത്? കണ്ണു കണ്ടിട്ടില്ല; ചെവി കേട്ടിട്ടില്ല; ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നിയിട്ടുമില്ല; അങ്ങ് യഥാർത്ഥത്തിൽ ആരാണെന്ന്. എങ്കിലും കാഴ്ചയ്ക്കും കേഴ്വിക്കും ഹൃദയത്തിനു ഗ്രഹിക്കാൻ കഴിയുന്നതിനും അപ്പുറമായി ഞാൻ അങ്ങയെ സ്നേഹിക്കുന്നു.

കർത്താവേ, ആശ്രയത്തിനായി എന്റെ ഹൃദയം അങ്ങയോട് പറ്റിയിരിക്കുന്നു. രഹസ്യവും സ്ഥിരവുമായ ആശ്വാസത്തിന്റെ ഉറവിടമായി ഞാൻ അങ്ങയെ കാണുന്നു. അത്യധികം ആത്മവിശ്വാസത്തോടെ എനിക്ക് അങ്ങയോട് സംസാരിക്കാം. അവിടുന്ന് എന്റെ ഏറ്റവും വലിയ ആനന്ദമാകുന്നുവല്ലോ. അവിടുത്തെ അസ്തിത്വത്തെയും മഹത്വത്തെയും പറ്റിയുള്ള ചിന്ത എന്റെ ആത്മാവിനെ ഉത്തേജിപ്പിക്കുന്നു; എന്റെ ഹൃദയത്തെ സന്തോഷത്താൽ നിറയ്ക്കുന്നു; എന്റെ ആത്മാവ് ആനന്ദത്താൽ നിറഞ്ഞുകവിയുന്നു. അവിടുത്തെ അനുഗ്രഹനിറവിലും ആധിപത്യത്തിലും ഞാൻ പുകഴുന്നു. മഹത്വവാനായി, പരിമിതികളില്ലാതെ, എന്റെ ദൈവമേ! അങ്ങു വാണരുളുക.

ഭൂമിയിൽ ഒരു പുഴുവായ ഞാൻ സ്വർഗ്ഗീയസൈന്യങ്ങളോടൊത്ത്, അഗ്നിജ്വാലകളായ ദൂതഗണങ്ങളോടൊത്ത് അവിടുത്തെ രാജ്യവും മഹത്വവും കണ്ട് ആനന്ദിക്കുന്നു.

ഞാൻ അങ്ങയെ സ്നേഹിക്കുന്നു. ഇതുമാത്രമേ എനിക്കുച്ചരിക്കാൻ കഴിയുന്നുള്ളു.. മറ്റെല്ലാം വാക്കുകൾക്ക് അതീതമാണ്. നിത്യതയുടെ ഭാഷ സംസാരിക്കും നാൾവരെ മധുരമായ ആ കഥ പറയാതിരിക്കണം. നിത്യത വിടരുമ്പോൾ അത്ഭുതകര

മായ ആ കഥ ഞാൻ പറഞ്ഞുതുടങ്ങും. അനന്തമായി അതു നീണ്ടുപോകും. പതിനായിരങ്ങളിൽ സുന്ദരനേ, അവിടുത്തെ സൗന്ദര്യം വർണിക്കുന്ന ആ കഥ അപ്പോഴും തുടങ്ങിയിട്ടേ ഉണ്ടാവൂ. ആ സ്നേഹഗാഥ എന്നും പുത്തനായിരിക്കും. നിത്യത മുഴുവൻ എന്റെ ആത്മാവിനെ ത്രസിപ്പിക്കുന്നതായിരിക്കും അത്....

അവിടുത്തെ മുഖം സദാ ദർശിക്കുന്ന മാലാഖമാരേ! പരിപാവനമായ ഈ മർമ്മം നിങ്ങൾ വിശദീകരിക്കുമോ? ഈ സ്വർഗ്ഗീയമായ തീനാളത്തിന്റെ ഉത്ഭവം എങ്ങനെയെന്നു പറയാമോ? ഈ നശ്വരമായ ശരീരത്തിൽ സ്വർഗ്ഗീയ അഗ്നി പകർന്നതാര്? ഈമൺകട്ടയിൽ ദിവ്യാഭിലാഷം നിറച്ചതാര്?

ഭൂമിയിലെ മനോഹരപുഷ്പങ്ങളേ, ആകാശത്തിലെ തേജോഗോളങ്ങളേ, നിങ്ങളുടെ പ്രശംസ നിരർത്ഥകമത്രേ. ഞാൻ അന്വേഷിക്കുന്ന മഹത്വം നിങ്ങളെ ലജ്ജിപ്പിക്കുന്നത് തന്നെ. നിങ്ങൾ എനിക്കു കാഴ്ച വയ്ക്കുന്ന മനോഹരചിത്രങ്ങൾക്കുനേരേ കണ്ണടച്ച് അഭൗമമായ ഒരു തേജസ്സിലേക്ക് ഞാൻ കണ്ണുകൾ തുറക്കട്ടെ. ദൃശ്യമായതൊന്നിനും തൃപ്തിപ്പെടുത്തുവാൻ കഴിയാത്ത ആശകൾ, ഭൗമികമായ ഒന്നുകൊണ്ടും ശമിപ്പിക്കാൻ കഴിയാത്ത ദാഹം, ഞാൻ അനുഭവിക്കുന്നു. എന്റെ അന്വേഷണത്തിന് അനുയോജ്യമായ വസ്തുക്കളെ ഞാൻ എന്നു കണ്ടെത്തും? വിദൂരതയിലുള്ള ഏതോ നന്മയ്ക്കായി എന്റെ ആത്മാവ് ആകാംക്ഷയോടെ തുടിക്കുന്നു; മങ്ങിയ ഒരു പ്രകാശരശ്മിയെ നോക്കി ഇമവെട്ടാതെ കാത്തിരിക്കുന്നു. മേഘപാളികളെ കീറിമുറിച്ചുകൊണ്ട് ആ സ്വർഗ്ഗീയതേജസ്സ് എപ്പോഴാണോ എന്റെ ആത്മാവിനെ നിറയ്ക്കുക?

മങ്ങിയ ഭാവനയുടെ ലോകത്ത് വിശുദ്ധമായ എരിവോടെ ഞാൻ ഇന്ന് അങ്ങയെ സ്നേഹിക്കുന്നു. എന്നാൽ മൂടുപടം നീങ്ങി അവിടുത്തെ സംപൂർണ്ണതയിൽ ഞാൻ അങ്ങയെ കാണുമ്പോൾ ആ സൗന്ദര്യത്തിന്റേയും മഹത്വത്തിന്റെയും മുമ്പിൽ ഏതൊക്കെ പുതിയ ചക്രവാളങ്ങളാവും തുറക്കപ്പെടുക! അന്ന് എനിക്കു ലഭ്യമാകുന്ന സ്വർഗ്ഗീയസൗഭാഗ്യങ്ങൾ അവർണ്ണ്യമായിരിക്കും. സകലത്തിനും മതിയായ മഹാദൈവത്തോട് ചേർന്ന് ഒന്നായിത്തീരുന്ന മനുഷ്യപുത്രന്മാർക്ക് ഉച്ചരിക്കുവാൻ വാക്കുകളില്ലാത്ത ആ മഹാസന്ദർഭത്തിൽ, മായിച്ചുകളയാൻ പറ്റാത്ത എന്തൊക്കെ ചിന്തകളാവും എന്നിൽ നിറയുന്നത്!

പ്രകൃതിയുടെ സഖ്യം അന്ന് തകർക്കപ്പെടും. സമ്മിശ്രമായ നിയമങ്ങൾ ഇല്ലാതെപോകും. ദൈവത്തിന്റെ നിത്യമായ അസ്തിത്വംപോലെ സർവ്വശക്തനോടുള്ള എന്റെ ബന്ധം മാറ്റമില്ലാതെ എന്നേക്കും നിലനിൽക്കും. ‘‘ജീവനോ, മരണത്തിനോ, ദൂതന്മാർക്കോ, വാഴ്ചകൾക്കോ, അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിനോ, വരുവാനുള്ളതിനോ എന്നെ അവിടുത്തെ സ്നേഹത്തിൽ നിന്നു വേർപെടുത്തുവാൻ കഴിയുകയില്ല.”

എന്റെ സന്തോഷത്തിന് അതിരില്ല....എന്റെ സൗഭാഗ്യത്തിനു പരിമിതികളില്ല.; ഈ ഭാഗ്യാവസ്ഥയിലേക്ക് പൂർണ്ണമായി ഞാൻ എന്നു പ്രവേശിക്കുമോ.....ഞാൻ ആവലോടെ അതിനായി കാത്തിരിക്കുന്നു....

(കടപ്പാട്: All the saints adore Thee- Bruce Shelly)

സമ്പാദകൻ:-**മാത്യു ജോർജ്**





ചിന്തയ്ക്ക്

# ക്രിസ്തുവിന്റെ കഷ്ടങ്ങൾ

സാക് പുന്നൻ

‘**ഞാൻ**..........ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവുള്ളത് എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിനുവേണ്ടി പൂരിപ്പിക്കുന്നു”(കൊലോ.1:24). പൗലൊസ് ഇപ്രകാരം പറഞ്ഞപ്പോൾ എന്താണ് അതുകൊണ്ട് അർത്ഥമാക്കിയത്?

ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ എന്തെങ്കിലും കുറവായിട്ടുണ്ടോ? തീർച്ചയായും ഇല്ല. അദ്ദേഹം ക്രൂശിൽവച്ച് “നിവൃത്തിയായി” എന്നു പറഞ്ഞു. അപ്പോൾ പിന്നെ ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായിട്ടുള്ളത് തനിക്കു പൂർത്തിയാക്കേണ്ടിയിരിക്കുന്നു എന്നു പറയുമ്പോൾ പൗലൊസ് അർത്ഥമാക്കിയത് എന്താണ്?

യേശുവിന് രണ്ടു തരത്തിലുള്ള കഷ്ടങ്ങൾ ഉണ്ടായിരുന്നു-ഒന്ന്:ബാഹ്യമായിട്ടുള്ളത്(ശാരീരികമായത്); മറ്റേത് ആന്തരികമായത്(ആത്മീയമായത്). തന്റെ ബാഹ്യമായുള്ള കഷ്ടങ്ങൾ താൻ നസ്റേത്തിൽ വളർന്നുവവന്ന സമയങ്ങൾ മുതൽ ചെറിയ തോതിൽ തുടങ്ങിക്കാണണം. ഒടുവിൽ കാൽവറിയിലെ അത്യധികമായ വേദനയിലായിരുന്നു അത് അവസാനിച്ചത്. ഈ കഷ്ടങ്ങൾ മിക്കവാറും മറ്റുള്ളവർക്ക് ദൃശ്യമായിരുന്നു.എന്നാൽ അദ്ദേഹത്തിന്റെ ആന്തരികമായ കഷ്ടങ്ങൾ മറ്റുള്ളവർക്ക് അദൃശ്യവും അജ്ഞാതവും ആയിരുന്നു.

ഈ ഇരുപതു നൂറ്റാണ്ടുകളായി ഒരു ചെറിയ ശതമാനം വിശ്വാസികൾക്കു മാത്രമേ സുവിശേഷത്തിനു വേണ്ടി ബാഹ്യമായി(ശാരീരികമായി) കഷ്ടം അനുഭവിക്കേണ്ടതായി വന്നിട്ടുള്ളു.. എന്നാൽ ഓരോ വിശ്വാസിയും ക്രിസ്തുവിന്റെ ആന്തരികമായ കഷ്ടങ്ങളിൽ പങ്കാളിയാകാൻ വേണ്ടി വിളിക്കപ്പെട്ടിരിക്കുന്നു.

എന്താണ് ആന്തരികമായ കഷ്ടങ്ങൾ?“ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മ”യ്ക്കായി പൗലൊസ് വാഞ്ഛിച്ചിരുന്നു എന്ന് അദ്ദേഹം പറയുന്നു(ഫിലി.3:11). കഷ്ടത്തിനു വിപരീതമായിട്ടുള്ള കാര്യമാണ് സന്തോഷം(pleasure).പാപം ചെയ്യുവാനായി നാം പരീക്ഷിക്കപ്പെടുമ്പോൾ നമ്മുടെ മുമ്പിൽ ഒരു തെരഞ്ഞെടുപ്പ് ഉണ്ട്.-ഒന്നുകിൽ നമ്മുടെ ജഡത്തിനു സന്തോഷം നൽകുക, അല്ലെങ്കിൽ ആ ജഡത്തെ കഷ്ടം അനുഭവിക്കാനായി വിട്ടുകൊടുക്കുക. ഒരു ചെറിയ കാര്യത്തിൽ നമ്മുടെ സ്വന്തവഴി തെരഞ്ഞെടുക്കുവാൻ നാം പ്രേരിപ്പിക്കപ്പെടുമ്പോഴോ, നമ്മെ വേദനിപ്പിച്ച ഒരു വ്യക്തിയോട് നിർദ്ദയമായി ഒരു വാക്ക് സംസാരിക്കുവാൻ നാം പരീക്ഷിക്കപ്പെടുമ്പോഴോ പോലും ഇക്കാര്യം സത്യമാണ്. ജഡത്തിനു തൃപ്തി വരുത്തുന്ന മാർഗ്ഗം യേശു ഒരിക്കലും തെരഞ്ഞെടുത്തില്ല-ഒരു പ്രാവശ്യംപോലും തെരഞ്ഞെടുത്തില്ല. റോമ.15:3 നോക്കുക.

ജഡത്തിൽ കഷ്ടമനുഭവിക്കുന്ന മാർഗ്ഗമാണ് അദ്ദേഹം എല്ലായ്പോഴും തെരഞ്ഞെടുത്തത്. അതുകൊണ്ടാണ് അദ്ദേഹം ഒരിക്കൽപോലും പാപം ചെയ്യാഞ്ഞത്.

നാം തന്നെത്താൻ അതേവഴി തന്നെ തെരഞ്ഞെടുക്കുകയാണെങ്കിൽ നാമും പാപം വിട്ടൊഴിഞ്ഞിരിക്കും എന്നുള്ള വാഗ്ദാനം നമുക്ക് ദൈവവചനത്തിൽനിന്നു ലഭിക്കുന്നു(1പത്രോ.4:1,2). അവിടെ "ക്രിസ്തു ജഡത്തിൽ കഷ്ടമനുഭവിച്ചു" എന്നു പറയുമ്പോൾ ക്രിസ്തു എല്ലായ്പോഴും തന്റെ സ്വന്തഹിതത്തോട് "ഇല്ല" എന്നു പറഞ്ഞു എന്നാണ് അതിന്റെ അർത്ഥം(യോഹ.6:38).

ശാരീരികമായ കഷ്ടങ്ങളിൽ നിന്നോ, മരണത്തിൽ നിന്നോ വിടുവിക്കപ്പെടുവാൻവേണ്ടി യേശു ഒരിക്കലും (ഒരു പ്രാവശ്യം പോലും) പ്രാർത്ഥിച്ചിട്ടില്ല.എന്നാൽ അദ്ദേഹം 'ഉറച്ച നിലവിളിയോടും, കണ്ണീരോടും കൂടി' തന്നെ 'ആത്മീയമരണ'ത്തിൽ നിന്നു രക്ഷിക്കുവാനായി തന്റെ പിതാവിനോടു പ്രാർത്ഥിച്ചിരുന്നു(എബ്രാ.5:7). പാപം ചെയ്യുന്നതിന്റെ ഫലമായുണ്ടാകുന്ന മരണമാണ് ആത്മീയമരണം.(യെഹസ്കേൽ 18:4). പ്രാഥമികമായി, 'പാപം ചെയ്യുക' എന്നതിന്റെ അർത്ഥം, 'ദൈവത്തിന്റെ ഇഷ്ടത്തിനു പകരം നിങ്ങളുടെ ഇഷ്ടം ചെയ്യുക' എന്നതാണ്. യേശു എല്ലായ്പോഴും സ്വന്തഹിതം ത്യജിച്ച് തന്റെ പിതാവിന്റെ ഹിതം അനുസരിച്ച് പ്രവർത്തിച്ചു. അതുകൊണ്ട് അദ്ദേഹം ക്രൂശിൽവച്ച് 'നിവൃത്തിയായി' എന്നു പറഞ്ഞതിനു രണ്ടർത്ഥങ്ങൾ ഉണ്ട്: ഒന്നാമതായി അതിന്റെ അർത്ഥം അദ്ദേഹം സകലമനുഷ്യരുടെയും പാപങ്ങൾക്കുവേണ്ടിയുള്ള പരിഹാരം നിവർത്തിച്ചുകഴിഞ്ഞു എന്നതാണ്.

**യേശുവിന് രണ്ടു തരത്തിലുള്ള കഷ്ടങ്ങൾ ഉണ്ടായിരുന്നു- ഒന്ന്:ബാഹ്യമായിട്ടുള്ളത്(ശാരീരികമായത്); മറ്റേത് ആന്തരികമായത്(ആത്മീയമായത്). തന്റെ ബാഹ്യമായുള്ള കഷ്ടങ്ങൾ താൻ നസ്റേത്തിൽ വളർന്നുവവന്ന സമയങ്ങൾ മുതൽ ചെറിയതോതിൽ തുടങ്ങിക്കാണണം. ഒടുവിൽ കാൽവറിയിലെ അത്യധികമായ വേദനയിലായിരുന്നു അത് അവസാനിച്ചത്. ഈ കഷ്ടങ്ങൾ മിക്കവാറും മറ്റുള്ളവർക്ക് ദൃശ്യമായിരുന്നു.എന്നാൽ അദ്ദേഹത്തിന്റെ ആന്തരികമായ കഷ്ടങ്ങൾ മറ്റുള്ളവർക്ക് അദൃശ്യവും അജ്ഞാതവും ആയിരുന്നു.**

രണ്ടാമതായി അതിന്റെ അർത്ഥം ആദാമ്യവംശം അഭിമുഖീകരിക്കുവാൻ സാദ്ധ്യതയുള്ള എല്ലാ പാപപ്രേരണകളെയും അദ്ദേഹം നേരിടുകയും അവ എല്ലാറ്റിനേയും അദ്ദേഹം ജയിക്കുകയും ചെയ്തുകഴിഞ്ഞു എന്നതാണ്. അദ്ദേഹം 'സർവ്വത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെടുകയും' (എബ്രാ.4:15), ആ പരീക്ഷകളിൽ ഓരോന്നിലും 'ജഡത്തിൽ കഷ്ടമനുഭവിക്കുക'യും, അങ്ങനെ ഒരിക്കൽപോലും പാപം ചെയ്യാതിരിക്കുകയും ചെയ്തു.

ഇപ്പറഞ്ഞതായ ആന്തരികകഷ്ടങ്ങളിൽ നമ്മുടെ കർത്താവുമായി കൂട്ടായ്മ ഉണ്ടാകുവാനും 'അദ്ദേഹം ജയിച്ചതുപോലെ തന്നെ' ജയിക്കുവാനും(വെളി.3:21), പാപം ചെയ്യുന്നതു നിർത്തുവാനും ആയി (1കൊരി.15:34; 1യോഹ.2:11)

അതുകൊണ്ട് 'ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത്........പൂരിപ്പിക്കുന്നു'(കൊലോ.1:24) എന്നു പൗലൊസ് പ്രസ്താവിച്ചപ്പോൾ





അദ്ദേഹം ഉദ്ദേശിച്ചത് മുപ്പത്തിമൂന്നര വർഷം കൊണ്ട് ജഡത്തിലെ സകല തരത്തിലുമുള്ള കഷ്ടങ്ങളും യേശു സഹിച്ചുതീർത്തതുപോലെ അദ്ദേഹത്തിനു ഇതുവരെയും സഹിച്ചുതീർക്കുവാൻ കഴിഞ്ഞിട്ടില്ല എന്നതാണ്. (കൊലോസ്യർക്ക് ലേഖനമെഴുതുന്ന സമയത്ത് അദ്ദേഹത്തിന് ഏകദേശം 63 വയസ്സുണ്ടായിരുന്നു എന്നോർക്കുക.) പക്ഷേ ആ കഷ്ടങ്ങൾ എല്ലാം സഹിച്ചുതീർക്കുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. 'ക്രിസ്തുവിന്റെ ശരീര'ത്തിനു വേണ്ടിയാണ് താൻ ഈ കഷ്ടങ്ങളിലൂടെ കടന്നുപോകുവാൻ ആഗ്രഹിക്കുന്നത് എന്നും കൂടി അദ്ദേഹം അവിടെ പറയുന്നു. പുതിയ ഉടമ്പടിയുടെ കീഴിൽ ശുശ്രൂഷയിലൂടെ സഭയ്ക്കു ജീവൻ നൽകുവാനുള്ള ഏകമാർഗ്ഗം ഇതാണ് എന്നദ്ദേഹം അറിഞ്ഞിരുന്നു. "ഞങ്ങളിൽ മരണം വ്യാപരിക്കുമ്പോൾ നിങ്ങളിൽ ജീവൻ വ്യാപരിക്കുന്നു"(1കൊരി.4:12).

ഇപ്രകാരമാണ് ക്രിസ്തുവിന്റെ ശരീരത്തിൽ ശുശ്രൂഷ ചെയ്യുവാനായി നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നത്. (2കൊരി.1:4-8 വരെ നോക്കുക). ആദ്യംതന്നെ നാം നമ്മുടെ സ്വകാര്യ ജീവിതത്തിൽ ജഡത്തിൽ കഷ്ടമനുഭവിക്കുകയും, അപ്രകാരം പാപത്തെ കീഴടക്കുകയും ചെയ്യണം. അപ്പോൾ നാം സംസാരിക്കുന്ന വചനങ്ങളിൽ ആത്മീയാധികാരം ഉണ്ടായിരിക്കും.

യേശു പഠിപ്പിച്ചത് 'അധികാരം ഉള്ളവനായിട്ടത്രേ' എന്നു ഗിരിപ്രഭാഷണത്തിന്റെ ഒടുവിൽ രേഖപ്പെടുത്തിയിരിക്കുന്നു.(മത്താ.7:28,29). 'മെസ്സേജ്' പരിഭാഷയിൽ ഈ വാക്യം തർജ്ജുമ ചെയ്തിരിക്കുന്നത് ഇപ്രകാരമാണ്:"മതനേതാക്കന്മാരിൽ നിന്ന് തികച്ചും വിഭിന്നനായി യേശുതാൻ പഠിപ്പിച്ച ഓരോ കാര്യവും ജീവിതത്തിൽ പ്രാവൃത്തികമാക്കിയിരുന്നു എന്നു വ്യക്തമാണ്.

**യേശു എല്ലായ്പോഴും സ്വന്തഹിതം ത്യജിച്ച് തന്റെ പിതാവിന്റെ ഹിതം അനുസരിച്ച് പ്രവർത്തിച്ചു. അതുകൊണ്ട് അദ്ദേഹം ക്രൂശിൽവച്ച് 'നിവൃത്തിയായി' എന്നു പറഞ്ഞതിനു രണ്ടർത്ഥങ്ങൾ ഉണ്ട്: ഒന്നാമതായി അതിന്റെ അർത്ഥം അദ്ദേഹം സകലമനുഷ്യരുടെയും പാപങ്ങൾക്കുവേണ്ടിയുള്ള പരിഹാരം നിവൃത്തിച്ചു കഴിഞ്ഞു എന്നതാണ്. രണ്ടാമതായി അതിന്റെ അർത്ഥം ആദാമ്യവംശം അഭിമുഖീകരിക്കുവാൻ സാദ്ധ്യതയുള്ള എല്ലാ പാപപ്രേരണകളെയും അദ്ദേഹം നേരിടുകയും അവ എല്ലാറ്റിനേയും അദ്ദേഹം ജയിക്കുകയും ചെയ്തുകഴിഞ്ഞു എന്നതാണ്.**

ആളുകൾ എപ്പോഴെങ്കിലും ശ്രവിച്ചിട്ടുള്ള ഏറ്റവും നല്ല ഉപദേശം അതായിരുന്നു."

പ്രലോഭനങ്ങളുടെ അവസരങ്ങളിൽ ജഡത്തിൽ കഷ്ടമനുഭവിക്കുന്ന കാര്യത്തിൽ വിശ്വസ്തരാകുമ്പോൾ നാം ദൈവത്തിൽനിന്നു പ്രാപിക്കുന്ന ശക്തിയിൽ നിന്നുവരുന്ന ഉപദേശമാണ് നമുക്ക് മറ്റുള്ളവർക്ക് കൊടുക്കുവാൻ കഴിയുന്ന ഏറ്റവും നല്ല ഉപദേശം. പ്രസംഗിക്കുന്ന സംഗതി നാം പ്രാവൃത്തികമാക്കുമ്പോൾ മാത്രമേ അത്തരത്തിൽ ഉപദേശിക്കുവാൻ നമുക്കു കഴിയുകയുള്ളു. യേശു ആദ്യം തന്നെ ചെയ്യുകയും, പിന്നീട് ഉപദേശിക്കുകയും ചെയ്തു. (അപ്പോ.1:1).അതുപോലെ തന്നെ നമുക്കും ചെയ്യാം.

കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ!

മൊഴിമാറ്റം: സുജാ ഏബ്രഹാം

മാതാപിതാക്കളും മക്കളും-14

# വടി എങ്ങനെ ഉപയോഗിക്കണം?

ജോസ് മാത്യു, തിരുവനന്തപുരം

**ശ**രിയായ സമയത്ത് ആവശ്യമായ ശിക്ഷണം നൽകി മക്കളെ വളർത്തിയെടുക്കാനുള്ള ഉത്തരവാദിത്തം ദൈവം മാതാപിതാക്കളെ ഏൽപിച്ചിരിക്കുന്നു എന്നു നാം ചിന്തിക്കുകയുണ്ടായല്ലോ. ബാലശിക്ഷയുടെ പ്രാധാന്യം, വടി ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത എന്നിവയും നാം കണ്ടുകഴിഞ്ഞു. വടിയുടെ പ്രയോഗം സംബന്ധിച്ച് ചില കാര്യങ്ങൾകൂടി നമുക്കു ചിന്തിക്കാം.

ബാലശിക്ഷയോടുള്ള ബന്ധത്തിൽ വടിയുടെ പ്രയോഗമെന്ന ആശയം മനുഷ്യന്റെ കണ്ടുപിടിത്തമല്ല; അത് ദൈവം തന്നെ ആരംഭിച്ചതാകുന്നു. "കർത്താവു താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു(എബ്രാ.12:6). വടിയുടെ ഉപയോഗം ഒരു ദൈവികപദ്ധതി തന്നെയാണെന്നുള്ള തിരിച്ചറിവാണ് ഇന്നു ക്രിസ്തീയമാതാപിതാക്കൾക്ക് ആവശ്യമായിരിക്കുന്നത്. അങ്ങനെയെങ്കിൽ കോപത്തിൽ നിന്നോ വാശിയിൽനിന്നോ കുറ്റബോധത്തോടെയോ ഉള്ള ശിക്ഷകൾ ഉണ്ടാവുകയില്ല.

### അവസാനത്തെ അടവല്ല

ശിക്ഷണംനൽകുന്ന കാര്യത്തിൽ മറ്റെല്ലാ മാർഗ്ഗങ്ങളും പരാജയപ്പെടുമ്പോൾ 'അവസാനത്തെ ആയുധ'മെന്നവണ്ണമാണ് പല രക്ഷിതാക്കളും വടി എടുക്കുന്നത്. ഇതൊരു തെറ്റായ കാഴ്ചപ്പാടാണ്. ഉപദേശം,നല്ല വാക്കുകൾ, ശാസന, വഴക്കുപറച്ചിൽ, മുന്നറിയിപ്പ്, പരിഹാസം, ഭീഷണി ഇവയെല്ലാം പരാജയത്തിൽ കലാശിക്കുമ്പോഴാണ് പല മാതാപിതാക്കളും സഹികെട്ട് ഒടുവിൽ വടി എടുത്ത് കുട്ടിയെ തല്ലുന്നത്. എന്നാൽ ദൈവം ഇവ്വിധമല്ല കാര്യങ്ങൾ പ്ലാൻ ചെയ്തിരിക്കുന്നത് എന്നറിയുക. മക്കളോടുള്ള 'പോരാട്ടത്തിലെ അവസാന ആയുധ'മല്ല വടി.

കുട്ടിയിലുള്ള അനുസരണക്കേടിനെ അഥവാ ദുശ്ശാഠ്യത്തെ ദൈവഹിതപ്രകാരം തുരത്താനുള്ള മാതാപിതാക്കളുടെ പ്രാഥമിക പ്രതികരണമായിട്ടാണ് വടിയുടെ ഉപയോഗത്തെ കാണേണ്ടത്. അതിനുള്ള അധികാരം അവിടുന്ന് നിങ്ങളെ ഏൽപിച്ചിരിക്കുകയാണ്-ഈ വസ്തുത ഒരിക്കലും മറക്കരുത്. മക്കളോട് അനുസരണം ആവശ്യപ്പെടേണ്ടത് അപേക്ഷാസ്വരത്തിലോ അഭ്യർത്ഥനാരൂപത്തിലോ ക്ഷമാപണസ്വരത്തിലോ അല്ല. 'ഇങ്ങനെ ചെയ്യാത്തപക്ഷം നീ തല്ലുകൊള്ളും' എന്ന് ഭീഷണി മുഴക്കേണ്ടതുമില്ല. ദൈവം നൽകിയ അധികാരം ഉപയോഗപ്പെടുത്തിക്കൊണ്ട് അധികാരപൂർവ്വം നിങ്ങൾ കുട്ടികളോട് സംസാരിക്കുകയാണ് വേണ്ടത്. വളരെ വേഗം അവരത് മനസ്സിലാക്കും, അനുസരിക്കും.

കുഞ്ഞുങ്ങൾ പെട്ടെന്നു അനുസരിക്കണം. സന്തോഷത്തോടെ ആദരവോടെ അനുസരിക്കണം. വൈകിയും മുഖം വീർപ്പിച്ചും പിറുപിറുപ്പോടെയുമല്ല അനുസരിക്കേണ്ടത്-ഇക്കാര്യങ്ങൾ വ്യക്തമായി നിങ്ങൾ അവരെ ഗ്രഹിപ്പിക്കണം. അനുസരിക്കാൻ കുട്ടി വിസമ്മതിക്കുന്നുവെങ്കിൽ വടിയെടുത്ത് ദൈവവചനപ്രകാരമുള്ള ബാലശിക്ഷ നൽകാൻ നിങ്ങൾ മടിക്കരുത്. നന്നേ ചെറുപ്പത്തിൽതന്നെ ഇപ്രകാരം ചെയ്തുതുടങ്ങുന്നെങ്കിൽ പിൽക്കാലത്ത് അതികഠിനമായ ശിക്ഷകൾ ആവശ്യമായി വരികയുമില്ല.

ചെറുപ്പം മുതൽക്കേ വടികൊണ്ടുള്ള ബാലശിക്ഷ പരിചയിച്ചിട്ടുള്ള കുട്ടികൾ വേഗം ഒരു കാര്യം ഗ്രഹിക്കും-മാതാപിതാക്കളുടെ അധികാരത്തെ തങ്ങൾക്കു നിസ്സാരമായി കാണാൻ കഴിയുകയില്ല. ശരിയായ ശിക്ഷണത്തിൽ വളർന്നിട്ടുള്ള കുട്ടികൾ സന്തോഷമുള്ളവരും സുരക്ഷിതത്വബോധമുള്ളവരുമായിരിക്കും. അനുസരണം അവർക്കു ശ്വാസോച്ഛ്വാസം പോലെസ്വാഭാവികമായിരിക്കും. പിതാവിന്റെ അഥവാ മാതാവിന്റെ അധികാരത്തിൻ കീഴിൽ ആറ്റരികത്തു വളരുന്ന വൃക്ഷങ്ങൾ പോലെ അവർ തഴച്ചു വളർന്നുവരും!

വീട്ടിൽ നന്നായി ബാലശിക്ഷ നേടി വളരുന്ന കുഞ്ഞുങ്ങൾ തികച്ചും അനുഗൃഹീതരാണ്. അധികാരസ്ഥാനങ്ങളെ ആദരിക്കാനും അനുസരിക്കാനും വിധേയപ്പെട്ടിരിക്കാനും അവർക്ക് വിഷമം ഉണ്ടാവുകയില്ല. അടിയുടെ വേദന ചില മിനുട്ടുകൾ മാത്രമേ നിലനിൽക്കൂ. എന്നാൽ അതിലൂടെ ലഭിക്കുന്ന അഭ്യസനം, ചിട്ട, അച്ചടക്കം എന്നിവയെല്ലാം ഒരായുഷ്ക്കാലം മുഴുവൻ നിലനിൽക്കും. ചെറുപ്പത്തിൽ ഈ വിധമുള്ള പരിശീലനം ലഭിക്കാത്ത കുട്ടികൾ മുതിർന്ന ശേഷം വളരെ ദയനീയമായ കാര്യങ്ങൾക്കും അദ്ധ്യാപകരെ അധിക്ഷേപിക്കുന്നതിനും മറ്റും നേതൃത്വം നൽകുകവഴി പുറത്താക്കപ്പെടുക, മേലധികാരികളെ ധിക്കരിക്കുകവഴി ജോലിക്കയറ്റം അഥവാ തൊഴിൽതന്നെ നഷ്ടപ്പെടുക ഇങ്ങനെ എന്തെല്ലാം

> **കുട്ടിയിലുള്ള അനുസരണക്കേടിനെ അഥവാ ദുശ്ശാഠ്യത്തെ ദൈവഹിതപ്രകാരം തുരത്താനുള്ള മാതാപിതാക്കളുടെ പ്രാഥമിക പ്രതികരണമായിട്ടാണ് വടിയുടെ ഉപയോഗത്തെ കാണേണ്ടത്. മക്കളോട് അനുസരണം ആവശ്യപ്പെടേണ്ടത് അപേക്ഷാസ്വരത്തിലോ അഭ്യർത്ഥനാരൂപത്തിലോ ക്ഷമാപണസ്വരത്തിലോ അല്ല. 'ഇങ്ങനെ ചെയ്യാത്തപക്ഷം നീ തല്ലുകൊള്ളും' എന്ന് ഭീഷണി മുഴക്കേണ്ടതുമില്ല. ദൈവം നൽകിയ അധികാരം ഉപയോഗപ്പെടുത്തിക്കൊണ്ട് അധികാരപൂർവ്വം നിങ്ങൾ കുട്ടികളോട് സംസാരിക്കുകയാണ് വേണ്ടത്.**

ഹൃദയവ്യഥകൾ!

### കോപവും ക്രൂരതയും പാടില്ല.

കുഞ്ഞുങ്ങളെ ദൈവം സൃഷ്ടിച്ചിരിക്കുന്നത് കുഞ്ഞുങ്ങളായിട്ടാണ്. മുതിർന്നവരായിട്ടല്ല.അവർ മിക്കപ്പോഴും പല കുസൃതികൾ, മണ്ടത്തരങ്ങൾ,അനുസരണക്കേട്, അബദ്ധങ്ങൾ ഒക്കെ പ്രവർത്തിക്കും. ഇതൊക്കെ കാണുമ്പോൾ മിക്ക മാതാപിതാക്കളും അസ്വസ്ഥരാകും. ചിലർ അരിശം കൊള്ളും, മറ്റുചിലർ വാശി പിടിച്ച് മക്കളെ ഒരു പാഠം പഠിപ്പിച്ചിട്ടേയുള്ളൂ എന്ന ഭാവത്തിലാകും. എന്നാൽ ഒരു കാര്യം ഓർത്തുകൊള്ളുക: ഒരിക്കലും നിങ്ങളുടെ അരിശം തീർക്കാനായി മക്കളെ ശിക്ഷിക്കരുത്. നിങ്ങളുടെ ഉള്ളിൽ പെട്ടെന്നുണർന്നു വരുന്ന കോപത്തെ അഥവാ വാശിയെ നിയന്ത്രിച്ചടക്കുകയാണ് വേണ്ടത്; അല്ലാതെ അവ കുട്ടികളുടെ മേൽ പ്രയോഗിക്കുകയല്ല ചെയ്യേണ്ടത്.

"മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ പ്രവർത്തിക്കുന്നില്ല."(യാക്കോ.1:20). കൊലപാതക

(ശേഷം പേജ് 29ൽ)

വചനം

# പാറസ്ഥലത്തു വീണ വിത്ത്

വാച്ച്മാൻ നീ


“മറ്റു ചിലത് പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്തേടത്ത് വീണു. മണ്ണിനു താഴ്ച ഇല്ലായ്കയാൽ ക്ഷണത്തിൽ മുളച്ചുവന്നു; സൂര്യൻ ഉദിച്ചാറെ ചൂടു തട്ടി, വേരില്ലായ്കകൊണ്ട് ഉണങ്ങിപ്പോയി”(മർക്കോസ് 4:5).

‘ക്ഷണത്തിൽ അതു മുളച്ചുവന്നു’-എത്ര വേഗത്തിലുള്ള വളർച്ച! ഹൃദയത്തിന്റെ മണ്ണിൽ ദൈവവചനം വീഴുകയിൽതന്നെ ചിലതു സംഭവിച്ചിരിക്കുന്നു. ആ വ്യക്തിയെ സംബന്ധിച്ചിടത്തോളം വചനം ഒരു തത്വമായിരിക്കുന്നില്ല.-വചനം അവനിൽ ഒരു ക്രിയ ചെയ്തിരിക്കുന്നു. എന്നാൽ ക്ഷണത്തിലുള്ള ആ വളർച്ച നിലനിൽക്കുമെന്നുറപ്പില്ല എന്നാണ് കർത്താവ് നൽകുന്ന മുന്നറിയിപ്പ്. ഇവിടെ നാം ദർശിക്കുന്ന ചിത്രം അപ്രകാരമുള്ള ഒരു മനുഷ്യന്റേതാണ്.-അതിമനോഹരമായ ഒരു തുടക്കവും അത്യന്തം ദുഃഖകരമായ ഒരന്ത്യവും! ആ പുതിയ മുളയിൽ എത്ര വാഗ്ദാനങ്ങൾ ഉൾക്കൊണ്ടിരുന്നു. എത്രവേഗം അതിന്റെ സാദ്ധ്യത മങ്ങിപ്പോയി! ക്രിസ്തീയയുവാക്കൾ അത്യുൽസാഹത്തോടെ ക്രൂശിന്റെ മാർഗ്ഗത്തിൽ ഇറങ്ങിത്തിരിച്ചിട്ട്, ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ, അല്ല ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽത്തന്നെ തങ്ങളുടെ പ്രത്യാശയും സന്തോഷവും നഷ്ടപ്പെട്ട് ജീവന്റെ ലക്ഷണങ്ങൾ പോലും കണ്ടെത്തുക സാദ്ധ്യമല്ലാത്തവിധം ആയിത്തീരുന്ന കാഴ്ച എത്ര സാധാരണമാണ്!!

ഈ ഉപമയിലൂടെ കർത്താവ ഒരു മുന്നറിയിപ്പു നൽകുക മാത്രമല്ല ഈ ദുസ്ഥിതിയുടെ കാരണം വ്യക്തമാക്കുക കൂടെ ചെയ്യുന്നു. “പാറസ്ഥലത്തു വിതച്ചതു വചനം കേട്ടയുടനെ സന്തോഷത്തോടെ കൈക്കൊള്ളുന്നവർ, എങ്കിലും അവർ ഉള്ളിൽ വേരില്ലാതെ ക്ഷണികന്മാർ ആകുന്നു, വചനം നിമിത്തം ഉപദ്രവമോ പീഡയോ ഉണ്ടായാൽ ക്ഷണത്തിൽ ഇടറിപ്പോകുന്നു.” നാം കേട്ടശേഷം ഉടനെ മറ്റുള്ളവരെ കേൾപ്പിക്കുക എന്ന ലക്ഷ്യത്തിലല്ല ദൈവവചനം നമുക്ക് നൽകപ്പെടുന്നത്. അങ്ങനെ ചെയ്യുന്നതുനിമിത്തം മറ്റുള്ളവർക്ക് നമ്മെക്കുറിച്ച് മതിപ്പ് വർദ്ധിക്കുമായിരിക്കാം. എന്നാൽ ദൈവവചനം നാം സ്വീകരിക്കുന്നതിനെ തുടർന്ന്, ദൈവം ചില പ്രത്യേകസാഹചര്യങ്ങളിലേക്ക് നമ്മെ നടത്തുന്നു. ഈ സാഹചര്യങ്ങൾ നാം സ്വീകരിച്ച വചനത്തിന്റെ അഭാവം നമ്മുടെ ജീവിതത്തിൽ കാണിക്കുകയും അതിനായുള്ള ആവശ്യബോധത്തിലേക്കു നമ്മെ നടത്തുകയും ചെയ്യുന്നു. ഉദാഹരണത്തിന് സഹിഷ്ണുതയെക്കുറിച്ചുള്ള വചനം നാം കേട്ട ശേഷം സഹിഷ്ണുത പ്രാപിക്കാതെ ഇനി മുന്നോട്ടുപോകുക സാദ്ധ്യമേയല്ല എന്നുറയ്ക്കുമാറുള്ള സാഹചര്യം ദൈവം നമ്മുടെ ജീവിതത്തിൽ അയ







“മറ്റു ചിലത് പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്തേടത്ത് വീണു.മണ്ണിനു താഴ്ച ഇല്ലായ്കയാൽ ക്ഷണത്തിൽ മുളച്ചുവന്നു; സൂര്യൻ ഉദിച്ചാറെ ചൂടു തട്ടി, വേരില്ലായ്കകൊണ്ട് ഉണങ്ങിപ്പോയി”

യ്ക്കുന്നു. അതുപോലെ സഹോദരപ്രീതിയെക്കുറിച്ചുള്ള വചനം നാം സ്വീകരിച്ചശേഷം സഹോദരപ്രീതി കൂടാതെ മുമ്പോട്ടുപോകുക അസാദ്ധ്യം എന്നുള്ള നിലയിലേക്ക് ദൈവം നമ്മെ കൊണ്ടുവരും. തിരുവചനത്തിനു നാം ചെവി കൊടുക്കുകയും അധരങ്ങളാൽ അതേറ്റുപറയുകയും ചെയ്തു എന്നതിനാൽ നാം കേട്ട കാര്യങ്ങളുടെ നന്മയിലേക്കു പ്രവേശിച്ചിട്ടില്ല. ആ വചനം നമ്മുടെ സ്വന്തം ആകുമാറ് നാം അതിനുള്ള വില നൽകാത്തിടത്തോളം, അതിന്റെ ശക്തി നമ്മുടെ ജീവിതത്തിൽ തെളിയിക്കപ്പെടാത്തിടത്തോളം, പരീക്ഷിക്കപ്പെട്ടിട്ട് അതു നമ്മുടെ അനുഭവം ആയിത്തീരാത്തിടത്തോളം ആ വചനം വിളംബരം ചെയ്യാൻ നാം യോഗ്യരല്ല.

പൂർണ്ണമായ ഒരു സമർപ്പണത്തിനു വേണ്ടിയുള്ള ആഹ്വാനം കേട്ടിട്ട് നിങ്ങൾ ആഴമായി സ്പർശിക്കപ്പെട്ടിട്ടില്ലേ? “ആഴമായ അർപ്പണമെന്തെന്ന് ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു. ഇനിമേൽ ഞാൻ കർത്താവിന്റെ വകയാണ്.” നാം എത്രവേഗം ഉത്സാഹഭരിതരാകുന്നു! ഉണർത്തപ്പെടുന്നു! സന്തോഷത്തോടെ നാം സ്വീകരിക്കുന്ന വചനത്തിൽത്തന്നെ നാം ശോധന ചെയ്യപ്പെടേണ്ടതാകുന്നു. നാം വചനങ്ങളെ നമ്മുടെ ബുദ്ധിയിലാണോ അതോ നമ്മുടെ ഹൃദയത്തിലാണോ കൈക്കൊണ്ടിരിക്കുന്നതെന്ന് പരീക്ഷ തെളിയിക്കും. ഉപരിപ്ലവവും വൈകാരികവുമായ ഒരു നിലയിലാണ് നാം വചനത്തെ കൈക്കൊണ്ടിരിക്കുന്നതെങ്കിൽ കേഴ്വിക്കു പിന്നാലെ വരുന്ന ശോധനയിൽ നില്ക്കുവാൻ നമുക്ക് കഴിയാതെ വരും. എന്നാൽ നമ്മുടെ ഹൃദയത്തിൽ ആ വചനത്തിനു സ്ഥാനം ലഭിച്ചിട്ടുണ്ടെങ്കിൽ നമ്മുടെ ജീവിതത്തിൽ അതു കൂടുതൽ ഉറപ്പിക്കപ്പെടുവാനായി ശോധനകൾ സഹായിക്കും.

നിങ്ങൾ സമാഹരിച്ചിട്ടുള്ള ദൈവവചനത്തിന്റെ അറിവ് എത്രയായിരുന്നെന്നാലും, അതു മറ്റുള്ളവരോട് വിശദീകരിപ്പാൻ നിങ്ങൾക്കു പ്രാപ്തി ഉണ്ടെങ്കിലും, ആ വചനത്തോടനുബ

ന്ധിച്ച് ക്രൂശിന്റെ പ്രവൃത്തിക്ക് നിങ്ങളുടെ ഉള്ളിൽ ഇടം നൽകിയിട്ടില്ലെങ്കിൽ, ആ വചനം ഒരിക്കലും നിങ്ങളുടേതായിത്തീർന്നിട്ടില്ലെന്നു കരുതിക്കൊള്ളുക. ദൈവത്തിന്റെ പ്രകാശരശ്മികൾ നിങ്ങളുടെ യഥാർത്ഥ അനുഭവത്തിന്റെ ആഴം എത്രമാത്രമാണെന്നു വെളിപ്പെടുത്തും. ആഴത്തിൽ, ആത്മാവിൽ വേരുറപ്പിക്കപ്പെട്ട ഒന്നിനെയും തളർത്തിക്കളയുവാൻ സൂര്യനു കഴിയുകയില്ല-എന്നാൽ വേരില്ലാത്ത എല്ലാറ്റിനെയും അത് തളർത്തിക്കളയും. കർത്താവിനായുള്ള നമ്മുടെ പൂർണ്ണ സമർപ്പണം വാക്കുകളുടെയും, നമ്മുടെ ഭക്ത്യാദരവോടെയുള്ള പ്രാർത്ഥനയുടെയും, നമ്മുടെ സാക്ഷ്യവചനങ്ങളുടെയും യഥാർത്ഥനില വെളിപ്പെടുത്തും.

എന്തുകൊണ്ടാണ് നിലത്തു വീണ ആ വിത്ത് വേഗത്തിൽ മുളച്ചു വന്നത്? എന്തുകൊണ്ടാണ് വേഗത്തിൽ ഉണങ്ങിപ്പോകുകയും ചെയ്തത്? മണ്ണിനു താഴ്ച ഇല്ലായിരുന്നു എന്നതാണ് ഒന്നാമത്തെ കാരണം. ചിലർ വേഗത്തിൽ തൃപ്തിപ്പെടുന്നവരും അതേ വേഗത്തിൽ അതൃപ്തരായിത്തീരുന്നവരുമാണ്. അവർ കേവലം വികാരതലത്തിൽ ജീവിക്കുന്നവരാണ്. വ്യത്യസ്തമായ ഒരു സാഹചര്യം അവരുടെ വികാരതലത്തെയും വ്യത്യാസപ്പെടുത്തുന്നു. ദൈവവചനം അവർക്കു നൽകപ്പെടുമ്പോൾ ഉപരിപ്ലവമായി അവർ അതിവേഗം പ്രതികരിക്കുന്നു. എന്നാൽ നിലനിൽക്കുന്ന ഒരു ആത്മികപ്രതികരണം അവരിൽ സംഭവിക്കുന്നില്ല. ദൈവവചനത്തിന്റെ പ്രചോദനത്തിന്റെ പിന്നാലെ കടന്നുവരുന്ന മറ്റൊരു സ്വാധീനവലയത്തിൽ അവർ പെടുന്നു. പുതിയ പ്രചോദനം പഴയതിനെ നീക്കിക്കളയുകയും ചെയ്യുന്നു. നമ്മുടെ ചുറ്റും വരുന്ന സ്വാധീനങ്ങൾക്ക് നാം നിരന്തരം വശംവദരായെ

**നിങ്ങൾ സമാഹരിച്ചിട്ടുള്ള ദൈവവചനത്തിന്റെ അറിവ് എത്രയായിരുന്നെന്നാലും, അതു മറ്റുള്ളവരോട് വിശദീകരിപ്പാൻ നിങ്ങൾക്കു പ്രാപ്തി ഉണ്ടെങ്കിലും, ആ വചനത്തോടനുബന്ധിച്ച് ക്രൂശിന്റെ പ്രവൃത്തിക്ക് നിങ്ങളുടെ ഉള്ളിൽ ഇടം നൽകിയിട്ടില്ലെങ്കിൽ, ആ വചനം ഒരിക്കലും നിങ്ങളുടേതായിത്തീർന്നിട്ടില്ലെന്നു കരുതിക്കൊള്ളുക. ദൈവത്തിന്റെ പ്രകാശരശ്മികൾ നിങ്ങളുടെ യഥാർത്ഥ അനുഭവത്തിന്റെ ആഴം എത്രമാത്രമാണെന്നു വെളിപ്പെടുത്തും.**

ങ്കിൽ, നമുക്കു കർത്താവിന്റെ പരിജ്ഞാനത്തിലേക്ക് വളരുക സാദ്ധ്യമല്ല; നാം തീർത്തും അവനാൽ ഭരിക്കപ്പെട്ടിട്ടില്ല എന്നതിനാൽതന്നെ.

ഫലമില്ലായ്കയുടെ രണ്ടാമത്തെ കാരണം വേരില്ലായ്കയാണ്. എന്താണ് വേര്? കാഴ്ചയ്ക്ക് മറഞ്ഞിരിക്കുന്ന ചെടിയുടെ ഭാഗം. കർത്താവിനോടുകൂടിയുള്ള ഒരു ക്രിസ്ത്യാനിയുടെ രഹസ്യജീവിതമാണത്. കർത്താവിനു മുമ്പാകെ ഒരു രഹസ്യചരിത്രമില്ലാത്തവൻ മനുഷ്യരുടെ മുമ്പാകെ ജീവിക്കുന്നവനാണ്. ഞാനൊരു ചോദ്യം നേരിൽ ചോദിക്കട്ടെ. നിങ്ങളുടെ ജീവിതം ഏതളവിൽ രഹസ്യമായിരിക്കുന്നു? മനുഷ്യദൃഷ്ടിക്ക് ഏതളവുവരെ നിങ്ങൾ മറഞ്ഞിരിക്കുന്നു? കൂടിവരവുകളിലെ നിങ്ങളുടെ പ്രാർത്ഥനകൾക്കപ്പുറത്ത് നിങ്ങൾക്കൊരു പ്രാർത്ഥനാജീവിതമുണ്ടോ? നിങ്ങൾ പ്രസംഗിക്കുന്ന പരിധിക്കപ്പുറം ദൈവവചനത്തിന്റെ പരിജ്ഞാനം നിങ്ങൾക്കുണ്ടോ? നിങ്ങ





ളുടെ ആത്മീയാനുഗ്രഹങ്ങളെല്ലാം മറ്റുള്ളവരോട് പങ്കിട്ടു കഴിഞ്ഞിരിക്കുന്നവയാണോ? അങ്ങനെയെങ്കിൽ നിങ്ങൾക്കു വേരില്ല. നിൽക്കുന്ന സ്ഥലത്തുനിന്നും വളരെക്കുറച്ചുമാത്രം പോഷണം സ്വീകരിക്കുന്ന ഒരു വൃക്ഷത്തിന്റെ വേരുകൾ ബഹുദൂരത്തുള്ള ജലാശയങ്ങളോളം സഞ്ചരിക്കുന്നവയാണ്. തൽഫലമായി എല്ലാ കാലാവസ്ഥയെയും അതിന് അതിജീവിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഉണങ്ങിവരണ്ട മരുഭൂമിയുടെ നടുവിലെങ്കിലും, കത്തിജ്വലിക്കുന്ന സൂര്യന് അഭിമുഖമെങ്കിലും, അതിന്റെ വേരുകളെ ഉറവുകളുടെ അന്വേഷണത്തിൽ അഗാധതയിലേക്ക് അയക്കുകനിമിത്തം ഫലഭൂയിഷ്ഠമായി പന്തലിച്ചു നിൽക്കുന്ന വൃക്ഷങ്ങളുണ്ട്. സ്വന്തജീവിതത്തിൽ ക്രൂശിനെ ആഴത്തിൽ വഹിക്കുവാൻ അനുവദിച്ചിട്ടുള്ള ക്രിസ്ത്യാനിക്കു മാത്രമേ ജീവിതപാതയിലെ ശോധനകളെ അതിജീവിക്കുവാൻ കഴിയൂ. ഒരു നാളിൽ വിശ്വാസവും ജീവനും തമ്മിലുള്ള ഒരു തിരഞ്ഞെടുപ്പിന്റെ നടുവിൽ നാം നിന്നാൽ നാം ഏതു തിരഞ്ഞെടുക്കും? ആ തിരഞ്ഞെടുപ്പ് അന്നല്ല തീരുമാനിക്കപ്പെടുന്നത്-ഇന്നേ നിർണ്ണയിക്കപ്പെട്ടിരിക്കയാണ്. അന്നത്തെ ശോധനയിൽ നാം പരാജയപ്പെടുന്നപക്ഷം, ഇന്ന് നമ്മുടെ വേരുകൾ ആഴത്തിൽ ഇറങ്ങിച്ചെന്നിട്ടില്ല എന്നു സ്പഷ്ടം.

നിലനിൽക്കുന്ന ഫലത്തിന്റെ അഭാവത്തിനു മറ്റൊരു കാരണം മണ്ണിന്റെ കടുപ്പം എന്നുള്ളതാണ്. ചിലർ വേഗത്തിൽ വചനത്തെ കൈക്കൊള്ളുന്നവർ എങ്കിലും അവരുടെ ജീവിതത്തിന്റെ വളർച്ചയെ തടയുന്ന പാറസ്ഥലങ്ങളുണ്ട്. ഹൃദയകാഠിന്യം ആത്മീയവളർച്ചയെ തടസ്സപ്പെടുത്തും. അനേകക്രിസ്ത്യാനികളും തങ്ങളുടെ ആശയങ്ങളിൽ ഉറച്ചിരിക്കുകയാണ്. ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ അവർ മുമ്പോട്ടു പോകുന്നില്ല. കർത്താവുതന്നെ വചനം നൽകി തന്റെ ഹിതം അവരെ അറിയിക്കുമെങ്കിലും തങ്ങളുടെ അഭിപ്രായങ്ങളാലും യുക്തിചിന്തകളാലും അവർ ദൈവത്തിന്റെ ഹിതത്തെ ചെറുക്കുന്നു. അവ്വണ്ണമുള്ള പാറസ്ഥലങ്ങളെ തകർക്കുവാൻ ദൈവത്തെ അനുവദിക്കാത്ത ഒരുത്തനും ആത്മികമായി മുന്നേറുകയില്ല. ദൈവത്തിന്റെ വചനത്തിന്റെ മുമ്പിൽ നടുക്കവും ഹൃദയനുറുക്കവും ഉള്ളവരിൽ മാത്രമേ ദൈവത്തിന്റെ ലക്ഷ്യങ്ങൾ സഫലമാകുകയുള്ളു. ദൈവത്തിന്റെ വാക്കുകൾക്ക് സ്വന്തവാക്കുകൾ കൊണ്ട് മറുപടി പറയുന്ന ആരിലും ദൈവഹിതത്തിന്റെ അനുസരണം സാദ്ധ്യമായിത്തീരുകയില്ല.

എന്നാൽ, ദൈവത്തിന്റെ എല്ലാ മക്കളും അവന്റെ വചനത്തോട് എതിർത്തു നിൽക്കുന്നവരല്ല. അവൻ പറയുന്നത് അപ്പാടെ ചെയ്യുവാൻ ഒരുക്കമുള്ള പലരും ഉണ്ടെന്നതിനാൽ ദൈവത്തിനു സ്തോത്രം. ഹൃദയകാഠിന്യത്താൽ ദൈവത്തിന്റെ വചനത്തോടു നീ മറുതലിച്ചിരിക്കുന്നുവെങ്കിൽ, മറ്റുള്ളവർക്കായി ദൈവം എന്തു പ്രവർത്തിച്ചിരിക്കുന്നുവോ, അതു നിനക്കായും പ്രവർത്തിക്കുവാൻ ദൈവത്തിനു കഴിയും. ഇന്നു നമ്മുടെ ജീവിതം തുലോം ആഴം കുറഞ്ഞതെങ്കിലും ക്രൂശിനെ അഭിമുഖീകരിക്കുന്ന ഓരോ അവസരത്തിലും അതിനെ സ്വീകരിപ്പാൻ നാം തയ്യാറുള്ളവരോ? അങ്ങനെയെങ്കിൽ കർത്താവിൽ നാം ആഴത്തിൽ വേരൂന്നുവോളം ജീവന്റെ ആഴത്തിലേക്ക് നമ്മെ നടത്തിക്കൊണ്ടിരിപ്പാൻ ദൈവത്തിനു കഴിയും.

സഹോദരിമാരോട്

# യാഗപീഠത്തിൽ നാഥാ....

.ആച്ചിയമ്മ കുരുവിള

നമ്മുടെ മുതിർന്ന കുഞ്ഞുങ്ങൾ ഉപരിപഠനത്തിനും മറ്റുമായി ഭവനം വിട്ട് അകലേക്കു പോകുന്ന സമയമാണല്ലോ. അമ്മമാരായ നമ്മെ സംബന്ധിച്ച് ഹൃദയഭേദകമായ സന്ദർഭമാണിത്. കൗമാരപ്രായക്കാരായ അവരെപ്പറ്റിയും അവരുടെ സുരക്ഷിതത്വത്തെപ്പറ്റിയും ഉള്ള ആശങ്ക അതിലും വലിയ വ്യഥ നമ്മിലുളവാക്കുന്നു. അവരെ തുടർപഠനത്തിനായി ദൂരേക്ക് അയച്ചേ മതിയാവൂ എന്ന ആവശ്യകത ഒരു വശത്ത്, അവർ നമ്മുടെ കൺമുമ്പിൽ തന്നെ ആയിരിക്കണം, നമ്മോടു പറ്റിയിരിക്കണം എന്ന ആഗ്രഹം മറുവശത്ത്. ഈ പ്രതിസന്ധിയിൽ ദൈവത്തിന്റെ ആത്മാവ് നമ്മെ ആശ്വസിപ്പിക്കുവാൻ ആഗ്രഹിക്കുന്നു.

പറ്റിച്ചേരൽ മാനുഷികസ്വഭാവമാണ്. നാം സ്നേഹിക്കുന്നതും ഇഷ്ടപ്പെടുന്നതുമായ ഏതിനോടും നാം പറ്റിച്ചേരുകയും അതിനെ നാം 'കൈവശമാക്കുകയും' (possess)ചെയ്യും. എന്നാൽ ദൈവത്തെ സംബന്ധിച്ച് താൻ സ്നേഹിക്കുന്നതിനെ അവിടുന്ന് വിടുവിക്കുകയും അവർ സ്വമേധയാ തന്നിലേക്കു പറ്റിച്ചേരുന്നതിന് അനുവദിക്കുകയും ചെയ്യുന്നു.(യോഹ.8:36) 'പറ്റിച്ചേരൽ' ഒരു സാധാരണ കാര്യമായിട്ടാണ് നാം കാണാറുള്ളത്.എന്നാൽ ദൈവത്തിന്റെ കാഴ്ചപ്പാടിൽ അതൊരു ആത്മീയരോഗാവസ്ഥ തന്നെയാണ്. നാം അതിൽനിന്നു വിടുതൽ പ്രാപിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. അതിനായി അവിടുന്നു നമുക്കു വച്ചിരിക്കുന്ന പരിഹാരമാണ് സമർപ്പണം. നമ്മെയും നമുക്കുള്ളതിനെയും യാഗപീഠത്തിൽ അർപ്പിക്കുക.എല്ലാ ബന്ധങ്ങളെയും യാഗപീഠത്തിൽ വയ്ക്കുക. 'യാഗപീഠത്തിൽ അർപ്പിക്കപ്പെട്ടത്' അവിടുത്തെ വകയാണ്. അതിനെ സൂക്ഷിപ്പാൻ അവിടുന്ന് ശക്തൻ. അബ്രഹാമിനെപ്പോലെ വീണ്ടും റാഞ്ചൽപക്ഷികളെ ആട്ടിക്കളവാൻ നാം പണിപ്പെടേണ്ടതില്ല. യാഗവസ്തുവിന്റെ ദഹനത്തിലൂടെ മാത്രമേ റാഞ്ചൽപക്ഷികൾ പോകുകയുള്ളു. എന്നാൽ അതിനു മുമ്പ് നാം നമ്മുടെ പരിശ്രമങ്ങൾ അവസാനിപ്പിച്ച് തന്നിലുള്ള സമ്പൂർണ്ണ ആശ്രയത്തിൽ ഗാഢനിദ്രയിൽ (സ്വസ്ഥത) പ്രവേശിക്കേണ്ടതുണ്ട്. അപ്പോൾ അവിടുന്ന് നമ്മുടെ യാഗത്തിൽ പ്രസാദിച്ച് നമ്മോട് ഉടമ്പടി ചെയ്യും(ഉൽപത്തി.15:9-18).

ദൈവം നമ്മോടു ചെയ്യുന്ന ഉടമ്പടി എത്ര മഹത്തരമാണ്! "ഞാൻ നിനക്കും നിനക്കു ശേഷം തലമുറ തലമുറയായി നിന്റെ സന്തതിക്കും ദൈവമായിരിക്കും"(ഉൽപ.17:7). നമ്മുടെ ദൈവം ആരാണ്? അവിടുന്ന് സർവ്വശക്തൻ, സർവ്വജ്ഞാനി, സർവ്വവ്യാപി, രക്ഷയായ കൊമ്പ്, സൈന്യങ്ങളുടെ യഹോവ, സമാധാനപ്രഭു, നിത്യപിതാവ്.....

നമുക്കും തന്നോടു പാലിക്കേണ്ട ഒരു ഉടമ്പടി ഉണ്ട്; ഹൃദയപരിച്ഛേദന തന്നെ. അത് നിസ്സാരമായ തൊലിപ്പുറത്തെ കൊച്ചുകാര്യം എന്നാണ് നാം ചിന്തിക്കാറുള്ളത്. എന്നാൽ ദൈവം അതിനെ ഹൃദയത്തിന്റെ ആഴത്തിലേക്കിറങ്ങുന്ന ഗൗരവമുള്ള കാര്യമായി





കരുതുന്നു. ഹൃദയപരിച്ഛേദന ബന്ധങ്ങളിലാണ് പ്രസക്തമായിരിക്കുന്നത്. ലോകവും ലോകത്തിലുള്ളതുമായിട്ടുള്ള ബന്ധങ്ങളിൽ.'കാണപ്പെടുന്ന സകലവും അതിൽ ഉൾപ്പെടുന്നു-കുടുംബവും വ്യക്തിബന്ധങ്ങളും ഒക്കെ. കാണപ്പെടുന്നതും താത്കാലികവുമായ ഇവയോടുള്ള പറ്റിച്ചേരൽ, നിത്യമായതും നിലനിൽക്കുന്നതുമായ ദൈവേഷ്ടത്തിന് എതിരാണ്. അതുകൊണ്ട് ഇതിൽനിന്ന് ഒരു പൂർണ്ണമായ പരിച്ഛേദനയാണ് അവിടുന്ന് ആവശ്യപ്പെടുന്നത്.

നമ്മുടെ കർത്താവ് ഈഭൂമിയിൽ ഒരു സാധാരണ മനുഷ്യനായി ജീവിച്ചു. അവിടുത്തേക്ക് നമ്മെപ്പോലെ ബന്ധങ്ങൾ ഉണ്ടായിരുന്നു. എങ്കിലും അവയൊന്നും പിതാവിനോടുള്ള ഹൃദയബന്ധത്തിനു ഹാനികരമാകുമാറ് ഹൃദയത്തോട് പറ്റിയില്ല. ലോകബന്ധങ്ങൾക്കും ഹൃദയത്തിനും മദ്ധ്യേകൂടി ദൈവത്തിന്റെ വാൾ കടന്നുപോകുവാൻ അനുവദിച്ചാൽ അവ മേലാൽ നമ്മെ അലോസരപ്പെടുത്തുകയില്ല. അവ ദൈവികം ആകും.

ഈ വാൾ കടന്നുപോകാൻ അനുവദിക്കാത്തിടത്തോളം നമ്മുടെ ബന്ധങ്ങൾ നമ്മെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കും. നമ്മുടെ സ്വസ്ഥത നഷ്ടപ്പെടും. മോശെയുടെയും ഭാര്യയുടെയും ബന്ധത്തെ അലോസരപ്പെടുത്തിയ വെറും തൊലിപ്പുറത്തെ കാര്യം എന്നവർക്കു തോന്നിയത്, ദൈവത്തെ സംബന്ധിച്ച് മോശെയെ ദൈവത്തിന്റെ ശത്രുവാക്കി മാറ്റിയ, ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങുന്ന കാര്യമായിത്തീർന്നു എന്നോർക്കുക.(പുറ.4:24,25). വിശ്വാസത്താലുള്ള നിർദയമായ ഉപേക്ഷിക്കൽ നമ്മുടെ ഭാഗത്തു നിന്നുണ്ടാകണം. "ജീവനോ മരണമോ ഏതായാലും സമ്മതമാണ്". മരുഭൂമിയിൽ വച്ച് ഹാഗാർ ചെയ്തത് ഓർക്കുക. ദൈവം തന്റെ കരുതലിന്റെ നീരുറവ തുറന്നത് അവിടെയാണ്.(ഉൽപ.21:15-20).

ഉപദേശം നൽകാൻ അമ്മമാരായ നാം ഇഷ്ടപ്പെടുന്നു. എന്നാൽ ഉപദേശം കൈക്കൊൾവാൻ കുഞ്ഞുങ്ങൾക്ക് ഇഷ്ടമല്ല. സമാധാനം കെടുത്തിക്കളയുന്ന ഒരു കാര്യമാണ് ഉപദേശം പ്രാപിക്കൽ. എന്നാൽ കർത്താവു നമുക്ക് തരുന്ന വാഗ്ദാനം ശ്രദ്ധിക്കുക. യെശ.54:13ൽ "നിന്റെ മക്കൾ എല്ലാവരും യഹോവയാൽ ഉപദേശിക്കപ്പെട്ടവരും അവരുടെ സമാധാനം വലുതും ആയിരിക്കും." അവിടുന്ന് അന്തരംഗത്തിൽ ഉപദേശം നൽകുന്നതോടൊപ്പം അവിടുത്തെ ദിവ്യസമാധാനം നദിപോലെ അവർക്ക് ഒഴുക്കിക്കൊടുക്കും. അത് അവരിൽ നിലനിൽക്കുകയും ഫലം കായ്ക്കുകയും ചെയ്യും. നമുക്ക് ദൈവത്തെ വിശ്വസിക്കാം. നമ്മുടെ

**കർത്താവു നമുക്ക് തരുന്ന വാഗ്ദാനം ശ്രദ്ധിക്കുക. യെശ.54:13ൽ "നിന്റെ മക്കൾ എല്ലാവരും യഹോവയാൽ ഉപദേശിക്കപ്പെട്ടവരും അവരുടെ സമാധാനം വലുതും ആയിരിക്കും." അവിടുന്ന് അന്തരംഗത്തിൽ ഉപദേശം നൽകുന്നതോടൊപ്പം അവിടുത്തെ ദിവ്യസമാധാനം നദിപോലെ അവർക്ക് ഒഴുക്കിക്കൊടുക്കും. അത് അവരിൽ നിലനിൽക്കുകയും ഫലം കായിക്കുകയും ചെയ്യും. നമുക്ക് ദൈവത്തെ വിശ്വസിക്കാം.**

ഹൃദയങ്ങൾ തന്നിലുള്ള വിശ്വാസത്താൽ ഗാഢനിദ്രയിൽ പ്രവേശിക്കട്ടെ. അവിടുത്തേക്ക് മഹത്വം ആമേൻ!

**കുഞ്ഞുങ്ങൾക്കൊരു ലഘുസന്ദേശം:**

തിരുവചനത്തിൽ വളരെ പ്രാധാന്യത്തോടെ പ്രതിപാദിക്കുന്ന ഒരു വാക്കുണ്ട് ‘‘വേര്’’. ബൈബിളിൽ അനേകം മരങ്ങളുടെ പേരുകൾ നമുക്കു കാണാൻ കഴിയും. അവയിൽ ഏറ്റവും കുറച്ചുമാത്രം പ്രതിപാദിക്കുന്ന ഒരു മരമാണ് ‘ആൽമരം’ (ഹോശയാ.4:13) വിഗ്രഹങ്ങളോടും വിഗ്രഹാരാധനയോടും ബന്ധപ്പെട്ടു നിൽക്കുന്ന ഒരു മരമാണത്. ഇതിന്റെ പ്രത്യേകത ശാഖകൾ വിസ്തൃതമാകുന്നതോടൊപ്പം അവിടവിടെ ശാഖാവേരുകൾ ഉണ്ടായി മണ്ണിലുറയ്ക്കുന്നു. തായ്‌വേരുണ്ടെങ്കിലും അതോടൊപ്പം പ്രാദേശികവേരുകളും.

ഉപരിപഠനത്തിനു നിങ്ങൾ മറ്റു സ്ഥലങ്ങളിലേക്കു പോകുമ്പോൾ കർത്താവ് നിങ്ങളുടെ ശാഖകൾ വിസ്തൃതമാക്കുകയാണ്. അവിടുത്തെ വാസം താൽക്കാലികമാണെന്നോർക്കുക. നമുക്ക് തായ്‌വേരും അതിൽക്കൂടിയുള്ള ജീവന്റെ പോഷണവും മതി. ക്രിസ്തുവിൽക്കൂടിയുള്ള ജീവന്റെ സമൃദ്ധിയിൽ ജീവിക്കുക.. നിങ്ങൾ കർത്താവിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. പ്രാദേശികവേരുകൾ അന്യാശ്രയങ്ങൾ ആണ്. നമ്മുടെ വിശ്വാസം, സഭ, ഭവനം, മാതാപിതാക്കൾ, സഹോദരവർഗ്ഗം എന്നിവ മറക്കാതിരിക്കാം. ചെന്നെത്തുന്ന സ്ഥലത്തെ സംസ്കാരം, ആചാരങ്ങൾ, ഫാഷനുകൾ ഒന്നും നമ്മെ സ്വാധീനിക്കാതിരിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# ജീവമൊഴി അർദ്ധദിനസമ്മേളനം

## തൃശൂരിൽ ഒക്ടോബർ രണ്ടിന്

*സ്ഥലം* : **ഹോട്ടൽ സി പി ടവർ, തൃശൂർ**
കെ.എസ്ആർടിസി സ്റ്റാൻഡിനു സമീപം,
പോസ്റ്റ്ഓഫീസ് റോഡ്

*സമയം:* : **ഒക്ടോബർ 2 വെള്ളി രാവിലെ 10 മുതൽ1.30 വരെ**

*ചിന്താവിഷയം* : **തേജസ്സുള്ള സുവിശേഷം**

**ജീവമൊഴി വായനക്കാരും വരിക്കാരും സത്യാന്വേഷികളുമായ ഏവർക്കും സ്വാഗതം**

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:**

**ഫോൺ: 9744368899; 9349745575**





## വടി എങ്ങനെ ഉപയോഗിക്കണം(പേജ് 21ൽ നിന്നും തുടർച്ച)

ത്തിന്റെ തായ്‌വേര് മനുഷ്യന്റെ കോപത്തിൽ കണ്ടെത്താനാകുമെന്ന് യേശു പഠിപ്പിക്കുകയുണ്ടായല്ലോ(മത്താ.5:21,22) .ക്രിസ്തീയമാതാപിതാക്കൾ ഇക്കാര്യം വളരെ ഗൗരവമായി ഗ്രഹിക്കേണ്ടതാണ്. നിങ്ങളുടെ കോപത്തിൽനിന്നു കുട്ടികളെ അടിക്കുകയോ ശാസിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യുമ്പോൾ നിങ്ങൾ സാത്താന്റെ പ്രവർത്തനമേഖലയിലേക്ക് പ്രവേശിക്കുകയാണ്.-അത് നിങ്ങൾക്കും മക്കൾക്കും അനുഗ്രഹമാവുകയില്ല. മക്കൾക്ക് നിങ്ങളോടുള്ള ബഹുമാനവും ക്രമേണ കുറഞ്ഞുവരും. ആകയാൽ ആദ്യംതന്നെ എല്ലാവിധ കോപവും ക്രോധവും ഉപേക്ഷിക്കുക; സകലവും സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ ആകട്ടെ. ‘ദൈവമക്കൾ’ എന്ന ഉന്നതപദവിയുടെ മാന്യത കാത്തുസൂക്ഷിക്കാൻ നമുക്കുത്സാഹിക്കാം.

ബാലശിക്ഷ നടത്തുന്നതിനുള്ള ഉപകരണം വടി തന്നെ ആയിരിക്കട്ടെ. ഇക്കാര്യം തിരുവെഴുത്ത് ആവർത്തിച്ചു പഠിപ്പിക്കുന്നതിന്റെ പിമ്പിൽ ഒരു കാരണമുണ്ട്. കൈയോ കാലോ ഒക്കെ ഉപയോഗിച്ചു നടത്തുന്ന ബാലശിക്ഷകൾ മിക്കപ്പോഴും പെട്ടെന്നുണ്ടാകുന്ന കോപാവേശത്തിൽ നിന്നായിരിക്കും(impulsive); ആലോചിച്ചോ കാര്യകാരണസഹിതമോ ആയിരിക്കുകയില്ല. എന്നാൽ ബാലശിക്ഷക്കായി വടി എടുക്കാൻ പോകുന്ന ചില നിമിഷങ്ങൾ കൊണ്ട് നിങ്ങളുടെ കോപാവേശം അടങ്ങുകയും തൽഫലമായി പക്വതയോടും സുബോധത്തോടും കൂടെ ശരിയായ ആത്മാവിൽത്തന്നെ ശിക്ഷ നൽകാനാവുകയും ചെയ്യും. ചിന്തിച്ചുനോക്കുക;തിരുവചനപ്രകാരം മാത്രമേ ഇനി ബാലശിക്ഷ നടത്തുകയുള്ളൂ എന്ന് നിശ്ചയിച്ചുറയ്ക്കുക.

അതേ, മക്കൾക്കു ശരിയാംവണ്ണം ശിക്ഷണം നൽകാൻ കഴിയണമെങ്കിൽ ആദ്യം മാതാപിതാക്കളിൽത്തന്നെ രൂപാന്തരം ഉണ്ടാകണം. അവർ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ട് ആത്മഫലം പുറപ്പെടുവിക്കണം. അപ്പോൾ ജഡത്തിന്റെ പ്രവൃത്തികളായ കോപം, ക്രോധം, ക്രൂരത, പിടിവാശി എന്നിവയെല്ലാം അപ്രത്യക്ഷമാകും. യേശുക്രിസ്തുവിലുള്ള ദൈവകൃപ നമ്മെ ശിക്ഷിച്ചുവളർത്തുന്നത് എപ്രകാരമാണ്?(തീത്തോ.2:11-13). അവിടുന്ന് നമ്മെ ബാലശിക്ഷ കഴിക്കുന്നത് കോപത്തോടെയല്ല, കരുണയോടും സ്നേഹത്തോടും സഹനത്തോടും കൂടെയാണ്. ഒരിക്കലും മനസ്സോടെ അല്ലല്ലോ അവിടുന്ന് മനുഷ്യപുത്രന്മാരെ ദണ്ഡിപ്പിക്കുന്നത്. കർത്താവു നിങ്ങളെ ശിക്ഷിക്കുന്ന അതേ മനോഭാവത്തോടെ മാത്രമേ നിങ്ങൾ മക്കളെ ശിക്ഷിക്കാവൂ എന്നു സാരം.

**ഡേവിഡ് വിൽക്കേഴ്സന്റെ സാക്ഷ്യം**

കുരിശും കഠാരയും എന്ന ഗ്രന്ഥത്തിലൂടെ നാം അറിയുന്ന പ്രശസ്ത സുവിശേഷകൻ ഡേവിഡ് വിൽക്കേഴ്സൺ, ബാല്യകാലത്ത് തന്റെ പിതാവിൽനിന്ന് കടുത്ത ശിക്ഷണം ലഭിച്ചിരുന്നതു സംബന്ധിച്ചു വിവരിക്കുന്നതു കേൾക്കുക: “മക്കളെ വടി കൊണ്ടടിക്കുന്നത് ഇക്കാലത്ത് ഫാഷൻ അല്ലാതായി മാറിയിരിക്കുന്നു. വടിയുടെ ഉപയോഗം കുട്ടിയുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുമെന്നാണ് ഇന്നു പൊതുവേ ഉള്ള ചിന്താഗതി. വടി ഉപയോഗിക്കുന്നതിനെ ‘പിള്ളാരെ തല്ലിച്ചതയ്ക്കൽ’ എന്നും ശാസിക്കുന്നതിനെ ‘നോക്കി ദഹിപ്പിക്കൽ’ എന്നുമാണ് പലരും മറുപേരിട്ട് വിളിക്കുന്നത്. വടി കൊണ്ടുള്ള പഴയ ശിക്ഷണരീതിയെ ‘മാതാപിതാക്കളുടെ അരിശപ്രകടനം’ എന്നവർ പരിഹസിക്കുന്നു.

എന്റെ മാതാപിതാക്കൾ അതിസ്സ

മറ്റൊരു പേരാണ് നൽകിയിരുന്നത്-'വിറകുപുര-ക്കഷായം!' വീടിനോടു ചേർന്നുള്ള വിറകുപുരയിൽ വച്ചായിരുന്നു ഞങ്ങൾക്ക് ചൂരൽക്കഷായം നൽകിയിരുന്നത്. അനുസരണക്കേട്, ദുശ്ശാഠ്യങ്ങൾ, അഹങ്കാരം എന്നിത്യാദി പിശാചുക്കളെ കുട്ടികളുടെ സ്വഭാവത്തിൽ നിന്ന് അടിച്ചു വെളിയിലാക്കേണ്ടത് അത്യാവശ്യം ആണെന്ന് അവർ വിശ്വസിച്ചിരുന്നു.

അഞ്ചു മക്കളാണ് ഞങ്ങളുടെ വീട്ടിൽ ഉണ്ടായിരുന്നത്. വിറകുപുരയുടെ ഭിത്തിയിലുള്ള ഒരു വലിയ ആണിയിൽ അപ്പന്റെ ക്ഷൗരക്കത്തിയുടെ തോൽവള്ളി തൂങ്ങിക്കിടക്കുന്നു. ഞങ്ങൾക്കെല്ലാവർക്കും ആ തോൽവള്ളിയോട് വിശുദ്ധമായ ഒരാദരവ് ഉണ്ടായിരുന്നു. വിറകുപുരയിലാണ് അപ്പൻ ഓരോരുത്തരെ വിളിച്ചുവരുത്തി 'ഗുണദോഷിക്കൽസഭ' നടത്തിയിരുന്നത്. എന്നാൽ ഒരിക്കൽ പോലും അദ്ദേഹം എന്നെ കോപത്തോടെ അടിച്ചിട്ടില്ല. എന്റെ അനുസരണക്കേടിന്റെ കാര്യമെല്ലാം അദ്ദേഹം മറന്നുപോയെന്ന നിഗമനത്തിൽ ഞാനെത്തുംവരെ അദ്ദേഹം കാത്തിരിക്കും. പിന്നെ വളരെ മന്ദസ്വരത്തിൽ പറയും: 'ശരി ഡേവിഡ്, അനുസരണം സംബന്ധിച്ച് മറ്റൊരു പാഠം കൂടി പഠിക്കാനായി നമുക്കു താഴെ വിറകുപുരയിലേക്ക് പോകാം.'

അവിടെ അദ്ദേഹത്തിന്റെ കാൽമുട്ടുകൾക്കു മുമ്പിൽ എന്നെ കുനിച്ചു നിർത്തുമ്പോൾത്തന്നെ ഞാനൊരു പാമ്പിനെപ്പോലെ പുളയാനും മരിക്കാൻ പോകുന്നവനെപ്പോലെ ഉച്ചത്തിൽ നിലവിളിക്കാനും തുടങ്ങും. എങ്കിലും എന്റെ നിലവിളിയൊന്നും അദ്ദേഹത്തെ ഭയപ്പെടുത്തിയതായോ സ്വാധീനിച്ചതായോ തോന്നിയിട്ടില്ല. അതേ, കടുത്ത അടികൾ എന്റെ മേൽ വീണു. തുടർന്നു ഞാൻ മുട്ടുമടക്കി നിന്ന് 'എന്റെ ദുശ്ശാഠ്യം ക്ഷമിക്കണമേ' എന്നു ദൈവത്തോട് പ്രാർത്ഥിക്കേണ്ടിയിരുന്നു. സ്വർഗ്ഗത്തോട് കാര്യങ്ങൾ ശരിയാക്കിയ ശേഷം അപ്പന്റെ കഴുത്തിൽ കെട്ടിപ്പിടിച്ച് ഞാനദ്ദേഹത്തെ സ്നേഹിക്കുന്നു എന്നും പറയേണ്ടിയിരുന്നു.

അങ്ങനെയാണ് ദുശ്ശാഠ്യമുള്ള, മടയത്തരം നിറഞ്ഞ, അനുസരണം കെട്ട ആ ചെറിയ കുട്ടി ഒരു ഗുണ്ടാസംഘത്തലവൻ ആയിത്തീരാതെ സുവിശേഷത്തിന്റെ സന്ദേശവാഹകനായിത്തീർന്നത്.! ഇക്കാലത്തും ഒരു 'വിറകുപുര ഉണർവ്വ്' ആവശ്യമാണെന്നു ഞാൻ വിശ്വസിക്കുന്നു."

അതേ, കുട്ടികൾക്കു ശിക്ഷ ആവശ്യമുള്ളപ്പോൾ അത് ഗൗരവബോധത്തോടും അവരിൽ ഭയവും ആദരവും ജനിപ്പിക്കുന്ന അളവിലും നൽകണം.''ജീവനുള്ള ദൈവത്തിന്റെ കൈയിൽ വീഴുന്നതു ഭയങ്കരം"(എബ്രാ.10:31). "നാം നന്ദിയുള്ളവരായിദൈവത്തിനു പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്യുക; നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ"(എബ്രാ.12:28,29). വീട്ടിൽ എല്ലാവർക്കും കാണാവുന്ന വിധം പരസ്യമായ സ്ഥലത്ത് വടികൾ സ്ഥാപിക്കുന്നത് നന്നായിരിക്കും. വടി നൽകുന്ന വേദനയല്ല,അതുണർത്തുന്ന ഭയമാണ് പ്രധാനം. വാസ്തവത്തിൽ കുഞ്ഞുമനസ്സിൽ ദൈവഭയമുണർത്താൻ വടി ഉപകരിക്കും.

നിങ്ങൾ കോപത്തോടെയാണ് ബാലശിക്ഷ നൽകുന്നതെങ്കിൽ അത് മക്കളെ അധികം പ്രകോപിപ്പിക്കും. തൽഫലമായി അവരിൽ പ്രതികാരം നിറഞ്ഞ നിഷേധചിന്തകൾ ഉണരുകയും ചെയ്യും. ചിലർ പാതിമനസ്സോടെ ഒരു വഴിപാടുപോലെയാണ് വടി എടുക്കുന്നത്. ഈർക്കിലോ ചുള്ളിക്കമ്പോ എടുത്ത് കുട്ടികളെ കെട്ടുകയും തോണ്ടുകയും ഭീഷണിവാക്കുകൾ ഉച്ചരിക്കുകയും ചെയ്യുന്നപക്ഷം അത് ഫല





പ്രദമാകുകയില്ല-ചിലപ്പോൾ വിപരീത ഫലമായിരിക്കും ഉളവാകുക. "ഉദരത്തിന്റെ അറകളിലേക്ക് ചെല്ലുന്ന തല്ലും പൊട്ടിപ്പോകാത്ത അടിയും ദോഷത്തെ അടിച്ചുവാരിക്കളയുന്നു( സദൃ.20:30). ചുരുക്കം ചിലസന്ദർഭങ്ങളിലെങ്കിലും ഇത്തരം ശിക്ഷണപ്രക്രിയകൾ നിങ്ങളുടെ കുട്ടികൾക്ക് ആവശ്യമായി വരും-എന്നാൽ അതിനു നിങ്ങൾ ഒരുക്കമാണോ?

## പരസ്യമായി ശിക്ഷിക്കരുത്:

നമ്മുടെ മക്കൾ മുതിർന്നവരോടും അദ്ധ്യാപകരോടും മാതാപിതാക്കളോടും മറ്റും ആദരവു പ്രകടിപ്പിക്കണമെന്നു നാം പ്രതീക്ഷിക്കുന്നു. എന്നാൽ വീട്ടിലെ അന്തരീക്ഷത്തിൽ കുഞ്ഞുങ്ങളോട് മാതാപിതാക്കൾ ആദരവോടെ ഇടപെട്ടെങ്കിൽ മാത്രമേ അവരത് അഭ്യസിക്കൂ. കുട്ടികൾ ഓരോരുത്തരും വ്യത്യസ്തങ്ങളായ ആളത്തങ്ങളുടെ ഉടമകളാകുന്നുവെന്ന് നാം തിരിച്ചറിയണം. ഒരു വ്യക്തി എന്ന നിലയിൽ ഓരോ കുട്ടിക്കും അർഹമായ അന്തസ്സും ആദരവും ഭവനത്തിൽ ലഭ്യമാകേണ്ടതുണ്ട്. കുട്ടികളെ മാതാപിതാക്കൾ പരസ്യമായി ആക്ഷേപിക്കുകയോ തരം താഴ്ത്തി സംസാരിക്കുകയോ ചെയ്യാൻ പാടില്ല.

അതിഥികളുടെയോ മറ്റു കുടുംബസുഹൃത്തുക്കളുടെയോ മുമ്പിൽ കുഞ്ഞുങ്ങളുടെ കുറ്റങ്ങൾ പറയാതിരിക്കുവാൻ ശ്രദ്ധിക്കുക. അതുപോലെ കുടുംബാംഗങ്ങൾ, സഹോദരങ്ങൾ, അതിഥികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഒരിക്കലും കുട്ടികളെ ശിക്ഷിക്കാൻ പാടില്ല. അപ്രകാരം ചെയ്യുന്നത് അവരുടെ മനസ്സിൽ മുറിവേൽപ്പിക്കും.സ്വാഭിമാനവും ആത്മധൈര്യവും ചോർത്തിക്കളയും. പ്രതികാരബുദ്ധിയും കൈപ്പും അവരുടെ ഉള്ളിൽ ഉയർത്തും. ആകയാൽ വടിയുടെ ഉപയോഗം സ്വകാ

**അതിഥികളുടെയോ മറ്റു കുടുംബസുഹൃത്തുക്കളുടെയോ മുമ്പിൽ കുഞ്ഞുങ്ങളുടെ കുറ്റങ്ങൾ പറയാതിരിക്കുവാൻ ശ്രദ്ധിക്കുക. അതുപോലെ കുടുംബാംഗങ്ങൾ, സഹോദരങ്ങൾ, അതിഥികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഒരിക്കലും കുട്ടികളെ ശിക്ഷിക്കാൻ പാടില്ല. അപ്രകാരം ചെയ്യുന്നത് അവരുടെ മനസ്സിൽ മുറിവേൽപ്പിക്കും. സ്വാഭിമാനവും ആത്മധൈര്യവും ചോർത്തിക്കളയും. പ്രതികാരബുദ്ധിയും കൈപ്പും അവരുടെ ഉള്ളിൽ ഉയർത്തും. ആകയാൽ വടിയുടെ ഉപയോഗം സ്വകാര്യമായിരിക്കട്ടെ.**

ര്യമായിരിക്കട്ടെ. ശിക്ഷകൾ നൽകാൻ വേണ്ടി ഒരു 'വിറകുപുര'(ബെഡ്റൂമോ ബാത്ത്റൂമോ ആകാം)കണ്ടെത്തിക്കൊള്ളുക.

## ചെയ്യാത്ത തെറ്റിനു ശിക്ഷ?

മക്കളെ ശിക്ഷണത്തിൽ വളർത്തിയിട്ടുള്ള എല്ലാ മാതാപിതാക്കളും ഒരു കാര്യം സമ്മതിക്കും: ചിലപ്പോഴെങ്കിലും ചെയ്യാത്ത തെറ്റിനു തങ്ങൾ കുട്ടികളെ ശിക്ഷിച്ചുപോയിട്ടുണ്ട്. അഥവാ ശകാരിച്ചിട്ടുണ്ട്. ഇരുഭാഗത്തും ഇത്തരം ശിക്ഷകൾ വളരെ ദുഃഖം ഉളവാക്കും. ദൈവഭയമുള്ള ആരും മനഃപൂർവ്വം കുട്ടികളെ അകാരണമായി ശിക്ഷിക്കുകയില്ല. പിന്നെ എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു? അമ്മയപ്പന്മാർ ഏതെങ്കിലും മാനസിക പിരിമുറുക്കങ്ങളാൽ വിഷമിച്ചിരിക്കുമ്പോൾ അവരുടെ സമീപമെത്തുന്ന കുസൃതിക്കുട്ടികൾ ചിലപ്പോൾ ശിക്ഷിക്കപ്പെടാറുണ്ട്. തങ്ങൾക്കു ലഭിച്ച തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അകാരണമായി മാതാപിതാക്കൾ ശിക്ഷ നടത്തിയെന്നു വരാം.

ഭർത്താവിന്റെ ശകാരങ്ങളും വഴക്കുപറച്ചിലും കേട്ട് പൊറുതിമുട്ടിയ

ഭാര്യ ചിലപ്പോൾ മക്കളുടെ മേലായിരിക്കും അതിന്റെയെല്ലാം കേടു തീർക്കുന്നത്. ഇവിടെയും കുഞ്ഞുങ്ങൾ അകാരണമായി ശിക്ഷിക്കപ്പെടുകയാണ്. തെറ്റൊന്നും ചെയ്യാതെ ശിക്ഷ അനുഭവിക്കുന്ന കുട്ടിയുടെ മനസ്സിൽ സ്വാഭാവികമായും പ്രതികാര ചിന്ത ഉയർന്നുവരും. മാതാപിതാക്കളോടുള്ള ഭയം കാരണം കുട്ടി പ്രതികരിക്കാതിരുന്നാൽ പോലും അവനിൽ ഉയർന്നു വരുന്ന നിഷേധാത്മകചിന്തകൾ ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉളവാക്കാനിടയുണ്ട്.

മറ്റൊരു സുപ്രധാനവസ്തുത കൂടി നാം ശ്രദ്ധിക്കേണ്ടതുണ്ട്. ശിക്ഷിക്കപ്പെടുന്നതിന്റെ കാരണം കുട്ടി നന്നായി ഗ്രഹിച്ചിട്ടുണ്ടെന്നു ശിക്ഷിക്കുന്നതിനു മുൻപു നാം ഉറപ്പു വരുത്തണം. ശിക്ഷ നൽകുന്നതിനു മുമ്പ് കുട്ടിയെ വിളിച്ച് അവന്റെ തെറ്റ് എന്താണ്, അതിന്റെ ഗൗരവത, അതിന്റെ പ്രത്യാഘാതങ്ങൾ എന്നിവയെല്ലാം അവനു മനസ്സിലാകും വിധം ലളിതമായി വ്യക്തമാക്കിക്കൊടുക്കണം. 'അവന് എല്ലാം നന്നായിട്ടറിയാം' എന്നീവിധം നാം ഒരിക്കലും ഊഹിക്കാൻ പാടില്ല. തന്റെ തെറ്റെന്തെന്നു മനസ്സിലാക്കാതെയാണ് കുട്ടി ശിക്ഷ അനുഭവിക്കുന്നതെങ്കിൽ വേദന സഹിച്ചതു മിച്ചമെന്നേ പറയേണ്ടു. തെറ്റു തിരുത്താനോ സ്വഭാവരൂപീകരണം സംഭവിക്കാനോ ഉള്ള സാധ്യത അവിടെയില്ല. അകാരണമായി ശിക്ഷിക്കപ്പെട്ടു എന്ന സങ്കടവും ശിക്ഷ നൽകിയ ആളിനെക്കുറിച്ചുള്ള ചോദ്യചിഹ്നവും അവന്റെ മനസ്സിൽ അവശേഷിക്കും.

അകാരണമായി ശിക്ഷിക്കുന്നത് ഒഴിവാക്കാൻ എന്തു ചെയ്യണം? നിങ്ങളുടെ കുട്ടികൾ ചെയ്ത തെറ്റുകളെക്കുറിച്ചു ലഭിച്ച റിപ്പോർട്ടുകളുടെ സത്യാവസ്ഥ ഒന്നുകൂടി പരിശോധിക്കുക. ചിലപ്പോൾ നിങ്ങൾക്ക് ലഭിച്ച വിവരങ്ങൾ അവാസ്തവമായിരിക്കാം. എന്താണ് സത്യം എന്നു കുട്ടിയോടും ചോദിച്ചറിയുക. പെട്ടെന്ന് എടുത്തുചാടി ശിക്ഷ നടത്താതിരിക്കുക; അൽപം കാത്തിരിക്കുക, പ്രാർത്ഥിക്കുക; ചിലപ്പോൾ ശിക്ഷ ഒഴിവാക്കാനാകും.

എന്നാൽ ചെയ്യാത്ത കുറ്റത്തിനു നിങ്ങൾ കുട്ടിയെ ശിക്ഷിച്ചു എന്നിരിക്കട്ടെ. അക്കാര്യം ബോധ്യമായാലുടൻ എത്രയും പെട്ടെന്ന് ദൈവത്തോടും ആ കുട്ടിയോടും ക്ഷമ ചോദിച്ച് കാര്യങ്ങൾ ശരിയാക്കണം. മക്കളോട് ക്ഷമ ചോദിക്കാൻ മടിക്കേണ്ടതില്ല-അത് സ്വാഭാവികമായി ചെയ്യാവുന്നതും ചെയ്യേണ്ടതുമാണ്. തൽഫലമായി മക്കൾക്കു നിങ്ങളോടുള്ള സ്നേഹവും ബഹുമാനവും വളരെ വർദ്ധിക്കും.

### കർക്കശതയും കരുണയും:

യിസ്രായേൽജനതയോടുള്ള തന്റെ ഇടപാടുകളിൽ ദൈവത്തിന്റെ കർക്കശതയും കരുണയും ചേർന്നു പോകുന്നതു കാണാൻ കഴിയും. "ആകയാൽ ദൈവത്തിന്റെ ദയയും ഖണ്ഡിതവും(കർക്കശത) കാണുക( റോമ.11:22). മക്കളോടുള്ള ബന്ധത്തിൽ മാതാപിതാക്കളായ നാമും ഇപ്രകാരം ആയിരിക്കണം. ഒരു കൈകൊണ്ട് കർക്കശമായ ബാലശിക്ഷ നൽകുമ്പോൾത്തന്നെ മറ്റേക്കയ്യിൽ സ്നേഹവാത്സല്യങ്ങളും കരുണയും നിറച്ച് അവരെ തലോടുന്ന അനുഭവം.

"പ്രത്യാശയുള്ളേടത്തോളം നിന്റെ മകനെ ശിക്ഷിക്കുക; എങ്കിലും അവനെ കൊല്ലുവാൻ തക്കവണ്ണം ഭാവിക്കരുത്."(സദൃ.19:18). കുട്ടികളെ വടികൊണ്ടടിച്ച് അനുസരണം പഠിപ്പിക്കുവാൻ തിരുവചനം ആവശ്യപ്പെടുന്നു-എന്നാൽ ക്രൂരമർദ്ദനം പാടില്ല, അതു പൈശാചികമാണ്. ലാത്തിയോ വിറകുകഷണമോ മാരകായുധങ്ങളോ ഒന്നും ദൈവം അനുവദിച്ചിട്ടില്ല.





കൈയോ കാലോ ഉപയോഗിക്കാനും അനുവാദമില്ല. തലയ്ക്കും മുഖത്തും പുറത്തും എല്ലാം അടിക്കുന്നത് വിവേകരാഹിത്യമാണ്. കൈവെള്ളയിലോ അരയ്ക്കുതാഴെയോ മാരകമല്ലാത്ത വിധം വടികൊണ്ടടിക്കാമല്ലോ.

വടി ലഭ്യമല്ലാത്തതിനാലാകാം, ചിലയാളുകൾ ബെൽറ്റ് ഊരി കുട്ടികളെ പ്രഹരിക്കാറുണ്ട്.(വിശേഷിച്ചും പാശ്ചാത്യസംസ്കാരത്തിൽ). മോശെയുടെ കൈയിൽ സർപ്പം വടിയായി മാറിയല്ലോ.അവർ ബെൽറ്റിനെ ഒരു വടിയായി സ്വീകരിക്കുന്നു എന്നു കരുതാം. ഒരു പാശ്ചാത്യവനിത തന്റെ പിതാവ് ചെറുപ്പത്തിൽ തന്നെയും സഹോദരങ്ങളെയും ബെൽറ്റുകൊണ്ട് പ്രഹരിച്ചിരുന്നതിനെപ്പറ്റി രസകരമായി പറഞ്ഞിട്ടുണ്ട്: "ആ പാവം ബെൽറ്റ്, ഡാഡിയുടെ അരയിൽ പാന്റ് ഉറപ്പിക്കാൻ ഉപയോഗിച്ചതിലുമേറെ ഞങ്ങളുടെ കാലിലും തുടയിലുമായിരുന്നു ഉപയോഗിച്ചിരുന്നത്....

ബാലശിക്ഷ നൽകുമ്പോൾ നിങ്ങളുടെ കുട്ടികളുടെ മാനസികാവസ്ഥ എന്തായിരിക്കുമെന്നോ അവർ നിങ്ങളെപ്പറ്റി എന്തു ചിന്തിക്കുമെന്നോ ദയവായി നിങ്ങൾ ഭയപ്പെടരുത്; ദൈവം എന്തു വിചാരിക്കുമെന്നു മാത്രം കരുതിയാൽ മതി. കുഞ്ഞുങ്ങളെ സംബന്ധിച്ച് ഏതു ശിക്ഷയും തത്ക്കാലം സന്തോഷകരമല്ല, ദുഃഖകരമത്രേ എന്നു തോന്നും; പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാനഫലം ലഭിക്കും"(എബ്രാ.12:11). അടികൊണ്ട് സന്തോഷിച്ചിരിക്കുന്ന കുട്ടികൾ എവിടെയെങ്കിലും ഉണ്ടോ? നിശ്ചയമായും ശിക്ഷ വേദനാജനകം തന്നെ.തങ്ങളെ തല്ലി വേദനിപ്പിക്കുന്ന അപ്പനമ്മമാരെപ്പറ്റി മക്കൾ തൽക്കാലം എന്താണ് ചിന്തിക്കുന്നത് എന്നത് വലിയ പ്രസക്തിയുള്ള കാര്യമല്ല. എന്നാൽ ഇന്നേക്ക് ഇരുപതു വർഷങ്ങൾക്കു

**അകാരണമായി ശിക്ഷിക്കുന്നത് ഒഴിവാക്കാൻ എന്തു ചെയ്യണം? നിങ്ങളുടെ കുട്ടികൾ ചെയ്ത തെറ്റുകളെക്കുറിച്ചു ലഭിച്ച റിപ്പോർട്ടുകളുടെ സത്യാവസ്ഥ ഒന്നുകൂടി പരിശോധിക്കുക. ചിലപ്പോൾ നിങ്ങൾക്ക് ലഭിച്ച വിവരങ്ങൾ അവാസ്തവമായിരിക്കാം. എന്താണ് സത്യം എന്നു കുട്ടിയോടും ചോദിച്ചറിയുക. പെട്ടെന്ന് എടുത്തുചാടി ശിക്ഷ നടത്താതിരിക്കുക; അൽപം കാത്തിരിക്കുക, പ്രാർത്ഥിക്കുക; ചിലപ്പോൾ ശിക്ഷ ഒഴിവാക്കാനാകും.**

ശേഷം നിങ്ങളുടെ മക്കൾ നിങ്ങളെപ്പറ്റി എന്തു ചിന്തിക്കുമെന്നതാണ് ഏറെ ഗൗരവമർഹിക്കുന്ന വസ്തുത. ഇന്നു നിങ്ങൾ ശരിയാംവിധം ബാലശിക്ഷ നൽകുന്ന പക്ഷം അന്ന് മക്കളോടൊത്ത് സന്തോഷം പങ്കിടാൻ സാധിക്കും.

### സംക്ഷേപം:

മറ്റെല്ലാ മാർഗ്ഗങ്ങളും പരാജയപ്പെടുമ്പോൾ എടുക്കേണ്ട അവസാനത്തെ ആയുധമല്ല വടി; അതു ദൈവഹിതപ്രകാരമുള്ള പ്രാരംഭ പ്രതികരണം തന്നെയാണ്. ബാലശിക്ഷ നടത്തുമ്പോൾ കോപവും ക്രൂരതയും പൂർണ്ണമായും ഒഴിവാക്കണം-അവ പൈശാചികസ്വഭാവമാകുന്നു. ഡേവിഡ് വിൽക്കേഴ്സന്റെ പിതാവ് വടി ഉപയോഗിച്ച് മക്കൾക്ക് നന്നായി ബാലശിക്ഷ നൽകിയിരുന്നു. മക്കളെ പരസ്യമായി ശിക്ഷിക്കാൻ പാടില്ല. അകാരണമായി ശിക്ഷിക്കാതിരിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. ബാലശിക്ഷയിൽ കർക്കശതയും ഒപ്പം സ്നേഹവാത്സല്യങ്ങളും കരുണയും ചേർന്നുപോകേണ്ടതാണ്.

(തുടരും).

ഇത്തിരിവെട്ടം

# 'നീ യഥാർത്ഥത്തിൽ എന്നെ സ്നേഹിക്കുന്നുവോ?'

ഒരു ദിവസം സൂര്യോദയം കാണാൻ ഞാൻ നേരത്തേ ഉണർന്നു. ദൈവസൃഷ്ടിയുടെ ചൈതന്യം വർണ്ണനാതീതമായിരുന്നു. ദൈവത്തെ, അവിടുത്തെ മനോഹരമായ കൈവേലയോർത്ത്, ഞാൻ സ്തുതിച്ചു. ഞാൻ ദൈവസാന്നിദ്ധ്യം അനുഭവിക്കുകയായിരുന്നു.

അവിടുന്ന് എന്നോടു ചോദിച്ചു:"നീ എന്നെ സ്നേഹിക്കുന്നുവോ?" 'നിശ്ചയമായും' ഞാൻ പ്രതിവചിച്ചു:"അവിടുന്ന് എന്റെ കർത്താവും രക്ഷകനും ആണല്ലോ?"

അപ്പോൾ ദൈവം ചോദിക്കുകയാണ്"ശാരീരികവൈകല്യം ഉള്ളവനായിരുന്നെങ്കിൽ നീ എന്നെ സ്നേഹിക്കുമായിരുന്നോ?" ഞാൻ അമ്പരന്നുപോയി.ഞാനെന്റെ കൈകാലുകളും മറ്റു ശരീരഭാഗങ്ങളും ശ്രദ്ധിച്ചു. അംഗവൈകല്യമുള്ളവനായിരുന്നാൽ എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയുമായിരുന്നില്ല എന്ന ചിന്തയായിരുന്നു ഉള്ളിൽ. ഞൻ മറുപടി പറഞ്ഞു"കർത്താവേ ആ അവസ്ഥ കഠിനമായിരിക്കും. എങ്കിലും അപ്പോഴും ഞാൻ നിന്നെ സ്നേഹിക്കും."

അപ്പോൾ കർത്താവ് പറകയാണ് "നീ അന്ധനായിരുന്നെങ്കിൽ എന്നെയും എന്റെ സൃഷ്ടിയേയും സ്നേഹിക്കുമായിരുന്നോ?" കാണാൻ കഴിയാത്ത ഒന്നിനെ ഞാൻ എങ്ങനെ സ്നേഹിക്കും? ലോകത്തിലെ നിരവധി അന്ധരായ മനുഷ്യരെ ഞാൻ ഓർത്തു. അവരെല്ലാം ദൈവത്തേയും ദൈവസൃഷ്ടിയേയും സ്നേഹിക്കുന്നുണ്ടല്ലോ എന്ന ചിന്ത എനിക്കുണ്ടായി. ഞാൻ മറുപടി പറഞ്ഞു:"കർത്താവേ എനിക്കു ചിന്തിക്കാൻ തന്നെ പ്രയാസമാണ്, എങ്കിലും അന്ധനാണെങ്കിലും ഞാൻ അങ്ങയെ സ്നേഹിക്കും."

"നീ ചെകിടനാണെങ്കിൽ അപ്പോഴും എന്നെ സ്നേഹിക്കുമോ?" ചെകിടനാണെങ്കിൽ ഞാൻ എന്തെങ്കിലും കേൾക്കുന്നതെങ്ങനെ? അപ്പോൾ എനിക്കു മനസ്സിലായി, ദൈവവചനത്തിനു ചെവി കൊടുക്കുക എന്നത് എന്റെ ശ്രവണേന്ദ്രിയങ്ങൾ വഴിയല്ല ഹൃദയത്തിലൂടെയാണ്.."കർത്താവേ തികച്ചും ദുഷ്കരമായ ഒരവസ്ഥ ആയിരിക്കും അത് എങ്കിലും അപ്പോഴും ഞാൻ അവിടുത്തെ ശബ്ദം ശ്രവിക്കും."

കർത്താവ് ചോദ്യങ്ങൾ തുടർന്നു:"നീ വാസ്തവമായും എന്നെ സ്നേഹിക്കുന്നുവോ?" ധൈര്യപൂർവ്വം ശക്തമായ ഒരു ഉൾബോധ്യത്തോടെ ഞാൻ പറഞ്ഞു:"അതേ, കർത്താവേ, അവിടുന്നു മാത്രം ഏകസത്യദൈവമാകയാൽ ഞാൻ അങ്ങയെ സ്നേഹിക്കുന്നു." ഞാൻ തൃപ്തികരമായ മറുപടി പറഞ്ഞു എന്നെനിക്കു തോന്നിയ നിമിഷം തികച്ചും അപ്രതീക്ഷിതമായിരുന്നു ആ ചോദ്യം:

"മകനേ നീ എന്നെ സ്നേഹിക്കുന്നു എങ്കിൽ പാപം ചെയ്യുന്നതെന്തുകൊണ്ട്?"

"ഞാൻ കേവലം അപൂർണ്ണനായ ഒരു മനുഷ്യൻ മാത്രമാണല്ലോ'' ഞാൻ കാരണം കണ്ടെത്തി.

"എങ്കിൽ സുഖവും സമാധാനവും ഉള്ളപ്പോൾ നീ എന്നിൽനിന്നും അകന്നു പോകുകയും കഷ്ടകാലത്തമാത്രം ആത്മാർത്ഥതയോടെ പ്രാർത്ഥിക്കയും ചെയ്യുന്നതെന്തുകൊണ്ട്?"

എനിക്ക് ഉത്തരം മുട്ടിപ്പോയി.





കർത്താവു തുടർന്നു:"കൂട്ടായമായോഗങ്ങളിലും ധ്യാനയോഗങ്ങളിലും മാത്രം പാടുകയും ആ സമയത്തുമാത്രം എന്നെ അന്വേഷിക്കുകയും ചെയ്യുന്നതെന്ത്? സ്വാർത്ഥപരമായി മാത്രം പ്രാർത്ഥിക്കുകയും അവിശ്വസ്തതയോടെ ജീവിതം തുടരുകയും ചെയ്യുന്നതെന്ത്?" ഞാൻ കരഞ്ഞുകൊണ്ടേയിരുന്നു."നീ എന്നെക്കുറിച്ചു ലജ്ജിക്കുന്നതെന്ത്? നീ അറിഞ്ഞ സുവിശേഷം മറ്റുള്ളവരുമായി പങ്കുവയ്ക്കാത്തതെന്ത്? പീഡിപ്പിക്കപ്പെടുമ്പോൾ എന്റെ തോളിൽ ചാരുവാൻ കഴിയാതെ മറ്റുള്ളവരുടെ മുമ്പിൽ കരയുന്നതെന്ത്? എന്നെ ശുശ്രൂഷിക്കാൻ അനേക അവസരങ്ങൾ ഞാൻ നൽകിയിട്ടും നീ ഒഴികഴിവുകൾ കണ്ടെത്തുന്നതെന്ത്?"

മറുപടി പറയാൻ ഞാൻ ശ്രമിച്ചെങ്കിലും എനിക്ക് ഉത്തരം മുട്ടിപ്പോയി.

"ജീവിതം എന്ന മഹത്തായ ദാനം നഷ്ടമാകാതെ ഞാൻ നിന്നെ അനുഗ്രഹിച്ചു. എന്നെ സ്നേഹിക്കുവാനും ശുശ്രൂഷിക്കുവാനുമായി ഞാൻ നിനക്കു താലന്തുകൾ നൽകി. എന്നിട്ടും നീ പുറംതിരിഞ്ഞു പോയി. എന്റെ വചനം ഞാൻ നിനക്കു വെളിപ്പെടുത്തിയിട്ടും നീ പരിജ്ഞാനത്തിൽ വളരുന്നില്ല. ഞാൻ സംസാരിച്ചിട്ടും നീ ചെവി ചായിച്ചില്ല. എന്റെ അനുഗ്രഹങ്ങൾ കാണാൻ നീ കണ്ണു തുറന്നില്ല. ഞാൻ എന്റെ ദാസന്മാരെ നിന്റെ അടുക്കൽ അയച്ചപ്പോഴൊക്കെ നീ അവരെ പറഞ്ഞയച്ചു. ഞാൻ നിന്റെ പ്രാർത്ഥനകൾക്ക് ഉത്തരം തരാതിരുന്നിട്ടില്ല."

"നീ യഥാർത്ഥത്തിൽ എന്നെ സ്നേഹിക്കുന്നുവോ?"

എനിക്കു മറുപടി ഇല്ലായിരുന്നു, എനിക്കു എങ്ങനെ മറുപടി പറയാൻ കഴിയും? അവിശ്വസനീയമായ വിധത്തിൽ ഞാൻ ലജ്ജിതനായിരുന്നു; എനിക്ക് ഒരു ന്യായവും പറയാനില്ലായിരുന്നു. എന്റെ ഹൃദയത്തിൽ നിന്ന് ഒരു നിലവിളി ഉയർന്നു. കണ്ണുകളിൽ നിന്നു കണ്ണുനീർ ധാരധാരയായി ഒഴുകി. ഞാൻ പറഞ്ഞു "കർത്താവേ എന്നോടു പൊറുക്കണമേ. അവിടുത്തെ മകനായിരിക്കുവാൻ ഞാൻ യോഗ്യനല്ല."

കർത്താവു പറഞ്ഞു"എന്റെ കുഞ്ഞേ അതാണെന്റെ കൃപ,"

"അവിടുന്നെന്നോട് ഇത്രയധികം ക്ഷമ കാണിക്കുന്നതെന്ത്? ഇത്ര അധികം എന്നെ സ്നേഹിക്കുന്നത് എന്ത്?"

"നീ എന്റെ സൃഷ്ടി ആയതിനാൽ, എന്റെ മകനാകയാൽ, നിന്നെ ഉപേക്ഷിക്കുവാൻ എനിക്കു കഴിയുകയില്ല.

നീ കരയുമ്പോൾ കരുണയോട് നിന്നോടൊത്ത് ഞാനും കരയും. നീ സന്തോഷത്തോടെ ആർക്കുമ്പോൾ നിന്നോടൊത്ത് ഞാനും സന്തോഷിക്കും. നീ നിരാശനാകുമ്പോൾ ഞാൻ നിന്നെ ഉത്സാഹിപ്പിക്കും. നീ വീഴുമ്പോൾ ഞാൻ നിന്നെ കൈ പിടിച്ച് എഴുന്നേൽപിക്കും. നീ ക്ഷീണിതനാകുമ്പോൾ ഞാൻ നിന്നെ കൈകളിൽ വഹിക്കും. കാലാവസാനത്തോളം ഞാൻ നിന്നോടുകൂടെയിരിക്കും. നിത്യമായി നിന്നെ സ്നേഹിക്കുകയും ചെയ്യും."

അതു കേട്ടപ്പോൾ ഞാൻ കരഞ്ഞതുപോലെ ഒരിക്കലും കരഞ്ഞിട്ടില്ല. ഇത്ര തണുപ്പനായി എനിക്കിതുവരെ എങ്ങനെ ജീവിക്കാൻ കഴിഞ്ഞു? കർത്താവിനെ ഇത്രയധികം വേദനിപ്പിക്കാൻ എനിക്കെങ്ങനെ മനസ്സു വന്നു? ദൈവത്തോടു ഞാൻ ചോദിച്ചു:"അങ്ങ് എന്നെ എത്ര മാത്രം സ്നേഹിക്കുന്നുണ്ട്?"കർത്താവു തന്റെ ആണിപ്പഴുതുള്ള കരങ്ങൾ എന്നെ കാണിച്ചു."ഇത്രയും." എന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ പാദങ്ങളിൽ ഞാൻ സാഷ്ടാംഗം വീണു. ഞാൻ തകർന്നുപോയി.ജീവിതത്തിൽ ആദ്യമായി ഞാൻ യഥാർത്ഥമായി എന്നെത്തന്നെ സമർപ്പിക്കുകയായിരുന്നു.



# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

## അദ്ധ്യായം-12

*കഥ ഇതുവരെ*

*അമേരിക്കയിൽ ഫിൽസ്ബർഗ്ഗിലെ ചെറിയ ഒരു സഭയുടെ ശുശ്രൂഷകനായിരുന്നു ഡേവിഡ് വിൽക്കേഴ്സൺ. അദ്ദേഹം തന്റെ ടി.വി. വിറ്റ് രാത്രിയിൽ ടി.വി. കാണുന്ന സമയം പ്രാർത്ഥനയ്ക്കായി എടുക്കാൻ തുടങ്ങി. അങ്ങനെ പ്രാർത്ഥിക്കുന്ന ഒരു രാത്രി ലൈഫ് മാസികയിലെ ഒരു ചിത്രം കാണാനിടയായി. ന്യൂയോർക്കിലെ കൗമാരക്കാരുടെ അധോലോകസംഘമായ ഡ്രാഗണിലെ അംഗങ്ങളായ ഏഴുകുട്ടികളുടെ ചിത്രമായിരുന്നു അത്. അവർ മൈക്കൽഫാർമാർ എന്നൊരു കുട്ടിയെ മൃഗീയമായി കൊലപ്പെടുത്തിയതിന് ന്യൂയോർക്കിൽ കൊലക്കേസ് വിചാരണയെ നേരിടുകയാണ്. ഈ കുട്ടികളെ സഹായിക്കാൻ ന്യൂയോർക്കിൽ പോകണമെന്ന ഭാരം വിൽക്കേഴ്സണ് അനുഭവപ്പെട്ടു. അദ്ദേഹം അടുത്ത ദിവസം തന്റെ സഭാജനങ്ങളുമായി തന്റെ ഭാരം പങ്കുവച്ചു. പിറ്റേന്ന് അദ്ദേഹം സഭയിലെ യൂത്ത് ഡയറക്ടർ മിൽസ് ഹോവറുമൊന്നിച്ച് കാറിൽ മുന്നൂറ്റമ്പതുകിലോമീറ്റർ അകലെയുള്ള ന്യൂയോർക്കിലേക്ക് യാത്രയായി. അവിടെ മൈക്കൽ ഫാർമർ കേസ് വിചാരണചെയ്യുന്ന കോടതിയിൽ അവർ കുട്ടികളെ കാണാനെത്തി. കോടതി നടപടികളെക്കുറിച്ച് അറിവില്ലാതിരുന്ന റവ. വിൽക്കേഴ്സൺ കുട്ടികളെ സഹായിക്കാനുള്ള വ്യഗ്രതയിൽ അവിടെ കോടതിനടപടികളിൽ ഇടപെട്ടു. കോടതിയിൽനിന്നു പുറത്താക്കപ്പെട്ടു. പരിഹാസപാത്രമായ വിൽക്കേഴ്സണിന്റെ പടവും വാർത്തയും മാധ്യമങ്ങളിലെല്ലാം വന്നു. എന്നാൽ ഒരാഴ്ചയ്ക്കുശേഷം അദ്ദേഹം വീണ്ടും ന്യൂയോർക്കിലേക്കു പോയി. അവിടെ കൗമാരക്കാരുടെ രണ്ടു തെരുവുസംഘങ്ങളെ പരിചയപ്പെട്ടു. തെരുവു കുട്ടികൾക്കുവേണ്ടി ഒരു യോഗം ക്രമീകരിക്കുന്നു. യോഗത്തിന്റെ അവസാനരാത്രി വന്ന മൗമൗ സംഘക്കാരെ പരിശുദ്ധാത്മാവ് സ്പർശിച്ചു. അവരുടെ പ്രസിഡന്റ് യിസ്രായേലും വൈസ്പ്രസിഡന്റ് നിക്കിയും ഉൾപ്പെടെ പലരും മാനസാന്തരപ്പെട്ടു. നിക്കി പ്രേഷിതവൃത്തിക്കായി സ്വയം സമർപ്പിച്ചു .... തുടർന്നു വായിക്കുക*

കഴിഞ്ഞ ചില മാസങ്ങളിലെ പ്രവർത്തനങ്ങളെക്കുറിച്ചു സംതൃപ്തിയോടെ ഓർത്തുകൊണ്ട് ഫിലിപ്സ്ബർഗ്ഗിലെ സ്റ്റഡിറൂമിൽ എന്റെ ബ്രൗൺ തുകലിട്ട കസേരയിൽ ഞാൻ ചാരിക്കിടക്കുകയാണ്. പണ്ട് ഞാൻ റ്റി വി കാണുന്ന സമയമാണിത്. തിരിഞ്ഞുനോക്കുമ്പോൾ അന്നു ഞാനെടുത്ത തീരുമാനത്തെക്കുറിച്ചു നന്ദി കരേറ്റുവാനല്ലാതെ എന്താണെനിക്കു കഴിയുക? അന്നു റ്റിവി വിൽക്കാൻ തീരുമാനിച്ച കാലം മുതൽ അടുത്തയിടെ നിക്കിയെ കണ്ടുമുട്ടിയതുവരെയുള്ള സംഭവങ്ങൾ ഓർമ്മയുടെ തിരശ്ശീലയിലൂടെ കടന്നുപോയി. നിക്കിയുടെ ശുശ്രൂഷ എന്ന സ്വപ്നം സാക്ഷാൽക്കരിക്കുന്നതിനായി കാലിഫോർണിയായിലെ ലാറ്റിൻഅമേരിക്കൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിനു ഞാൻ എഴുതിയിരുന്നു. ഞാൻ അവന്റെ ഭൂതകാലം ഒട്ടും മറച്ചുവച്ചില്ല. പുതുജനനത്തിനുശേഷം തന്നെത്തന്നെ തെളിയിക്കാൻ വേണ്ട സമയം അവനു ലഭിച്ചിട്ടില്ലെന്നു ഞാൻ വ്യക്തമാക്കിയിരുന്നു. തുടർന്നു ഞാനെഴുതി:അവനെ നിങ്ങൾ ഒരു വിദ്യാർത്ഥിയായി സ്വീകരിക്കുമോ?

സ്വീകരിക്കാമെന്നു അവരുടെ മറുപടി വന്നു. മാത്രമല്ല തെരുവുകുട്ടിയുടെ രൂപാന്തരത്തിന്റെ കഥ താത്പര്യമായി തോന്നിയതുകൊണ്ട് അധികം താമസിയാതെ ആഞ്ജലോ മൊറൈൽസിനെയും വിദ്യാർത്ഥിയായി ചേരാൻ അവർ വിളിച്ചു.

മൊത്തത്തിൽ എനിക്കു സംതൃപ്തിക്കു വകയുണ്ട്. ബക്ബോർഡും സ്റ്റേജ്കോച്ചും നന്നായി പോകുന്നു. നിക്കിയും ആഞ്ജലോയും ശുശ്രൂഷകരാകാനുള്ള പരിശീലനത്തിന്റെ പാതയിലാണ്. ചുരുക്കത്തിൽ ഏതു ശുശ്രൂഷയിൽ സഹായിക്കുവാൻ ഞാൻ വിളിക്കപ്പെട്ടുവോ ആ ഉദ്യമം സന്തോഷകരമായി പൂർത്തീകരിക്കപ്പെടുന്നു.

പക്ഷേ ഈ തൃപ്തിയിൽ അലസമായി കിടക്കുവാൻ ദൈവം എന്നെ അനുവദിച്ചില്ല. 1959ലെ വസന്തത്തിൽ വന്ന വാർത്ത എന്നെ ചാടി എഴുന്നേൽപിക്കാൻ പ്രേരിപ്പിച്ചു-യിസ്രായേൽ ജയിലിലായി.

ചെറിയ കുറ്റത്തിനൊന്നുമല്ല, കൊലക്കുറ്റത്തിനാണ് ജയിലിലായിരിക്കുന്നത്.

ഞാൻ യിസ്രായേലിന്റെ അമ്മയെക്കാണാൻ ന്യൂയോർക്കിലേക്ക് വീണ്ടും വണ്ടി ഓടിച്ചു ചെന്നു.

“എന്റെ കുട്ടി കുറച്ചുനാളത്തേക്ക് വളരെ നല്ലവനായിരുന്നു.” അസ്വസ്ഥതയോടെ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ട് യിസ്രായേലിന്റെ അമ്മ പറഞ്ഞു. “അവൻ കാര്യങ്ങളെല്ലാം ക്രമീകരിച്ചു. സ്കൂൾ തുറന്നപ്പോൾ പഠനവും പുനരാരംഭിച്ചു. പക്ഷേ പിന്നിട് സംഘം വീണ്ടും സജീവമായി. അവനു കുറിപ്പു കിട്ടി. ‘കുറിപ്പ് കിട്ടുക’ എന്നു പറഞ്ഞാൽ എന്താണെന്നറിയാമോ മിസ്റ്റർ വിൽക്കേഴ്സൺ”?

‘കുറിപ്പ്’ എന്താണെന്ന് എനിക്കറിയാമായിരുന്നു. സംഘങ്ങൾ ആരംഭിക്കുമ്പോൾ അല്ലെങ്കിൽ ഏതെങ്കിലും കാരണത്താൽ കുട്ടികളുടെ സംഘത്തിലെ റാങ്കുകൾ എടുത്തുകളയുമ്പോൾ അധോലോക സംഘങ്ങൾ നടപ്പാക്കുന്ന ഹീനമായ ഒരു ഭീഷണിയാണ് ‘കുറിപ്പുകൊടുക്കൽ’. അധോലോകത്തിന്റെ കണ്ണിലെ കരടായ കുട്ടിയെ തെരുവിൽ തടഞ്ഞുനിർത്തി മുന്നറിയിപ്പു കൊടുക്കും-‘നീ സംഘത്തിലെ ഒരംഗമായിരുന്നു. മര്യാദയ്ക്ക് സംഘത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും സംഘത്തിന്റെ നിയമങ്ങൾ പാലിക്കുകയും ചെയ്തുകൊള്ളണം.’

അവനതിനു വഴങ്ങിയില്ലെങ്കിലോ?

ഇല്ലെങ്കിൽ ആദ്യം മർദ്ദനമാണ്. തുടർന്നും അവൻ ചെറുത്തുനിന്നാൽ അവന്റെ തള്ളവിരലോ ഒരു കൈയോ ഒടിക്കും. പിന്നെയും അവൻ വഴങ്ങാതിരുന്നാൽ അവന്റെ ജീവനു നേരേ ഭീഷണിയുയരും.സംഘങ്ങളുടെ പ്രവർത്തനരീതി അറിയാവുന്നവരാരും അത്തരം ഭീഷണി ലഘുവായെടുക്കുകയില്ല. മിക്ക കുട്ടികളും അതിനു മുമ്പിൽ കീഴടങ്ങും. യിസ്രായേൽ നിരന്തരമായ ഭീഷണിയെത്തുടർന്നാണ് തിരിച്ചു സംഘത്തിലേക്കു പോയത്.

യിസ്രായേലിന്റെ അമ്മ പറഞ്ഞു:“എന്റെ കുഞ്ഞു പേടിച്ച് നിവൃത്തിയില്ലാതെ വീണ്ടും അതിൽ ചേർന്നു. ഒരു രാത്രി ഒരു വലിയ വഴക്കുണ്ടായി. എതിർസംഘത്തിലെ ഒരു കുട്ടി കൊല്ലപ്പെട്ടു. യിസ്രായേലാണ് വെടിവെച്ചതെന്ന് ആരും പറഞ്ഞില്ല. പക്ഷേ അവൻ കൊലയാളികളോടൊപ്പം ഉണ്ടായിരുന്നു. അതുകൊണ്ട് അവർ അവനെ ജയിലിലാക്കി.”

യിസ്രായേൽ എഴുതിയ ഒരു കത്ത്

അവന്റെ അമ്മ എന്നെ കാണിച്ചു. കണ്ണീർ വീണു മഷി പുരണ്ടതും കൈകാര്യം ചെയ്തു മുഷിഞ്ഞതുമായ ഒരു കത്ത്. ഉണ്ടായ ദുരന്തത്തിൽ അമ്മയെ ഓർത്ത് ദുഃഖമുണ്ടെന്ന് അവൻ എഴുതി അവൻ ഒട്ടും കൈപ്പില്ലാതെയാണ് കത്തെഴുതിയിരിക്കുന്നത്. താൻ പുറത്തുവരുന്ന ദിവസത്തെക്കുറിച്ചും അവൻ എഴുതിയിട്ടുണ്ട്. അവൻ എന്നെക്കുറിച്ചു കത്തിൽ ഇങ്ങനെ പരാമർശിച്ചിരിക്കുന്നു-'വിവരം അറിയുമ്പോൾ ഉപദേശിക്കുള്ള വിഷമം ഓർത്ത് ദുഃഖമുണ്ട്. ഡേവിയിൽ നിന്നു കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു എന്നു പറയുക.'

ഞങ്ങൾക്കെന്താണ് ചെയ്യുവാൻ കഴിയുക?എങ്ങനെയാണ് ഞങ്ങൾക്ക് യിസ്രായേലിനെ ജയിലിൽ നിന്നു മോചിപ്പിക്കുവാൻ സാധിക്കുക? അവന് ഉപദേശവും സൗഹൃദവും നൽകുവാൻ ഞാൻ അടുത്തുള്ളത് സഹായകരമാകുമോ? അതോ അവനു കുറിപ്പു നൽകിയ സംഘത്തിൽ നിന്നും വിഷലിപ്തമായ ഈ ചുറ്റുപാടുകളിൽ നിന്നും അവനെ അകലെ കൊണ്ടുപോകുന്നതാണോ സഹായകരം?

ഞാനിതേക്കുറിച്ചു യിസ്രായേലിന്റെ അമ്മയോടുതന്നെ ചോദിച്ചു. ദുഃഖഭാരം മൂലം കരഞ്ഞുകൊണ്ടുതന്നെ അവർ തലയാട്ടി. "എനിക്കറിയില്ല. എന്റെ കുട്ടി കുറെ നാളത്തേക്ക് നന്നായിരുന്നു. പിന്നെ അവൻ മടങ്ങിപ്പോയി. നന്നാകണമെന്നാണ് അവന്റെ ആഗ്രഹം. മിസ്റ്റർ വിൽക്കേഴ്സൺ, നിങ്ങൾ അവനെ സഹായിക്കൂ.''

എനിക്കു കഴിയുന്നതെല്ലാം ചെയ്യാമെന്നു ഞാൻ വാഗ്ദാനം ചെയ്തു. തുടക്കമായി ജയിലിലേക്ക് ദൈവവചനത്തിന്റെ ഒരു തപാൽകോഴ്സിന്റെ പാഠങ്ങൾ ഞാൻ അയച്ചുകൊടുക്കാം.

രാത്രിയും പകലും എല്ലാം അവൻ എന്റെ മനസ്സിൽ ഉണ്ടായിരുന്നു. ഞാൻ ജെന്നിനോട് അവനെക്കുറിച്ചു പറഞ്ഞു. ഞാൻ പരാജയപ്പെട്ടിടത്ത് അവനുവേണ്ടി നിങ്ങൾ എന്തു ചെയ്യാൻ പോകുന്നുവെന്ന് ഞാൻ ഇടവകാംഗങ്ങളോടു ചോദിച്ചു. ഞാൻ ജയിലിലേക്ക് അവനു കത്തെഴുതി. പക്ഷേ അവനു മറുപടി അയയ്ക്കാൻ ആവില്ലെന്നു പിന്നീട് ഞാൻ കണ്ടെത്തി. ഏറ്റവും അടുത്ത കുടുംബാംഗങ്ങൾക്കു മാത്രമേ കത്തെഴുതാൻ നിയമം അനുവദിക്കുന്നുള്ളു. അവനുള്ള തപാൽകോഴ്സിന്റെ പാഠങ്ങൾ പോലും ജയിൽ ചാപ്ലയിനിലൂടെ മാത്രമേ അയയ്ക്കാൻ കഴിയുകയുള്ളു. പെൻസിൽവാനിയായിലെ വസന്തകാലത്തിന്റെ തുടക്കത്തിൽ ചെടികൾ പച്ചപുതച്ചപ്പോഴും യിസ്രയേലിനെക്കുറിച്ചുള്ള ചിന്തകൾ എന്നിൽ പച്ചപിടിച്ചുനിന്നു. തരം കിട്ടുമ്പോഴൊക്കെ അവനുവേണ്ടി പ്രാർത്ഥിക്കാൻ ഞാൻ മലയിലേക്കു പോകും.

അതല്ലാതെ മറ്റൊന്നും ചെയ്യാൻ എനിക്കു കഴിയുമായിരുന്നില്ല. ഇതെഴുതുമ്പോഴും യിസ്രായേൽ ജയിലിലാണ്. ആദ്യ കാഴ്ചയിൽ വച്ചുതന്നെ എനിക്കിഷ്ടപ്പെട്ട, ഞാൻ കണ്ടുമുട്ടിയ എല്ലാ കുട്ടികളിലും വച്ച് എനിക്കു പ്രിയപ്പെട്ടവനായ യിസ്രായേൽ. കുറ്റവും ശിക്ഷയും-അതിനു മുമ്പിൽ ഒന്നും ചെയ്യാനാകാത്തതിന്റെ ഖേദം അന്നത്തെപ്പോലെ ഇന്നും എന്നെ വേട്ടയാടുന്നുണ്ട്. ഞാൻ കാത്തിരിക്കുകയാണ്. അത്രമാത്രം.

എന്നാൽ അതിനിടെ തരം കിട്ടുമ്പോഴൊക്കെ യിസ്രായേലിന്റെ കഥ ഞാൻ മറ്റുള്ളവരോടു പറയും. വ്യത്യസ്തമായിട്ടെനിക്ക് എന്തു ചെയ്യാൻ കഴിയുമായിരുന്നു എന്നു ഞാൻ അവരോടു ചോദിക്കും. മറുപടി മിക്കപ്പോഴും ഒന്നാണ്: തുടർപ്രവർത്തനം. ഈ കുട്ടികളെ മാനസാന്തരത്തിലേക്കു നയിക്കും,പിന്നീട് അവരെ വിട്ടുകളയും- ഇപ്പോഴത്തെ പ്രവർത്തനത്തിന്റെ പ്രധാന പോരായ്മ ഇതാണ്.

എന്നാൽ തുടർപ്രവർത്തനം എന്നാൽ മാനസാന്തരപ്പെടുന്നവരെ വിട്ടുകളയാതെ ശ്രദ്ധിച്ച് അവരോടൊപ്പം രംഗത്ത് നിൽക്കുക എന്നതാണ്. ജീവിത








ത്തിലെ ഒരു വഴിത്തിരിവിന് അടുത്തായിരുന്നു ഞാൻ. തുടർന്ന് അതു സംഭവിക്കുകയും ചെയ്തു.ചൂടേറിയ ഒരു ഓഗസ്റ്റുമാസരാത്രി ആയിരുന്നു അത്. ന്യുയോർക്കിലേക്കുള്ള എന്റെ ആദ്യയാത്രയ്ക്കു ശേഷം ഒന്നര വർഷം ആയി. ബുധനാഴ്ച രാത്രി പ്രാർത്ഥനായോഗത്തിൽ ഞാൻ പുൾപിറ്റിൽ നിൽക്കുകയാണ്. പെട്ടെന്ന് എന്റെ കൈകൾ അനിയന്ത്രിതമായി വിറയ്ക്കാൻ തുടങ്ങി. തെർമോമീറ്ററിൽ 85 ഡിഗ്രിയേ ഉള്ളു. പക്ഷേ എന്നെ പനി ബാധിച്ചവനെപ്പോലെ വിറയ്ക്കുന്നു. അസ്വസ്ഥതയോ അസുഖമോ തോന്നുന്നതിനു പകരം എനിക്കനുഭവപ്പെടുന്നത് ഹർഷോന്മാദം. കർത്താവിന്റെ ആത്മാവ് ആ മുറിയിൽ എന്റെ വളരെ അടുത്തേക്ക് വരുന്നതുപോലെ.

എങ്ങനെയാണ് മീറ്റിംഗ് പൂർത്തിയാക്കിയത് എന്നെനിക്കുതന്നെ അറിഞ്ഞുകൂടാ. സഭാംഗങ്ങൾ പിരിഞ്ഞുപോയിട്ടും യോഗം തീർന്നതായി എനിക്കു തോന്നിയില്ല. പത്തരയോടെ പള്ളി അടച്ചു പുറകിലത്തെ വാതിലിലൂടെ പുറത്തേക്കിറങ്ങി. തുടർന്നു സംഭവിച്ചത് വളരെ ലളിതമാണ്. പക്ഷേ ജീവിതകാലത്തൊരിക്കലും മറക്കാനാവാത്തവിധം തെളിമയുള്ള ദൃശ്യമായിരുന്നു അത്.

ഞാൻ പള്ളിയുടെ പുറകിലേക്കു ചെന്നു. ചന്ദ്രൻ അസാധാരണപ്രഭയോടെ ജ്വലിക്കുന്നു. തണുത്ത നിഗൂഢമായ നിലാവിൽ കുളിച്ച് ഉറങ്ങിക്കിടക്കുകയാണ് പട്ടണം.. എന്നാൽ അതിന്റെ ഒരു ഭാഗം ചന്ദ്രികാചർച്ചിതമായ രാത്രിയിൽ വെട്ടിത്തിളങ്ങുന്നതു പോലെ. പള്ളിയുടെ പിന്നിൽ കതിരണിഞ്ഞുനിൽക്കുന്ന നാലേക്കർ പാടമാണത്. ഒന്നര അടി പൊക്കത്തിൽ ഗോതമ്പു വിളഞ്ഞുകിടക്കുന്നു. രാത്രിയിലെ കുളിർകാറ്റിനൊപ്പം ഞാനും ആ പാടത്തിന്റെ മദ്ധ്യത്തിലേക്കിറങ്ങിച്ചെന്നു. കൊയ്ത്തിനെക്കുറിച്ചുള്ള ബൈബിൾഭാഗം പൊടുന്നനെ ഞാൻ ഉരുവിടാൻ തുടങ്ങി. ഇനി നാലുമാസം കഴിഞ്ഞു കൊയ്ത്തു വരന്നു എന്നു നിങ്ങൾ പറയുന്നില്ലയോ? നിങ്ങൾ തല പൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾതന്നെ കൊയ്ത്തിനു വെളത്തിരിക്കുന്നത് കാണും എന്നു ഞാൻ നിങ്ങളോടു പറയുന്നു. വിതയ്ക്കുന്നവനും

കൊയ്യുന്നവനും ഒരുമിച്ചു സന്തോഷിക്കുവാൻ തക്കവണ്ണം കൊയ്യുന്നവൻ കൂലി വാങ്ങി നിത്യജീവങ്കലേക്ക് വിളവ് കൂട്ടിവയ്ക്കുന്നു. വിതയ്ക്കുന്നവൻ ഒരുത്തൻ; കൊയ്യുന്നത് മറ്റൊരുത്തൻ എന്നുള്ള പഴഞ്ചൊൽ ഇതിൽ ഒത്തിരിക്കുന്നു. നിങ്ങൾ അധ്വാനിച്ചിട്ടില്ലാത്തതു കൊയ്യുവാൻ ഞാൻ നിങ്ങളെ അയച്ചിരിക്കുന്നു. മറ്റുള്ളവർ അധ്വാനിച്ചു; അവരുടെ അധ്വാനഫലത്തിലേക്കു നിങ്ങൾ പ്രവേശിച്ചിരിക്കുന്നു.

എന്റെ മനസ്സിന്റെ കണ്ണിൽ ഗോതമ്പിന്റെ ഓരോ ഞാറും പുതുജീവിതത്തിനു ദാഹിക്കുന്ന തെരുവിലെ ഓരോ കുട്ടിയെപ്പോലെ ഞാൻ കണ്ടു.എന്നിട്ട് ഞാൻ പാഴ്സനേജിലേക്ക് തിരിഞ്ഞുനോക്കി. അവിടെ ജെന്നും മൂന്നു കുഞ്ഞുങ്ങളും സുരക്ഷിതരായും സന്തുഷ്ടരായും ഇപ്പോൾ കഴിയുകയാണ്.. പക്ഷേ ഞാൻ പള്ളിയിലേക്കു നോക്കിനിന്നപ്പോൾ അടുത്തുനിന്ന് ഒരു സുഹൃത്തിനെപ്പോലെ ഒരു ആന്തരികശബ്ദം എന്നോടു പറഞ്ഞു:"ഈ ചർച്ച് ഇനി നിന്റെ ഇടമല്ല, നീ പോകേണ്ടിയിരിക്കുന്നു."

ഞാൻ പാഴ്സനേജിനു നേരേ നോക്കി. ആ ആന്തരികശബ്ദം വീണ്ടും മന്ത്രിച്ചു:"ഈ വീടും നിന്റേതല്ല, നീ പോകേണ്ടിയിരിക്കുന്നു."

അതുപോലെ സാവധാനവും നിശ്ശബ്ദവുമായി ഞാനും മറുപടി പറഞ്ഞു:"കർത്താവേ, ഞാൻ പോകാം."

അതിനുശേഷം ഞാൻ പാഴ്സനേജിലേക്കു നടന്നു. അവിടെ ജെൻ എന്നെ കാത്തുനിന്നിരുന്നു. ഉറങ്ങാൻ പോകുന്ന വേഷത്തിലായിരുന്നു അവൾ. പക്ഷേ അവളിലും എന്തോ സംഭവിച്ചതായി ഒറ്റനോട്ടത്തിൽ എനിക്കു മനസ്സിലായി.

"ജെൻ, എന്താ കാര്യം?"

"നിങ്ങളെന്താ ഉദ്ദേശിച്ചത്?"

"നിനക്ക് എന്തോ മാറ്റം ഉണ്ടായതുപോലെ."

"ഡേവിഡ്, നിങ്ങൾ എന്നോടൊന്നും പറയേണ്ട. എനിക്കു കാര്യം മനസ്സിലായി. നിങ്ങൾ സഭ വിടാൻ പോകുകയാണ് അല്ലേ? നിങ്ങൾക്കു പോകേണ്ടിയിരിക്കുന്നു!"

ഞാൻ മറുപടി പറയുന്നതിനു മുൻപ് ദീർഘനേരം ജെന്നിനെ നോക്കിനിന്നു. പാഴ്സനേജിന്റെ കിടപ്പുമുറിയിലേക്കു വീണുകിടന്ന നിലാവിൽ അവളുടെ കൺകോണുകളിലെ കണ്ണീർത്തിളക്കം എനിക്കു കാണാമായിരുന്നു.

"ഞാനും അതു കേട്ടു, ഡേവിഡ്" ജെൻ മന്ത്രിച്ചു "നമ്മൾ ഇവിടെനിന്നു പോകുകയാണ് അല്ലേ?"

ഇരുളിൽ എന്റെ കരങ്ങൾ അവളെ വലയം ചെയ്തു. "അതേ ഓമനേ . നമ്മൾ പോകുകയാണ്."

പാസ്റ്ററും കുടുംബവും എന്ന നിലയിൽ ഫിലിപ്സ്ബർഗ്ഗ് ചർച്ചിലെ ഞങ്ങളുടെ അഞ്ചാമതു വാർഷികമായിരുന്നു പിറ്റേ ഞായറാഴ്ച.

അന്നു രാവിലെ പുൾപിറ്റിൽ നിന്നുകൊണ്ട് ഞങ്ങൾക്ക് നന്നായി അറിയാവുന്ന ആളുകളുടെ മുഖത്തേക്കു നോക്കി ഞാൻ പ്രസംഗിച്ചു.

പ്രിയ സുഹൃത്തുക്കളേ, ഒരു വാർഷികസന്ദേശം ഞാൻ നിങ്ങൾക്കു നൽകുമെന്നാകും നിങ്ങൾ പ്രതീക്ഷിക്കുന്നത്.

നിങ്ങൾക്കറിയാവുന്നതുപോലെ എനിക്കും എന്റെ ഭാര്യയ്ക്കും കുഞ്ഞുങ്ങൾക്കും ഇത് അഞ്ച് അസാധാരണമാംവിധം സന്തോഷകരവും അത്ഭുതകരവുമായ വർഷങ്ങളായിരുന്നു. എന്റെ രണ്ടു കുഞ്ഞുങ്ങൾ ഇവിടെ ഫിലിപ്സ്ബർഗ്ഗിലാണ് ജനിച്ചത്. വളരെ അടുത്ത കൂട്ടായ്മയുടെ പ്രത്യേകസമയമായി ഈ വർഷങ്ങളെ ഞങ്ങൾ എപ്പോഴും ഓർക്കും."പക്ഷേ, കഴിഞ്ഞ ബുധനാഴ്ച രാത്രി ഒരസാധാരണമായ സംഭവം നടന്നു –അതിനൊരു വിശദീകരണമേ ഉള്ളു."





ഗോതമ്പുപാടത്തുവച്ച് എനിക്കും പാഴ്സനേജിൽ വച്ച് ജെന്നിനും ഉണ്ടായ അനുഭവങ്ങൾ ഞാൻ തുടർന്നു സഭാംഗങ്ങളോടു പങ്കുവച്ചു. ഇതു കർത്താവിന്റെ സ്വരം ആണെന്നും അത് ഞങ്ങൾ അനുസരിക്കേണ്ടതാണെന്നും എനിക്ക് ഒരു സംശയവുമില്ലെന്നും ഞാൻ തുടർന്നു പറഞ്ഞു. എങ്ങോട്ടാണ് പോകുന്നതെന്ന ചോദ്യത്തിന് ഇപ്പോൾ എനിക്കു മറുപടി ഇല്ല. അതു ന്യൂയോർക്കാണെന്നു ഞാൻ സംശയിക്കുന്നു. പക്ഷേ എനിക്കുറപ്പില്ല. രണ്ടായാലും ഫിലിപ്സ്ബർഗ്ഗ് വിട്ട് ഞങ്ങൾ പോകണമെന്നു മാത്രമേ എനിക്കറിയാവൂ. അതു ഉടനെ വേണം. ഒട്ടും താമസിക്കാൻ പാടില്ല.

ആത്മാവിനാൽ നടത്തപ്പെടുന്ന ഒരു ജീവിതം ജീവിക്കുന്നത് എത്ര അത്ഭുതകരമാണ്! അന്ന് ഉച്ചതിരിഞ്ഞ് ഞാൻ പാഴ്സനേജിൽ ചെന്നപ്പോൾ തന്നെ ടെലിഫോൺ ഇടതടവില്ലാതെ അടിക്കാൻ തുടങ്ങി. ഫ്ളോറിഡായിൽ നിന്നായിരുന്നു ആ വിളി. അവിടെനിന്നു വിളിച്ച പാസ്റ്റർ പറഞ്ഞതിന്റെ ചുരുക്കം ഇതാണ്: എനിക്കു ടെലിഫോൺ ചെയ്ത് ഒരുനിര മീറ്റിംഗുകൾ അവിടെ നടത്താനായി ക്ഷണിക്കാനുള്ള ശക്തമായ തോന്നലിനെ ഒഴിവാക്കാൻ നോക്കിയിട്ട് നടക്കുന്നില്ല. അതുകൊണ്ട് മീറ്റിംഗു നടത്താൻ ചെല്ലണം. തുടർന്നു വേറൊരു വിളി വന്നു. പിന്നെ മറ്റൊന്ന്. ആ ദിവസം തീരുന്നതിനു മുൻപ് രാജ്യത്ത് പല സ്ഥലങ്ങളിലായി 12 ആഴ്ച മീറ്റിംഗ് നടത്തുന്നതിനു ബുക്കിംഗ് ആയി. മൂന്നാഴ്ചയ്ക്കുള്ളിൽ ഞങ്ങൾ ഫർണീച്ചറെല്ലാം സൂക്ഷിച്ച ശേഷം പാഴ്സനേജിൽ നിന്ന് എന്റെ ഭാര്യയുടെ മാതാപിതാക്കളുടെ വീടിന്റെ നാലു മുറികളിലേക്കു താമസം മാറ്റി.

എന്നിട്ടു ഞാൻ യാത്രയായി. അടുത്ത വേനലിലും ശീതകാലത്തിന്റെ ചില സമയത്തും രാജ്യത്തിനു നെടുകെയും കുറുകെയുമായി പല നഗരങ്ങളിലും ഗ്രാമങ്ങളിലും ഞാൻ മീറ്റിംഗുകളുടെ തിരക്കിലായിരുന്നു. പുതിയ ഓരോ പട്ടണത്തിലേക്കുമുള്ള ദൂരം അത് ന്യൂയോർക്കിൽ നിന്ന് എത്ര അകലെയാണ് എന്ന നിലയിൽ ഞാൻ കണക്കുകൂട്ടിയത് എന്നെത്തന്നെ നോക്കിച്ചിരിക്കാൻ എന്നെ പ്രേരിപ്പിച്ചു. ന്യൂയോർക്ക് എന്നെ നിരന്തരം വേട്ടയാടുന്നതുപോലെ. ആ വലിയ ആൾത്തിരക്കേറിയ ഉൽക്കണ്ഠാകുലമായ നഗരത്തിനു സമീപത്തേക്ക് എന്നെ കൊണ്ടുപോകുന്ന എല്ലാ പരിപാടികളെയും ഒരു പ്രത്യേകനിലയിൽ ഞാൻ പ്രിയപ്പെടുവാൻ തുടങ്ങിയിരുന്നു.

എന്റെ ഒരു പരിപാടി 1960ലെ ശൈത്യകാലത്തിന്റെ അന്ത്യത്തിൽ എന്നെ ന്യുജേഴ്സിയിലെ ഇർവിംഗ്ടണിൽ എത്തിച്ചു. റജിനാൾഡ് യേക് എന്ന ഒരു പാസ്റ്ററോടൊപ്പമായിരുന്നു അവിടെ എന്റെ താമസം. കണ്ടുമുട്ടുന്ന എല്ലാവരോടും എന്നപോലെ അദ്ദേഹത്തോടും ഞാൻ എന്റെ ന്യൂയോർക്കിലെ അനുഭവങ്ങൾ പങ്കുവെച്ചു. സോഫായിൽ ഒരു മണിക്കൂറോളം ഇരുന്ന് എന്നെ ശ്രദ്ധിച്ചു കേൾക്കുകയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു അദ്ദേഹം.

ഒടുവിൽ അദ്ദേഹം പറഞ്ഞു: "ഡേവ്, ന്യൂയോർക്കിലെ തെരുവുസംഘങ്ങൾക്കിടയിൽ പ്രവർത്തിക്കാൻ സഭകൾക്ക് ഒരു മുഴുസമയപ്രവർത്തകനെ ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നു. ഞാൻ നഗരത്തിലുള്ള ചില സ്നേഹിതരെ ഒന്നു വിളിച്ചുനോക്കട്ടെ."

അദ്ദേഹം വിളിച്ച സ്നേഹിതരിലൊരാൾ പെൻസ്റ്റേഷനു സമീപം മുപ്പത്തിമൂന്നാം തെരുവിൽ 'ഗ്ലാഡ് ടൈഡിംഗ്സ് ടാബർനാക്കിൾ' സഭയുടെ സഹശുശ്രൂഷകനായ സ്റ്റാൻലി ബർഗ് ആയിരുന്നു. ബർഗിന്റെ സഭയുടെ നിലവറയിൽ താത്പര്യമുള്ള ശുശ്രൂഷകന്മാരുടെ ഒരു സമ്മേളനം വിളിച്ചത് അങ്ങനെയാണ്. അതൊരു സാധാരണയോഗമായിരുന്നു. യുവജനങ്ങളെ സംബന്ധിച്ച പ്രശ്നങ്ങ

ളിൽ സഭ കൂടുതൽ താത്പര്യം എടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പൊലീസ്കമ്മീഷനർ കെന്നഡി അയച്ച ഒരു കത്ത് ആരോ ആദ്യമായി വായിച്ചു. പിന്നെ ബർഗ് എഴുന്നേറ്റ് ഞാൻ ആരംഭിച്ച പ്രവർത്തനത്തെ ചുരുക്കമായി പരിചയപ്പെടുത്തി. തുടർന്ന് ഞാൻ എഴുന്നേറ്റ് ഈ പ്രവർത്തനങ്ങൾ ഇനി ഏതു ദിശയിൽ പോകണമെന്നതു സംബന്ധിച്ച് എന്റെ അഭിപ്രായം എല്ലാവരോടും പങ്കിട്ടു.

അങ്ങനെ ഒരു പുതിയ മിനിസ്ട്രി പിറന്നുവീണു. ദൈവസ്നേഹത്തിന്റെ സന്ദേശവുമായി ആൺകുട്ടികളെയും പെൺകുട്ടികളെയും സന്ധിക്കുകയാണ് ഈ ശുശ്രൂഷയുടെ ലക്ഷ്യമെന്നുള്ളതിനാൽ ടീനേജ് ഇവാൻജലിസം എന്നതിനു പേരു നൽകി. ഞാൻ നേരത്തേതന്നെ ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരുന്നതിനാൽ എന്നെ ഈ നവജാതസംഘടനയുടെ ഡയറക്ടറായി തിരഞ്ഞെടുത്തു. ബർഗിന്റെ സഭയിലെ ഒരംഗവും ഒരു പൊലിസ്ക്യാപ്റ്റനുമായ പോൾ ഡൈലിന എന്ന ആളാണ് സെക്രട്ടറി കം ട്രഷറായി തെരഞ്ഞെടുക്കപ്പെട്ടത്. പാവം പോൾ, ഒഴിഞ്ഞുമാറാൻ അദ്ദേഹത്തിന് അവസരം കിട്ടിയില്ല. കാരണം, അദ്ദേഹം ആ യോഗത്തിൽ സംബന്ധിച്ചിരുന്നില്ല.

അടുത്ത പ്രശ്നം പണത്തിന്റേതായിരുന്നു. അതും വളരെ ലളിതമായി കൈകാര്യം ചെയ്തു. ഓഫീസ്,പ്രിന്റിംഗ് ചെലവുകൾ, ശമ്പളം എല്ലാം കൂടി 20,000 ഡോളർ ഏറ്റവും കുറഞ്ഞതു വേണം. അതുകൊണ്ട് വാർഷികബജറ്റ് 20,000 ഡോളർ എന്നു തീരുമാനിച്ചു. വാസ്തവത്തിൽ പണമൊന്നും ഇല്ലാതിരുന്നതുകൊണ്ട് സെക്രട്ടറി കം ട്രഷറാറെ വിളിച്ചു പറയാമെന്നു ചിന്തിച്ച് സ്റ്റാൻലി ബർഗ് അദ്ദേഹത്തിന്റെ നമ്പർ തപ്പിയെടുത്ത് തിരഞ്ഞെടുപ്പിൽ അദ്ദേഹംനേടിയ വിജയം പ്രാരംഭമായി ഗംഭീരമായി അവതരിപ്പിച്ചു..

"പോൾ ഒരു സന്തോഷവാർത്തയുണ്ട്. ടീനേജ് ഇവാൻജലിസത്തിന്റെ ട്രഷറാറായി താങ്കൾ ഇപ്പോൾ തിരഞ്ഞെടുക്കപ്പെട്ടു. യുവാക്കളെ നേടാനുള്ള ഈ യുദ്ധത്തിൽ ഡേവിഡ് വിൽക്കേഴ്സൺ ആയിരിക്കും നിങ്ങളുടെ ഡയറക്ടർ. ആദ്യവർഷത്തേക്ക് 20,000 ഡോളറിന്റെ ബജറ്റാണ് നിങ്ങൾക്കുള്ളതെന്ന് കേൾക്കുന്നതിൽ താങ്കൾ സന്തുഷ്ടനായിരിക്കുമല്ലോ."

ക്യാപ്റ്റൻ ഡൈലിനയുടെ മറുപടി:"ആരാണ് ഈ ഡേവിഡ് വിൽക്കേഴ്സൺ? ആരുടെ കൈയിലാണ് ബുക്കുകൾ? പണം എവിടെയുണ്ട്?"

"പോൾ" പാസ്റ്റർ ബർഗ് നിർത്തി നിർത്തി പറഞ്ഞു: "നമുക്ക് ബുക്കൊന്നുമില്ല. പണമൊന്നും നമ്മുടെ കൈവശം ഇതുവരെ ഇല്ല. ഡേവിഡ് വിൽക്കേഴ്സൺ എന്നു പറഞ്ഞാൽ പെൻസിൽവാനിയ മലനിരകളിൽ നിന്നു വരുന്ന എന്നാൽ ന്യൂയോർക്കാണ് തന്റെ സ്ഥലമെന്നു കരുതുന്ന ഒരു ഉപദേശിയാണ്."

പോൾ പൊട്ടിച്ചിരിച്ചു: "നിങ്ങൾ ഒന്നും അറിഞ്ഞുകൂടാത്ത ഒരു പച്ചപ്പരമാർത്ഥിയെപ്പോലെയാണല്ലോ സംസാരിക്കുന്നത്.."

"ഞങ്ങൾ പച്ചപ്പരമാർത്ഥികളാണ് പോളേ, ഗോലിയാത്തിനു മുൻപിൽ ഒരു കല്ലും കവിണയും.....പിന്നെ ദൈവം തന്റെ പക്ഷത്താണെന്ന ഉറപ്പുമായിനിന്ന ദാവീദിനെപ്പോലെ പച്ചപ്പരമാർത്ഥി." പാസ്റ്റർ ബെർഗിന്റെ മറുപടി

.(തുടരും)

[THE CROSS AND THE SWITCHBLADE,copyright c 1963. Orginally published in English under the titleTHE CROSS AND THE SWITCHBLADE by David Wilkerson with John and Elizabeth Sherrill, published by Chosen Books LLC,Chappaqua,New York, USA. All rights reserved.]



# TheWonders of the Human Body-IX

*"I will praise you, for I am fearfully and wonderfully made. Marvelous are your works. And that my soul knows very well"* (Psalms. 139:14)

American bible scholar Robert Dick Wilson learned 45 ancient languages and dialects. A group of Jewish memory experts memorised the 12 large volumes of the Babilonian Talmud.

## Memory

Arturo Toscanini was reputedly able to study a symphony score and file it away in his memory, perfect to the last note.

In Rome, Wolfgang Amadeus Mozart heard the Sistine Choir in the famous *Miserere* by Gregorio Allegri. This music was considered the private possession of the choir, and was not available for public distribution. After listening to it, Mozart copied it out *from memory*.

In 1858, Paul Morphy played eight games of chess simultaneously *while blindfolded!* His opponents were eight of best players in Paris.As they called out their moves, he remembered the positions and dictated the replies. Any one who can play one game without seeing the board is remarkable. Here was a person who played eight at once. No wonder he was called the Mozart of chess!

## ടെലിസ്കോപ്പ്




കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നത് താത്ക്കാലികം, കാണാത്തതോ നിത്യം.

(2കൊരി.4:18)

JEEVA MOZHIKAL RNI/KERBIL/-2003/21404
September 2009 www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

# നിന്നെത്തന്നെ നൽകുക

ധനികയായ ഒരു വിധവയ്ക്ക് രോഗിണിയായ ഒരു മകളുണ്ടായിരുന്നു. തനിക്കു സുഖവാസസ്ഥലങ്ങളിലും ക്ലബ്ബുകളിലും ഒക്കെ പോകാനുള്ളതു കൊണ്ട് അവർ മകളെ പരിചരിക്കാനായി ഒരു വേലക്കാരിയെ നിർത്തി.

അങ്ങനെയിരിക്കെ അവർക്ക് വിദേശത്ത് ഉല്ലാസയാത്രയ്ക്കു പോകാൻ ഒരവസരം ലഭിച്ചു. താൻ ചെല്ലുന്ന രാജ്യങ്ങളിൽ നിന്നെല്ലാം മകൾക്ക് സമ്മാനങ്ങൾ അയച്ചുതരാം എന്ന് മകളെ ആശ്വസിപ്പിച്ചിട്ട് ആ അമ്മ മാസങ്ങൾ നീണ്ടു നിൽക്കുന്ന യാത്രയ്ക്കായി പുറപ്പെട്ടു. വാക്കു പാലിക്കാനായി അവർ ചെന്ന സ്ഥലത്തുനിന്നെല്ലാം സമ്മാനങ്ങൾ വാങ്ങി മകൾക്ക് പാഴ്സലായി അയച്ചുകൊടുത്തു. വേലക്കാരി ആ സമ്മാനങ്ങളുമായി സന്തോഷത്തോടെ മകളുടെ അടുത്തെത്തി. "നോക്കൂ, അമ്മ എത്രനല്ല സമ്മാനങ്ങളാണ് അയച്ചിരിക്കുന്നത്!" പക്ഷേ മകൾ അതിൽ ഒരു താത്പര്യവും കാണിക്കാതെ തല തിരിച്ചുകളഞ്ഞു. വേലക്കാരി കുട്ടിയെ സന്തോഷിപ്പിക്കാൻ പിന്നെയും പറഞ്ഞു:"നിന്നെ എത്രമാത്രം സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന അമ്മയാണ്! കണ്ടോ ഈ സമ്മാനങ്ങൾ !എത്ര വിലപിടിപ്പുള്ളവ."

കുട്ടി അതു കേട്ടു പൊട്ടിക്കരഞ്ഞു. വേലക്കാരി അവളെ ചേർത്തു പിടിച്ച് ആശ്വസിപ്പിക്കാൻശ്രമിച്ചു. ഏങ്ങിക്കരഞ്ഞുകൊണ്ട് കുട്ടി അപ്പോൾ ഇങ്ങനെ പറഞ്ഞു:"ഈ സമ്മാനങ്ങളെക്കാൾ എനിക്കെന്റെ അമ്മയെയാണ് ആവശ്യം. അമ്മ എന്റെ അടുത്തു വന്നിരിക്കണം. ഈ സമ്മാനങ്ങളെല്ലാം എടുത്തുകൊണ്ടുപൊയ്ക്കോ."

തന്റെ മകൾ ശയ്യാവലംബിയായി കിടക്കുമ്പോൾ തന്റെ സുഖങ്ങൾ ത്യജിക്കാൻ തയ്യാറാകാത്ത ആ അമ്മയുടെ ബാഹ്യസ്നേഹപ്രകടനങ്ങളായിരുന്നില്ല മറിച്ച് അമ്മയുടെ സാന്നിദ്ധ്യവും യഥാർത്ഥസ്നേഹവുമാണ് ആ കുഞ്ഞ് ആഗ്രഹിച്ചത്! പല ക്രിസ്ത്യാനികൾക്കും തങ്ങളുടെ കർത്താവിനോട് ഈ നിലയിൽ ബാഹ്യമായ സ്നേഹമാണുള്ളത്. വല്ലപ്പോഴും മീറ്റിംഗുകളിൽ പങ്കെടുക്കുന്നതോ സ്തോത്രകാഴ്ചപ്പാത്രത്തിൽ പണം നിക്ഷേപിക്കുന്നതോ ഒക്കെ ദൈവത്തോടുള്ള തങ്ങളുടെ സ്നേഹത്തിന്റെ അടയാളമായി സ്വീകരിച്ചുകൊണ്ട് കർത്താവ് തൃപ്തിപ്പെട്ടുകൊള്ളുമെന്നാണ് അവരുടെ മനോഭാവം.

എന്നാൽ ഓർക്കുക: നിന്റെ സംഭാവനകളല്ല ദൈവത്തിനു വേണ്ടത്, മറിച്ച് നിന്നെത്തന്നെയാണ്.

(മത്താ.22:37; 2 കൊരി.8:15; റോമ.6:13)

Printed, Published and owned by T. Ipe. Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam, Tel: 2569847. Editor-Geoji. T. Samuel.